# ഉള്ളടക്കം


**ചെയർമാന്റെ സന്ദേശം** 04

**നാളികേര കൃഷിവികസനത്തെ ഗൗരവത്തോടെ കാണണം : കേന്ദ്ര മന്ത്രി: ശ്രീ. രാധാമോഹൻ സിങ്**
സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി 05

**നക്സലിസം അവസാനിപ്പിക്കാൻ നാളികേരത്തിനു സാധിക്കും: മന്ത്രി ശ്രീ. ബ്രിജ്മോഹൻ അഗർവാൾ**
സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി 08

**സംസ്ഥാനങ്ങളിൽ ലോക നാളികേര ദിനാചരണം**
സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി 15

**കാർഷിക മേഖലയിൽ ഊന്നി നവകേരള സൃഷ്ടി**
ആർ. ഹേലി 17

**വെളിച്ചെണ്ണ - ഭക്ഷണമാണ്, ഔഷധവും**
ഡോ സി മോഹൻകുമാർ 20

**ഒരു കരീബിയൻ നാളികേര ബ്ലോഗ്**
ഡോ. ബി. ശശികുമാർ 22

**തെങ്ങിൻ തോപ്പിൽ ഇടവിളയായി പ്രഗതി മഞ്ഞൾ**
ഡോ. പി. എസ്. മനോജ്, ഡോ. പി. രാധാകൃഷ്ണൻ 25

**കുരുത്തോലപ്പന്തൽ** 28

**വാർത്തകൾ** 31

**ഒക്ടോബറിലെ വിള പരിചരണ മുറകൾ**
ഡോ. സി. തമ്പാൻ, ഡോ. പി. സുബ്രഹ്മണ്യം 33

**കമ്പോളം** 35

**കേരപാചകം** 38




# ചെയർമാന്റെ സന്ദേശം



കേരളത്തിലെ കാർഷിക മേഖല ഇന്ന് ഒരു വലിയ പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണ്.

പ്രളയജലത്തിൽ മുങ്ങിനിവർന്ന കാർഷിക കേരളത്തിന് ഇത് അതിജീവനത്തിന്റെ നാളുകൾ. മഴയെ ഏറെ സ്നേഹിക്കുന്ന മലയാളികളെ ഇക്കുറി മഴ തെല്ലൊന്നുമല്ല ഭയപ്പെടുത്തിയത്. മലകൾ പിളർന്ന് ആർത്തലച്ചു വന്ന പെരുവെള്ളം കേരളത്തെ കഴുത്തറ്റം മുക്കി കളഞ്ഞു. കാർഷിക മേഖല അപ്പാടെ മഴക്കെടുതിയിലമർന്നു. കുട്ടനാട്ടിലും മലയോര മേഖലയിലും മഴക്കെടുതികൾ പുതുമയൊന്നുമല്ല. പക്ഷെ അത്തരമൊരു പ്രളയദുരന്തത്തിനല്ല 2018 ഓഗസ്റ്റിലെ മധ്യദിനങ്ങളിൽ സംസ്ഥാനം സാക്ഷിയായത്. പെയ്തിറങ്ങിയത് 237.87 സെന്റിമീറ്റർ മഴ. അതായത് പതിവു മഴയുടെ 164 ശതമാനം.

നമ്മുടെ തലമുറ ഇന്നോളം കാണാത്ത മഹാപ്രളയമായിരുന്നു അത്. അതിന്റെ മുറിവുകൾ ഏറ്റുവാങ്ങിയ ലക്ഷക്കണക്കിനു കർഷകരുടെ വേദനയിലും നഷ്ടങ്ങളിലും നാളികേര വികസന ബോർഡ് പങ്കു ചേരുന്നു. വയനാട്, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട മേഖലകളിലെ ആയിരക്കണക്കിനു കർഷക ഭവനങ്ങളെ ജലം വിഴുങ്ങി. റോഡുകളും പാലങ്ങളും ഒലിച്ചു പോയി. ഹെക്ടർ കണക്കിനു കൃഷിഭൂമി വീണ്ടെടുക്കാനാവാത്ത വിധം താറുമാറായി. വളക്കൂറുള്ള മേൽമണ്ണ് പ്രളയജലം കവർന്നു. പ്രധാന നാണ്യ വിളകൾ ഭൂരിഭാഗവും നശിച്ചു. ജീവനും ഉടുതുണിയും മാത്രമായി അനേകായിരം കർഷകർ നിരാലംബരായി.

പ്രളയമിറങ്ങി ജീവിതം മെല്ലെ തീരമണയുമ്പോൾ ഓരോരുത്തരും നഷ്ടങ്ങളുടെ കണക്കെടുപ്പിലാണ്. ഔദ്യോഗികമായി രേഖപ്പെടുത്തിയ കണക്കുകൾ പുറത്തു വന്നിട്ടുണ്ട്. അതു നമ്മുടെ എല്ലാ ധാരണകളെയും കടപുഴക്കിക്കളഞ്ഞു. കൃഷിനാശം മാത്രം 20000 കോടി. 322 പേർ മരിച്ചു. ഇടുക്കിയിൽ മാത്രം 278 ഉരുൾ പൊട്ടി.

പെരുമഴയുടെ സംഹാരത്തിലും പിടിച്ചു നിൽക്കാൻ തെങ്ങിനു സാധിച്ചു എന്നത് വലിയ അനുഗ്രഹമായി കരുതാം. ചെറിയ തെങ്ങിൻ തൈകൾ നശിച്ചെങ്കിലും വളർച്ചയെത്തിയ ഭൂരിഭാഗം തെങ്ങുകളും പ്രളയത്തെ അതിജീവിച്ചു. വെള്ളക്കെട്ടും അതിവൃഷ്ടിയും മൂലം കുറെ തെങ്ങുകൾ കൂമ്പുചീയൽ പോലുള്ള രോഗങ്ങളുടെ പിടിയിൽ അമർന്നിട്ടുണ്ട്. അവയുടെ പരിപാലനം അതിപ്രധാനമാണ്.

വളക്കൂറുള്ള മേൽമണ്ണ് പ്രളയബാധിത മേഖലകളിലെല്ലാം തന്നെ നാമാവശേഷമായിട്ടുണ്ട്. മണ്ണിന്റെ ഫലപുഷ്ടി പാടെ നഷ്ടമായി എന്നു മാത്രമല്ല, കർഷക സുഹൃത്തുക്കളായ മണ്ണിരകളും ചത്തൊടുങ്ങി. രാസവസ്തുക്കളുടെ അതിപ്രസരം മണ്ണിന്റെ ഗുണമേന്മ നഷ്ടപ്പെടുത്തുകയും ചെയ്തു. മണ്ണിനെ പുനരുജ്ജീവിപ്പിക്കുന്നതിന് ഇനി ജൈവരീതിയിലുള്ള കാർഷിക വൃത്തി അവലംബിക്കുകയാണ് അഭികാമ്യം.

ഇതിനും പുറമെയാണ് ഇക്കുറി വരൾച്ചയ്ക്കു സാധ്യതയുണ്ട് എന്ന കാലാവസ്ഥാ മുന്നറിയിപ്പ്. 2016 ലെ എൽ നിനോ പ്രതിഭാസത്തെ തുടർന്നുണ്ടായ രൂക്ഷമായ വരൾച്ച 2018 ലും ആവർത്തിക്കാൻ സാധ്യത ഉള്ളതിനാൽ നമ്മുടെ തെങ്ങിൻ തോപ്പുകളിൽ തുലാമഴയുടെ വെള്ളം സംഭരിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. നദികളിലെ മണൽ നഷ്ടപ്പെട്ട് അവയുടെ ആഴം കൂടിയപ്പോൾ കിണറുകളിലെ വെള്ളത്തിന്റെ അളവും കുറഞ്ഞു. അതുകൊണ്ട് എല്ലാ തെങ്ങിൻ തോപ്പുകളിലും മഴവെള്ള സംഭരണികൾ നിർമ്മിക്കേണ്ടത് അനിവാര്യമാണ്. ഇതിലൂടെ ഭൂഗർഭ ജലത്തിന്റെ അളവ് ഉയർത്താനാവും.

നമുക്കു മുന്നേറണം. മനുഷ്യ ചരിത്രം നഷ്ടപ്പെടലുകളുടെയും തിരിച്ചുപിടിക്കലുകളുടെയും നാൾവഴിയാണ്. കാർഷിക സമ്പത്തിന്റെ തകർച്ചയിൽനിന്നു പെട്ടെന്നുള്ള ഒരു ഉയിർത്തെഴുന്നേൽപ്പ് ദുഷ്കരമാണ് എങ്കിലും, ഇപ്പോൾ മുന്നിലുള്ളത് പുനരധിവാസം എന്ന വൻ വെല്ലുവിളിയാണ്. ഒപ്പം ഈ മേഖലയുടെ അതിജീവനത്തിനുള്ള കർമ്മ പദ്ധതികളും. കാർഷിക കേരളത്തിന്റെ അതിജീവന പാതയിൽ നാളികേര വികസന ബോർഡ് ഒപ്പമുണ്ട് എന്ന് വാഗ്ദാനം ചെയ്തുകൊണ്ട്,

ആശംസകളോടെ,

ഡോ. രാജു നാരായണ സ്വാമി ഐ.എ.എസ്
ചെയർമാൻ





# നാളികേര കൃഷിവികസനത്തെ ഗൗരവത്തോടെ കാണണം

## കേന്ദ്ര മന്ത്രി: ശ്രീ. രാധാമോഹൻ സിങ്

**റായ്പ്പൂരിലെ ഇന്ദിരാഗാന്ധി കൃഷി വിശ്വ വിദ്യാലയത്തിൽ നടന്ന 20–ാമത് ലോക നാളികേര ദിനാഘോഷത്തോടനുബന്ധിച്ച് ബഹുമാന്യനായ കേന്ദ്ര കൃഷി കർഷക ക്ഷേമ വകുപ്പു മന്ത്രി നല്കിയ സന്ദേശം**

നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ റായ്പ്പൂരിലെ ഇന്ദിരാഗാന്ധി കൃഷി വിശ്വ വിദ്യാലയത്തിൽ 20-ാമതു ലോക നാളികേര ദിനാഘോഷം നടക്കുകയാണല്ലോ. ഏഷ്യൻ പസഫിക്ക് നാളികേര സമൂഹത്തിന്റെ സ്ഥാപക ദിനമായ സെപ്റ്റംബർ 2, എല്ലാ വർഷവും ലോക നാളികേര ദിനമായി ആചരിക്കുന്നു. സാമ്പത്തിക വികസനം ലക്ഷ്യമാക്കി ഏഷ്യൻ പസഫിക്ക് മേഖലയിലെ നാളികേര വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ചിട്ടപ്പെടുത്തുന്നതിനും 18 രാജ്യങ്ങൾ ചേർന്നു രൂപീകരിച്ചിട്ടുള്ള അന്താരാഷ്ട്ര സംഘടനയാണ് എപിസിസി. ഈ സംഘടനയുടെ സ്ഥാപകാംഗമാണ് ഇന്ത്യ. രാജ്യത്ത് നാളികേരം കൃഷി ചെയ്യുന്ന വിവിധ സംസ്ഥാനങ്ങളിൽ നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും ലോക നാളികേര ദിനം ആചരിച്ചുവരുന്നു. നാളികേരം ആരോഗ്യത്തിനും സമ്പത്തിനും ക്ഷേമത്തിനും എന്നതാണ് ഈ വർഷം ലോകനാളികേര ദിനത്തിന്റെ പ്രമേയമായി എപിസിസി പ്രഖ്യാപിച്ചിരിക്കുന്നത്.

ലോകത്തിലെ 90 ലധികം രാജ്യങ്ങളുടെ സാമൂഹിക സാമ്പത്തിക സുസ്ഥിതിയിൽ നാളികേരം സുപ്രധാന പങ്കു വഹിക്കുന്നു. നാളികേരം ഒരു നിസാര വിളയല്ല എന്നതാണ് ഇതു സൂചിപ്പിക്കുന്നത്. അതിനാൽ നാളികേര കൃഷിയുടെ വികസനവും പുരോഗതിയും വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. അതുപോലെ തന്നെയാണ് ആ മേഖലയുടെ പ്രശ്നങ്ങളും. ലോകത്തിലെ മിക്ക നാളികേര ഉത്പാദക രാജ്യങ്ങളിലെയും



*ഉദ്ഘാടനം: ശ്രീ.ബ്രിജ്മോഹൻ അഗർവാൾ*




*അദ്ധ്യക്ഷ വേദി*

പോലെ ഇന്ത്യയിലും തെങ്ങ് ചെറുകിട പരിമിത കൃഷിക്കാരുടെ വിളയാണ്. ഇന്ന് തെങ്ങ്, രാജ്യത്തെ 12 ദശലക്ഷം കുടുംബങ്ങളുടെ ഉപജീവനമാണ് . ഇവരിൽ തന്നെ ഭൂരിഭാഗവും ഗ്രാമങ്ങളിലാണ്. രാജ്യത്തിന്റെ ദേശീയ സമ്പദ് വ്യവസ്ഥയിൽ തെങ്ങിനും തേങ്ങയ്ക്കും ശക്തമായ സ്വാധീനമുണ്ട്. മൊത്ത ആഭ്യന്തര ഉത്പാദനത്തിലും സസ്യ എണ്ണ ശേഖരണത്തിലും അതിന്റെ സംഭാവന നിർണായകം തന്നെ. ഭക്ഷണം, പാനീയം, ഔഷധം എന്നിവ കൂടാതെ മനുഷ്യ ജീവിതത്തിന് ആവശ്യമായ നിരവധി സാമഗ്രികൾ ലഭ്യമാക്കി നാലു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ജനങ്ങൾക്ക് തെങ്ങ് ഉപജീവനസുരക്ഷിതത്വം നല്കുന്നു.

നാളികേര ഉത്പാദനത്തിൽ ലോകത്തിൽ ഒന്നാം സ്ഥാനം ഇന്ത്യയ്ക്കാണ്. ലോകത്തിലെ ഇതര നാളികേര ഉത്പാദക രാജ്യങ്ങളുടെ നിരയിൽ ഉത്പാദന ക്ഷമതയിൽ രണ്ടാമതും കൃഷി വിസ്തൃതിയിൽ മൂന്നാമതുമാണ് രാജ്യത്തിന്റെ സ്ഥാനം. 2017 –18 ലെ സ്ഥിതിവിവര കണക്കുകൾ പ്രകാരം ഇന്ത്യയിൽ 20.98 ലക്ഷം ഹെക്ടറിൽ നാളികേര കൃഷിയുണ്ട്. പ്രതിവർഷ ഉത്പാദനം 2437.81 കോടി നാളികേരവും. ഉത്പാദന ക്ഷമത ഹെക്ടറിന് 11616 നാളികേരം. കേരളം, കർണാടകം, തമിഴ്നാട്, ആന്ധ്ര പ്രദേശ് എന്നീ നാലു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലാണ് കൃഷിയുടെ 90 ശതമാനവും നടക്കുന്നത്. കിഴക്കൻ മേഖലയിൽ ഒഡിഷ, ബംഗാൾ, ബിഹാർ, ഛത്തിസ്ഗഡ് എന്നീ സംസ്ഥാനങ്ങളും മുന്നിൽ നില്ക്കുന്നു.നിലവിൽ ഛത്തിസ്ഗഡിൽ 1270 ഹെക്ടറിലാണ് നാളികേരം കൃഷി ചെയ്യുന്നത്. ഉത്പാദനം 1.02 കോടി നാളികേരം. ഉത്പാദന ക്ഷമത ഹെക്ടറിന് 7992 നാളികേരവും. ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ ഇതു വളരെ കുറവാണ്. സംസ്ഥാനത്ത് സുഖ്മ, ദന്തേവാഡ, ബിജാപ്പൂർ, ബസ്തർ, കൊണ്ടഗവോൺ, നാരായൺപൂർ, ദുർഗ, കങ്കർ, ധംതാരി, റായ്പ്പൂർ തുടങ്ങിയ ജില്ലകളിലാണ് നാളികേരം കൃഷി ചെയ്യുന്നത്. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന നാളികേരമത്രയും മതപരമായ ചടങ്ങുകൾക്കും ആഭ്യന്തര ഉപയോഗത്തിനുമാണ് ചെലവഴിക്കുന്നത്.

ഉത്പാദനത്തിലും ഉത്പാദന ക്ഷമതയിലും ഇന്ത്യ മുന്നിലാണെങ്കിലും നാളികേര സംസ്കരണത്തിലും ഉത്പ്പന്ന വികസനത്തിലും കഴിഞ്ഞ രണ്ടു പതിറ്റാണ്ടു വരെ രാജ്യം വളരെ പിന്നിലായിരുന്നു. പക്ഷെ, ഇപ്പോൾ സ്ഥിതിഗതികൾ മെച്ചപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും മറ്റു മുഖ്യ രാജ്യങ്ങൾക്കൊപ്പമെത്താൻ ഇനിയും വളരെ ദൂരം നമുക്കു മുന്നേറാനുണ്ട്. ഇന്ത്യയിൽ നാളികേരാധിഷ്ഠിത വ്യവസായങ്ങളുടെ സംഖ്യ ഉയരുന്നുണ്ട്. ഇവ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും പുതിയ ഉത്പ്പന്നങ്ങൾ വിപണിയിലെത്തിക്കുകയും ചെയ്യുന്നു. പ്രതിവർഷം 2738.38 ദശലക്ഷം നാളികേരം സംസ്കരിക്കാൻ ശേഷിയുള്ള 480 യൂണിറ്റുകളാണ് ഇന്നു രാജ്യത്തു പ്രവർത്തിക്കുന്നത്. നാളികേരവികസന ബോർഡ് ആവിഷ്കരിച്ചു നടപ്പാക്കിയിരിക്കുന്ന നാളികേര ടെക്നോളജി മിഷന്റെ നേട്ടമാണ് ഇത്.

ഈ അവസരത്തിൽ നാളികേര വികസന ബോർഡിന്റെ നൂതന സംരംഭമായ ത്രിതല കർഷക ഉത്പാദക കൂട്ടായ്മയെ കൂടി പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. രാജ്യത്തെ ഒൻപതു നാളികേര ഉത്പാദക സംസ്ഥാനങ്ങളിലായി ഇന്ന് ചെറുകിട നാമമാത്ര നാളികേര കൃഷിക്കാരുടെ ഈ കൂട്ടായ്മ 9633 സംഘങ്ങളും 740 ഫെഡറേഷനുകളും 67 നാളികേര ഉത്പാദക കമ്പനികളുമായി വളർന്ന് പടർന്ന് പന്തലിച്ചിരിക്കുന്നു. കായ്ഫലമുള്ള 120 ദശലക്ഷം തെങ്ങുകളുടെ ഉടമകളായ 10 ലക്ഷം കൃഷിക്കാരാണ് അംഗങ്ങൾ. ബോർഡിന്റെ ശ്ലാഘനീയമായ മറ്റൊരു സംരംഭം നാളികേര നൈപുണ്യ വികസന മേഖലയിലാണ്. തെങ്ങിന്റെ ചങ്ങാതിക്കൂട്ടം, നീര ടെക്നീഷ്യൻ എന്നീ പദ്ധതികളിലൂടെ നാളികേര വികസന ബർഡ് 60998 യുവാക്കൾക്ക് തെങ്ങുകയറാനുള്ള പരിശീലനവും 2637 പേർക്ക് നീര ടാപ്പിംങ് പരിശീലനവും നല്കി തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. സംസ്ഥാന കാർഷിക സർവകലാശാല, സംസ്ഥാന ഹോർട്ടിക്കൾച്ചർ വകുപ്പ് എന്നിവ കൂടാതെ ശ്രീരാമകൃഷ്ണ മഠം പോലുള്ള പ്രശസ്ത സ്ഥാപനങ്ങൾ വഴിയാണ് ഛത്തിസ്ഗഡിൽ ഈ പദ്ധതികൾ നടപ്പാക്കി വരുന്നത്. ഇതിനോടകം 400 പേർ ചങ്ങാതിക്കൂട്ടം പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്.

അടുത്ത കാലത്തായി നാളികേര കയറ്റുമതി രംഗത്ത് സംജാതമായിരിക്കുന്ന നവതരംഗം എന്നെ ആഹ്ലാദവാനാക്കുന്നു. 2009 ഏപ്രിൽ 1 ന് ഇന്ത്യ ഗവൺമെന്റിന്റെ വാണിജ്യ വകുപ്പും, വാണിജ്യ വ്യവസായ മന്ത്രാലയവും ചേർന്ന് നാളികേര വികസന ബോർഡിനെ കയർ ഒഴികെയുള്ള മുഴുവൻ നാളികേര ഉത്പ്പന്നങ്ങളുടെയും എക്സ്പോർട്ട് പ്രമോഷൻ കൗൺസിലായി വിജ്ഞാപനം ചെയ്തു. ഈ വിജ്ഞാപന പ്രകാരം തേങ്ങാ

വെള്ളം അധിഷ്ഠിത ഉത്പ്പന്നങ്ങൾ, അസംസ്കൃത നാളികേരം, വെളിച്ചെണ്ണ, കൊട്ടത്തേങ്ങ, കൊപ്ര, ഉണ്ടകൊപ്ര, ഔഷധ വെളിച്ചെണ്ണ, ഹെയർ ഓയിൽ, മസാജ് ഓയിൽ, വെർജിൻ വെളിച്ചെണ്ണ, നാളികേരാധിഷ്ഠിത ഭക്ഷണങ്ങൾ, ചിരട്ട, ചിരട്ട പൊടി, ചിരട്ടക്കരി, ഉത്തേജിത കരി, ചിരട്ട ബട്ടൺസ്, ചിരട്ട നിർമ്മിത കരകൗശല ഉത്പ്പന്നങ്ങൾ, തെങ്ങിൻ തടി ഉപകരണങ്ങൾ എന്നിവയെല്ലാം നാളികേര വികസന ബോർഡിന്റെ അധികാര പരിധിയിൽ വരുന്നു.

കയറ്റുമതി രജിസ്ട്രേഷൻ - അംഗത്വ സർട്ടിഫിക്കറ്റുകളുടെ വിതരണം, അന്താരാഷ്ട്ര വിപണന മേളകളിൽ പങ്കാളിത്ത സൗകര്യം, കയറ്റുമതിക്കാർക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ വിപണി പ്രവണതകളുടെയും സാധ്യതകളുടെയും അപഗ്രഥനം, കയറ്റുമതി മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് കയറ്റുമതി വർധിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും സഹായകരമായ വ്യാവസായിക വിവരങ്ങളും പിന്തുണയും ലഭ്യമാക്കൽ, സാങ്കേതിക വിദ്യ നിലവാരം, രൂപകല്പന എന്നിവയുടെ നവീകരണം, ഉത്പ്പന്ന വികസനം, പായ്ക്കിംങ് തുടങ്ങിയവയ്ക്ക് ഉപദേശം, രാജ്യത്തിന്റെ കയറ്റുമതി ഇറക്കുമതി മേഖലയുടെ വിവരങ്ങൾ ലഭ്യമാക്കൽ, സെമിനാറുകൾ, ക്രയ - വിക്രയ സംഗമങ്ങൾ, സമ്മേളനങ്ങൾ സംഘടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും എക്സ്പോർട്ട് പ്രമോഷൻ കൗൺസിലിന്റെ സേവനങ്ങളിൽ ഉൾപ്പെടുന്നു. രാജ്യത്ത് നിലവിൽ 3483 രജിസ്റ്റേർഡ് കയറ്റുമതി സംരംഭകർ നാളികേര വികസന ബോർഡുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. 2009 - 2010 കാലഘട്ടത്തിൽ 432.38 കോടി രൂപയുടെ മൂല്യമുള്ള നാളികേര ഉത്പ്പന്നങ്ങളാണ് ഇന്ത്യ കയറ്റുമതി ചെയ്തത്. 2017 -18 ൽ ഇത് 1764.30 കോടി രൂപയുടെ ഉത്പ്പന്നങ്ങളായി ഉയർന്നു.

ഏകീകൃത മധ്യപ്രദേശിൽ 1985- 86 മുതൽ ബോർഡ് നാളികേര കൃഷി വ്യാപനത്തിനായി വിവിധ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. കഴിഞ്ഞ ഒരു ദശകമായി കൃഷിക്കാരെ സംഘടിപ്പിച്ച് കർഷക ഉത്പാദക സംഘങ്ങൾക്കു കീഴിൽ കൊണ്ടു വരികയാണ്. കാർഷികോത്പ്പന്നങ്ങളുടെ ഏകീകരണം, പ്രാഥമിക തലത്തിലുള്ള സംസ്കരണം, ഉത്പാദന മികവ് ലക്ഷ്യമാക്കി ശാസത്രീയ പരിപാലന മുറകൾ, ചെറുകിട പരിമിത കൃഷിക്കാരുടെ വരുമാന വർധനവിനായി ഭക്ഷ്യ ഭക്ഷ്യേതര ഉത്പ്പന്നങ്ങളുടെ ഫലപ്രദമായ ഉപയോഗം തുടങ്ങിയവയാണ് ഇതിന്റെ ലക്ഷ്യം.

കൊണ്ടഗവോണിൽ സ്ഥിതിചെയ്യുന്ന വിത്തുത്പാദന പ്രദർശന തോട്ടവുമായി ചേർന്ന് ബോർഡിന്റെ പദ്ധതികളും ഇതര പ്രവർത്തനങ്ങളും സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംസ്ഥാന ഹോർട്ടിക്കൾച്ചർ വകുപ്പ്, മറ്റ് വകുപ്പുകൾ, പ്രശസ്ത സ്ഥാപനങ്ങൾ, കൃഷിക്കാർ തുടങ്ങിയവരാണ്. സംസ്ഥാനത്തെ നാളികേര കൃഷിയുടെയും വ്യവസായത്തിന്റെയും വികസനത്തനായി 2000-2001 മുതൽ ബോർഡ് 3.25 കോടിയിലധികം രൂപ ചെലവഴിച്ചിട്ടുണ്ട്. പരസ്യം, വിജ്ഞാനവ്യാപനം, നൈപുണ്യവികസനം, വിപണി പ്രോത്സാഹനം എന്നിവയ്ക്കു പുറമെ വിവിധ നാളികേര വികസന പരിപാടികൾക്കായി 62.75 ലക്ഷം രൂപ 2018 -19 ൽ ചെലവഴിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ നഴ്സറി, തൈ ഉത്പാദനം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ 15 വർഷം കൊണ്ട് ബോർഡ് ഏകദേശം 800 ഹെക്ടർ സ്ഥലത്ത് 45.01 ലക്ഷം രൂപയുടെ ധനസഹായം ലഭ്യമാക്കി. മികച്ച ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കി നാളികേരത്തിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും ഉയർത്തുക എന്നതാണ് ബോർഡിന്റെ ഇപ്പോഴത്തെ മുഖ്യ പ്രവർത്തനം. ഛത്തിസ്ഗഡിനു യോജിച്ച ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കാനും സംസ്ഥാനത്തെ ഗുണഭോക്താക്കൾക്കിടയിൽ ഉത്പാദന സംസ്കരണ സാങ്കേതിക വിദ്യ പ്രദർശിപ്പിച്ച് ശാസ്ത്രീയ നാളികേര കൃഷി പ്രചരിപ്പിക്കാനുമാണ് 1988 ൽ തന്നെ നാളികേര വികസന ബോർഡ് കൊണ്ടഗവോണിൽ 40 ഹെക്ടർ സ്ഥലത്ത് വിത്തുത്പാദന പ്രദർശന തോട്ടം സ്ഥാപിച്ചത്. സംസ്ഥാനത്തെ നാളികേര കൃഷിക്കാർക്കു വേണ്ടി ഒരുലക്ഷം തെങ്ങിൻ തൈകൾ ഇപ്പോൾ വർഷം തോറും ഇവിടെ ഉത്പാദിപ്പിച്ചു വരുന്നു. വിവിധ ഇനങ്ങളിലായി തോട്ടത്തിൽ ഇപ്പോൾ 5906 മാതൃവൃക്ഷങ്ങൾ ഉണ്ട്. ഉത്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനു സംയോജിത കൃഷി പദ്ധതി യുടെ കീഴിൽ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ 50 പ്രദർശന തോട്ടങ്ങൾ ഇതുവരെ വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ 11.94 ലക്ഷം രൂപ ചെലവിട്ട് 60 ജൈവ വള നിർമ്മാണ യൂണിറ്റുകളും കഴിഞ്ഞ 15 വർഷത്തിനുള്ളിൽ സംസ്ഥാനത്തു സ്ഥാപിക്കുകയുണ്ടായി.



*സ്വാഗതം: ഡോ. രാജു നാരായണ സ്വാമി ഐ.എ.എസ്*

കൃഷിക്കാർ, സംരംഭകർ, മറ്റ് ഗുണഭോക്താക്കൾ എന്നിവർക്കായി നാളികേര കൃഷി, മൂല്യവർധനവ് തുടങ്ങിയ വിഷയങ്ങളുടെ വിവിധ വശങ്ങളെ കുറിച്ച് ബോർഡ് കൃത്യമായി സെമിനാറുകളും ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നു. പ്രധാന പ്രദർശന മേളകളിൽ ബോർഡ് പങ്കെടുക്കാറുണ്ട്. കൂടാതെ നാളികേര വികസന സംബന്ധിയായ പദ്ധതികളെ കുറിച്ചും, നാളികേരത്തിന്റെ പോഷക ഔഷധ മൂല്യത്തെ കുറിച്ചുമുള്ള പരസ്യങ്ങളും, മറ്റ് പ്രചാരണങ്ങളും ബോർഡ് നടത്തി വരുന്നു.

ഞാൻ ഉപസംഹരിക്കുകയാണ്. നാളികേര മേഖലയിലെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ ഛത്തിസ്ഗഡിലെ കൃഷിക്കാരെയും സംരംഭകരെയും ഗവൺമെന്റ് ഉദ്യോഗസ്ഥരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. ഈ ലക്ഷ്യങ്ങൾ നേടുന്നതിന് നിങ്ങൾ എല്ലാവരുടെയും സഹകരണവും ഞാൻ അഭ്യർത്ഥിക്കുന്നു. നാളികേര കൃഷിക്കാരെ സഹായിക്കാനുള്ള നിങ്ങളുടെ പരിശ്രമങ്ങൾ സംസ്ഥാനത്ത് പുതുയുഗപ്പിറവിക്ക് നാന്ദിയാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ജെയ്ഹിന്ദ് ■

*തയ്യാറാക്കിയത്: സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി*

# നക്സലിസം അവസാനിപ്പിക്കാൻ നാളികേരത്തിനു സാധിക്കും:

## ഛത്തിസ്ഗഢ് കൃഷി മന്ത്രി ശ്രീ. ബ്രിജ്മോഹൻ അഗർവാൾ




**സിഡിബി ന്യൂസ് ബ്യൂറോ,** കൊച്ചി

നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ 20-ാം ലോക നാളികേര ദിനാഘോഷം 2018 സെപ്റ്റംബർ 2ന് ഛത്തിസ്ഗഡിലെ റായ്പ്പൂരിലുള്ള ഇന്ദിരാഗന്ധി കൃഷി വിശ്വവിദ്യാലയത്തിൽ നടത്തി. കേന്ദ്ര കൃഷി മന്ത്രി ശ്രീ രാധാമോഹൻ സിങ്ങിന് യോഗത്തിൽ എത്താൻ സാധിക്കാതിരുന്നതിനാൽ ഛത്തിസ്ഗഡ് കൃഷി മന്ത്രി ശ്രീ ബ്രിജ്മോഹൻ അഗർവാൾ നിലവിളക്കു തെളിച്ച് ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ ബാസ്തർ ജില്ലയിൽ നാളികേര കൃഷി വ്യാപിപ്പിച്ചാൽ നക്സൽ പ്രസ്ഥാനത്തെ ഈ മേഖലയിൽ നിന്നു തന്നെ ഉന്മൂലനം ചെയ്യാൻ സാധിക്കുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ശ്രീ.അഗർവാൾ പ്രസ്താവിച്ചു. നാളികേര വികനസ ബോർഡിന്റെ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുവാൻ ബോർഡിന്റെ ഒരു ഓഫീസ് സമുച്ചയത്തിന് റായ്പ്പൂരിൽ സംസ്ഥാന ഗവൺമെന്റ് സ്ഥലം ലഭ്യമാക്കുമെന്നും മന്ത്രി തുടർന്നു. ഛത്തിസ്ഗഡിൽ കുറഞ്ഞത് 25000 ഹെക്ടറിലെങ്കിലും നാളികേര കൃഷി നടത്താൻ സാധിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സംസ്ഥാനത്ത് നാളികേര വികസന ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഗതിവേഗം കൈവരിച്ചിട്ടുണ്ടെന്നും അതുകൊണ്ടു തന്നെ നാളികേര ഉത്പാദനത്തിൽ ദേശീയ തലത്തിൽ സംസ്ഥാനത്തിന് മുൻ നിരയിൽ എത്താൻ സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. പ്രത്യേക വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിൽ നിർണായക പങ്കു വഹിക്കാൻ നാളികേരത്തിനു സാധിക്കുമെന്നും മന്ത്രി കൂട്ടി ചേർത്തു.

കേന്ദ്ര കൃഷി മന്ത്രി ശ്രീ രാധാമോഹൻ സിങ്ങിന്റെ സന്ദേശം സമ്മേളനത്തിൽ ശ്രീ ബ്രിജ്മോഹൻ വായിച്ചു. മനുഷ്യരാശിക്കു ലഭിച്ച വരമാണ് നാളികേരം എന്ന് കേന്ദ്ര മന്ത്രി തന്റെ സന്ദേശത്തിൽ എടുത്തു പറഞ്ഞു. രാജ്യത്തെ ഒരു കോടിയിലധികം കൃഷിക്കാർ ഉപജീവനത്തിനു നാളികേരത്തെ ആശ്രയിക്കുന്നു. ഏഷ്യാ പസഫിക്ക് മേഖലയിലെ നാളികേര വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ചിട്ടപ്പെടുത്തി പരമാവധി നേട്ടങ്ങൾ കൈവരിക്കുന്നതിനാണ് എല്ലാ വർഷവും സെപ്റ്റംബർ 2 ലോകനാളികേര ദിനമായി ആചരിക്കുന്നു എന്ന് ശ്രീ. അഗർവാൾ ചൂണ്ടിക്കാട്ടി. എപിസിസി പ്രഖ്യാപിച്ചിരിക്കുന്ന, നാളികേരം മെച്ചപ്പെട്ട ആരോഗ്യത്തിനും സമ്പത്തിനും ക്ഷേമത്തിനും എന്ന പ്രത്യേക പ്രമേയവുമായി ബന്ധപ്പെടുത്തിയാണ് ഈ വർഷവും പതിവുപോലെ കേന്ദ്ര ഗവൺമെന്റ് ലോക നാളികേര ദിനം ആചരിക്കുന്നത്.

രാജ്യത്ത് സമഗ്ര നാളികേര വികസനത്തിനായി ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിവിധ തീവ്ര പദ്ധതികളാണ് നടപ്പാക്കി വരുന്നത് എന്ന് അദ്ദേഹം പറഞ്ഞു. ഈ പദ്ധതികൾ വഴി ശാസ്ത്രീയ നാളികേര കൃഷി, സംസ്കരണം, വിപണനം, കയറ്റുമതി എന്നീ മേഖലകളിൽ രാജ്യമെമ്പാടുമുള്ള കൃഷിക്കാരുടെ അറിവുകൾ നവീകരിക്കപ്പെടും. ഛത്തിസ്ഗഡിൽ ഹോർട്ടിക്കൾച്ചർ മിഷന്റെ പദ്ധതികൾ നടപ്പാക്കുന്നതിനായി 2016 -17ൽ 61.47 കോടി രൂപയും 2017-18 ൽ 89.2 കോടി രൂപയും അനുവദിക്കുകയുണ്ടായി. 2018-19 ൽ മിഷന്റെ പദ്ധതികൾക്കായി 205 രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 57.50 കോടി രൂപ ഇതിനോടകം നല്കി കഴിഞ്ഞു.

നാളികേര കൃഷിക്കാരുടെ പുരോഗതിക്കുള്ള ഏക നടപടി മൂല്യ വർധനവാണ് എന്ന് അദ്ദേഹം തുടർന്നു പറഞ്ഞു. പ്രതിവർഷം 274 കോടി നാളികേരം സംസ്കരിക്കാൻ ശേഷിയുള്ള 480 യൂണിറ്റുകളാണ് നാളികേര ടെക്നോളജി മിഷന്റെ കീഴിൽ ബോർഡ് രാജ്യത്തു സ്ഥാപിച്ചിരിക്കുന്നത്. കേന്ദ്രത്തിൽ നരേന്ദ്ര മോദി ഗവൺമെന്റ് അധികാരമേറ്റ ശേഷം, രാജ്യത്തെ നാളികേര മേഖലയുടെ വികസനത്തിനായി നിരവധി നൂതന



സംരംഭങ്ങളാണ് ബോർഡ് നടപ്പാക്കി വരുന്നത്. രാജ്യത്തെ ചെറുകിട നാമമാത്ര നാളികേര കൃഷിക്കാരുടെ 9633 ഉത്പാദക സംഘങ്ങളും 740 ഫെഡറേഷനുകളും 67 നാളികേര ഉത്പാദക കമ്പനികളും നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ബോർഡിന്റെ എല്ലാ പദ്ധതികളും ഈ കർഷക ഉത്പാദക കൂട്ടായ്മകളുടെ ആഭിമുഖ്യത്തിലാണ് ഇന്നു നടപ്പിലാക്കുന്നത്. അതുകൊണ്ടു തന്നെ നാളികേര ഉത്പ്പന്നങ്ങളുടെ സംസ്കരണം, വിപണനം, കയറ്റുമതി എന്നിവയിലെല്ലാം കൃഷിക്കാർക്ക് ഇടപെടാൻ സാധിക്കുന്നു.

നഴ്സറി പരിപാലന പദ്ധതി, കൃഷിയിട വികസനം, കർഷക പങ്കാളിത്തത്തോടെയുള്ള ശാസ്ത്രീയ കൃഷി പ്രദർശനം, തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പോലുള്ള നൈപുണ്യ വികസന പരിപാടികൾ എന്നിവയെല്ലാം ഛത്തിസ്ഗഡിൽ നടപ്പാക്കി വരുന്നു. നാളികേര കൃഷിയുടെയും വ്യവസായത്തിന്റെയും വികസനത്തിന് സംസ്ഥാനത്തെ കൃഷിക്കാർ ബോർഡിന്റെ ഈ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തണം. അത് അവരുടെ ജീവിതങ്ങളെ കൂടുതൽ ആരോഗ്യകരവും സമ്പത്സമൃദ്ധവും ഐശ്വര്യപൂർണവുമാക്കും.

റായ്പ്പൂരിൽ നിന്നുള്ള ലോക്സഭാംഗം ശ്രീ രമേഷ് ബയസ് അധ്യക്ഷനായിരുന്നു. സംസ്ഥാനത്ത് നാളികേര കൃഷി മേഖല വ്യാപിപ്പിക്കുന്നതിനും ഉത്പാദനവും ഉത്പാദന ക്ഷമതയും ഉയർത്തുന്നതിനും വലിയ സാധ്യതയാണ് ഉള്ളത് എന്ന് അദ്ദേഹം അധ്യക്ഷപ്രസംഗത്തിൽ സൂചിപ്പിച്ചു. ഇത് കൃഷിക്കാരുടെ വരുമാനം വർധിപ്പിക്കുന്നതിനുള്ള പുതിയ വഴികൾ തുറക്കുമെന്നും അദ്ദേഹം തുടർന്നു.

25000 ഹെക്ടർ വരുന്ന വിശാലമായ മേഖലയാണ് ബസ്തർ. നാളികേര ഉത്പാദനത്തിന് ഈ പ്രദേശം അനുയോജ്യമാണെന്നും എന്നാൽ ഇതിൽ 1500 ഹെക്ടർമാത്രമെ ഇപ്പോൾ പ്രയോജനപ്പെടുത്തുന്നുള്ളു എന്നും ധർസീവ എം എൽ എ ഡോ. ദേവ്ജി ഭായി പാട്ടീൽ ചൂണ്ടിക്കാട്ടി. നിലവിൽ ഒരു തെങ്ങിൽ നിന്ന് പ്രതിവർഷം 90 നാളികേരം ലഭിക്കുന്നുണ്ട്. ഇത് വളരെ പ്രതീക്ഷ നല്കുന്നു. ചില വൃക്ഷങ്ങളിൽ നിന്ന് 250 –350 നാളികേരം വരെ ലഭിക്കുന്നുണ്ട്. ഈ വൃക്ഷങ്ങളെ കുറിച്ച് ഗവേഷണങ്ങൾ പുരോഗമിക്കുന്നു. സംസ്ഥാന ആസൂത്രണ കമ്മിഷൻ അംഗം ഡോ. ഡികെ മാറോത്തിയ, ഛത്തിസ്ഗഡ് അഡീഷണൽ ചീഫ് സെക്രട്ടറിയും കാർഷികോത്പാദന കമ്മിഷണറുമായ ശ്രീ. സുനിൽ കുമാർകുജൂർ ഐഎഎസ് എന്നിവരും പ്രസംഗിച്ചു. നാളികേര വികസന ബോർഡ് ചെയർമാൻ ഡോ.രാജു നാരായണസ്വാമി ഐഎഎസ് ചടങ്ങിൽ സ്വാഗതവും, സംസ്ഥാന ഹോർട്ടികൾച്ചർ ഡയറക്ടർ നരേന്ദ്ര കുമാർ പാണ്ഡെ ഐആർഎസ് നന്ദിയും പറഞ്ഞു.

ഉദ്ഘാടന സമ്മേളനത്തെ തുടർന്ന് വിവിധ വിഷയാവതരണങ്ങൾ നടന്നു. കാസർഗോഡ് സിപിസിആർഐ ഡയറക്ടർ ഡോ. പി ചൗഡപ്പ അധ്യക്ഷനായിരുന്നു. തമിഴ്നാട് കാർഷിക സർവകലാശാല നാളികേര ഗവേഷണ കേന്ദ്രം പ്രൊഫസർ ഡോ.കെ രാജമാണിക്കം ഈ വർഷത്തെ നാളികേര ദിന പ്രമേയത്തെ കുറിച്ച് പ്രസംഗിച്ചു. ജഗദൽപൂർ എഐസിആർപി ശാസ്ത്രജ്ഞൻ ഡോ. പികെ സലാം ഛത്തിസ്ഗഡിലെ നാളികേര ഉത്പാദന സാങ്കേതിക വിദ്യ എന്ന വിഷയം അവതരിപ്പിച്ചു. നാളികേര തോട്ടങ്ങളിലെ ഇടവിളകളെ കുറിച്ചും അതിന് സംസ്ഥാ ഹോർട്ടിക്കൾച്ചർ വകുപ്പ് നല്കുന്ന ധനസഹായങ്ങളെ കുറിച്ചും ജോയിന്റ് ഡയറക്ടർ ശ്രീ. വിഷ്ണുകാന്ത് ചതുർവേദി ക്ലാസ് നയിച്ചു. നാളികേര വികസന ബോർഡിന്റെ പദ്ധതികളെ കുറിച്ച് ഡവലപ്മെന്റ് ഓഫീസർ ശ്രീമതി എ ജയശ്രീ വിഷയാവതരണം നടത്തി.

നാളികേര വികസന ബോർഡിന്റെയും എഐസിആർപിയുടെയും പ്രസിദ്ധീകരണങ്ങളുടെ പ്രകാശനം ഛത്തിസ്ഗഡ് കൃഷി മന്ത്രി നിർവഹിച്ചു.പരിപാടിയോടനുബന്ധിച്ച് സംഘടിപ്പിച്ചിരുന്ന നാളികേര പ്രദർശനവും മന്ത്രി ഉദ്ഘാടനം ചെയ്തു. നാളികേര വികസന ബോർഡ്, ഛത്തിസ്ഗഡിലെ ഹോർട്ടിക്കൾച്ചർ, ഫാം ഫോറസ്ട്രി വകുപ്പ്, ഇന്ദിരാഗാന്ധി കാർഷിക സർവകലാശാല, ഓൾ ഇന്ത്യ കോർഡിനേറ്റഡ് റിസേർച്ച് ഓൺ പാംസ് എന്നീ സ്ഥാപനങ്ങളും നിരവധി നാളികേര ഉത്പന്ന നിർമ്മാതാക്കളും പ്രദർശനത്തിൽ പങ്കെടുത്തു. രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി കൃഷിക്കാരും സംരംഭകരും ഉൾപ്പെടെ 500 –ൽ അധികം പേർ പരിപാടിയിൽ പങ്കെടുത്തു. ■



സദസ്സ്

# 20–ാം ലോക നാളികേര ദിനം

2018 സെപ്റ്റംബർ 2




































**20–ാം ലോക**
**നാളികേര ദിനാചരണം**

റായ്പൂരിലെ
ഉദ്ഘാടന ദൃശ്യങ്ങൾ





## ലോക നാളികേര ദിനാചരണം: ടെക്ക്നിക്കൽ സെഷൻ















## പ്രദർശന മേളയിൽ പങ്കെടുത്ത നാളികേര സംരംഭകരുടെ സ്റ്റാളുകൾ

























**മേളയിൽ പങ്കെടുത്ത സംരംഭകർ**

1 **കേരാടെക് കോക്കനട്ട് ഓയിൽ മാനുഫാക്ചറിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്**,1/332ബി, ഏങ്ങണ്ടിയൂർ പി.ഒ., തൃശൂർ, ഫോൺ : 0487 2294515, 2296393, മൊബൈൽ : 9446800007
ഉത്പന്നങ്ങൾ: വെർജിൻ വെളിച്ചെണ്ണ, കോക്കനട്ട് ചിപ്സ്, വെളിച്ചെണ്ണ, ഡെസിക്കേറ്റഡ് കോക്കനട്ട്

2 **ദിനേശ് ഫുഡ്സ് (കോക്കനട്ട് മിൽക്ക്)**, ദിനേശ് ഭവൻ, പയ്യാമ്പലം, കണ്ണൂർ, പിൻ - 670001, ഫോൺ : 0497 2701699, dineshltd@gmail.com ഉത്പന്നങ്ങൾ: കോക്കനട്ട് മിൽക്ക്, വെർജിൻ വെളിച്ചെണ്ണ, ഡെസിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട് ചിപ്സ്, ഹെയർ ഓയിൽ, വെളിച്ചെണ്ണ

3 **നാറ്റാ ന്യൂട്രിക്കോ കോക്കനട്ട് ഫുഡ് പ്രൊഡക്ട്സ്**, മുണ്ടപുരം, നാറാത്ത് പി.ഒ., കണ്ണൂർ - 670601 കമ്പനി കിൻഫ്ര ടെക്സ്റ്റൈൽ സെന്റർ, പ്ലോട്ട് നമ്പർ എഫ്. 17, നാടുകാണി, തളിപ്പറമ്പ്, കണ്ണൂർ, ഷെമീന എ. പി. - 9895198315, 94495058315 natanutrico@gmail.com ഉത്പന്നങ്ങൾ: നാറ്റാ ഡി കൊക്കോ, ഹണി

4. **മാരിക്കോ**, സുബി, ഫോൺ - 9626262085, subin@maricoindia.net ഉത്പന്നങ്ങൾ: വെളിച്ചെണ്ണ

## ലോക നാളികേര ദിനം: വാർത്തകളിൽ




5. **വിജയനഗർ ബയോടെക് ലിമിറ്റഡ്**, 403, 4th ഫ്ളോർ വിജയജ്യോതി ആർക്കേഡ്, നാഹി ഓഫീസിന് എതിർവശം, ഹനുമൻദവാക്കാ, വിശാഖപട്ടണം – 530040, ആന്ധ്രാപ്രദേശ്, ഫോൺ : 8912731634, info@vfnpl.com ഉത്പന്നങ്ങൾ: വിവിധ നാളരകേരാധിഷ്ഠിത ഉത്പന്നങ്ങൾ

6. **യോഗിക് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ്**, യു – 101, അനുപം അപ്പാർട്ട്മെന്റ്, , ഈസ്റ്റ് അർജ്ജുൻ നഗർ, ഡൽഹി – 110032, ഫോൺ : 08800227742, 09810595214, yogicfoods@yahoo.com ഉത്പന്നങ്ങൾ: കരിക്കിൻ വെള്ളം

7. **ശക്തി കോക്കോനട്ട് പ്രോഡക്ട്സ്, ശക്തി ഇന്റസ്ട്രിയൽ എസ്റ്റേറ്റ്, ഉഡുമൽപേട്ട് റോഡ്, പൊള്ളാച്ചി, ഫോൺ: 04259236053, 09842251234,** sakthicoco@sakthicoco.com, sakthifibreproducts@vsnl.net വെബ്- www.sakthi-coir.com

8. **എൻ.ജി. ഒ പ്രൊഡക്ട്സ്,** nitinpawangoyal@yahoo.com ഉത്പന്നങ്ങൾ: വിവിധ നാളരകേരാധിഷ്ഠിത ഉത്പന്നങ്ങൾ

9. **വേപൂരി അഗ്രോ പ്രോഡക്ട്സ്, ഗുഡിവാഡ റോഡ്, വിജയവാഡ, ആന്ധ്രാപ്രദേശ്**

10. **നിഖൂഞ്ച് ബിഹാരി,** പാറ്റ്ന, ബീഹാർ. കരകൗശല ഉത്പ്പന്നങ്ങൾ.

# നാളികേര ഉത്പാദക സംസ്ഥാനങ്ങളിൽ ലോക നാളികേര ദിനം ആചരിച്ചു

**സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി**

രാജ്യത്തെ വിവിധ നാളികേര ഉത്പാദക സംസ്ഥാനങ്ങളിൽ നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 2 ന് വിപുലമായ പരിപാടികളോടെ ലോക നാളികേര ദിനം ആചരിച്ചു.

### ചെന്നൈ

ചെന്നൈ റീജണൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ തഞ്ചാവൂർ ജില്ലയിലെ പട്ടുകോട്ടയിൽ നടന്ന നാളികേര ദിനാചരണം ശ്രീ ആർ വൈദ്യലിംഗം എം പി ഉദ്ഘാടനം ചെയ്തു. തമിഴ്നാട് കൃഷി വകുപ്പു മന്ത്രി ശ്രീ ആർ. ദൊരൈക്കണ്ണ് ആശംസാ പ്രസംഗത്തിൽ നീരയും നീരഉത്പ്പന്നങ്ങളും വിപണിയിൽ ഇറക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി.മൂന്നു കമ്പനികൾക്ക് ഇതിനോടകം ലൈസൻസ് നല്കിയതായി അദ്ദേഹം വെളിപ്പെടുത്തി. ശ്രീ. കെ പരശുരാമൻ എംപി, പുതുക്കോട്ട എം എൽ എ ശ്രീ സിവി ശേഖർ, ജില്ലാ ശ്രീകളക്ടർ എ അണ്ണാദുരൈ ഐഎഎസ്, കൃഷിവകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. ജസ്റ്റിൻ എന്നിവരും പ്രസംഗിച്ചു. നാളികേര വികസന ബോർഡ് മുൻ വൈസ് ചെയർമാൻ ശ്രീ ആർ കലൈശെൽവൻ സ്വാഗതവും ഡയറക്ടർ ശ്രീ. രാജീവ് ഭൂഷൺ പ്രസാദ് നന്ദിയും പറഞ്ഞു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 450 ലേറെ കൃഷിക്കാർ പരിപാടികളിൽ പങ്കെടുത്തു. ഉദ്ഘാടന സമ്മേളനത്തിനു ശേഷം കാർഷിക സെമിനാറും നടന്നു.



### കൊൽക്കത്ത

കൊൽക്കത്ത റീജണൽ ഓഫീസ് നരേന്ദ്രപൂർ സസ്യ ശ്യമാള കെവികെയുമായി ചേർന്ന് നാളികേര ദിനത്തോടനുബന്ധിച്ച് സെപ്റ്റംബർ 2 ന് നാളികേര കൃഷി ശില്പശാല നടത്തി.കൊൽക്കത്തയിലെ രാമകൃഷ്ണ മിഷന്റെ ശാരദ ഹാളിൽ നടന്ന ശില്പശാലയിൽ രാമകൃഷ്ണ മിഷൻ ആശ്രമം സെക്രട്ടറി സ്വാമി സർവലോകാനന്ദ മഹാരാജ് ആധ്യക്ഷ്യം വഹിച്ചു.രാമകൃഷ്ണ മിഷൻ വിവേകാനന്ദ എജ്യൂക്കേഷണൽ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡീൻ ഡോ. തപസ് ദാസ്ഗുപ്ത മുഖ്യാതിഥി ആയിരുന്നു. ആത്മ സംസ്ഥാന കോർഡിനേറ്റർ ഡോ. എ.കെ നന്തി, ഡോ.മനസ് ഘോഷ്, ഡോ.നാരായൺ ചന്ദ്ര സാഹു, ശ്രീ ഹൃഷികേശ് ഖൻറ എന്നിവരും പരിപാടികളിൽ പങ്കെടുത്തു.നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. ഖോകൻ ദേബനാഥ് സ്വാഗതം ആശംസിച്ചു. നാനൂറിലധികം കൃഷിക്കാരും വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള നിരവധി ശാസ്ത്രജ്ഞരും സംബന്ധിച്ചു.



### ആന്ധ്രാപ്രദേശ്

ആന്ധ്രാപ്രദേശിൽ ഡോ.വൈഎസ്ആർ ഹോർട്ടിക്കൾച്ചർ യൂണിവേഴ്സിറ്റി, ചിക്കോഫ് സിപിസി, ഹോർട്ടിക്കൾച്ചർ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ശ്രീകൽക്കുളം ജില്ലയിലെ ഈച്ചാപുരത്താണ് നാളികേരദിനാഘോഷം സംഘടിപ്പിച്ചത്. ഹോർട്ടി കൾച്ചർ കമ്മിഷണർ ശ്രീ ചിരഞ്ജീവ് ചൗധരി ഐഎഫ് എസ് ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. ഈച്ചാപുരം എം എൽഎ ഡോ. ബി അശോക്ബാബു സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു. ശ്രീകൽക്കുളം ജില്ലാ കളക്ടർ ശ്രീ. കെ.ധനുഞ്ജയ റെഡ്ഡി ഐഎഎസ് മുഖ്യാതിഥി ആയി ചടങ്ങിൽ സംബന്ധിച്ചു. ശ്രീ പി ലക്ഷ്മണപ്രസാദ്, ഡോ.ജെ ദിലീപ് ബാബു, ഡോ.ജി രാമാനന്ദം, ഡോ.എൻബിവി ചലപതിറാവു, ഡോ.പി മാധവിലത, ശ്രീ എവി ജമദഗ്നി, സംസ്ഥാനത്തെ സിപിസി ചെയർമാൻമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ഭാരതീയ കൊബാരി പത്രികയുടെ പ്രത്യേക പതിപ്പും നാളികേര വികസന ബോർഡിന്റെ വിവിധ പദ്ധതികളെ കുറിച്ചും ശാസ്ത്രീയ തെങ്ങു കൃഷിയെക്കുറിച്ചുമുള്ള ലഘുലേഖകളും സമ്മേളനത്തിൽ പ്രകാശനം ചെയ്തു. തുടർന്ന് കാർഷിക സെമിനാർ നടന്നു.

ഡോ.ജി രാമനന്ദം, ഡോ.എൻബിവി ചലപതിറാവു, ഡോ.പി മാധവിലത, ഡോ.ജെ ദിലീപ് ബാബു എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ച് ക്ലാസുകൾ നയിച്ചു. വിവിധ കർഷക കൂട്ടായ്മകളിൽ നിന്നായി ഇരുനൂറിലധികം കർഷകരും പരിപാടികളിൽ പങ്കെടുത്തു. നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ എം കെ സിംങ് സ്വാഗതവും ചിക്കോഫ് സിപിസി ചെയർമാൻ ശ്രീ ജൊഹാർ ഖാൻ നന്ദിയും പറഞ്ഞു. സമ്മേളനത്തോടനുബന്ധിച്ച് നാളികേര ഉത്പ്പന്നങ്ങളുടെ വിപുലമായ പ്രദർശനവും സംഘടിപ്പിച്ചിരുന്നു.




## മഹാരാഷ്ട്ര

നാളികേര വികസന ബോർഡിന്റെ ഫാൽഗാർ വിത്തുത്പാദന പ്രദർശന തോട്ടം, സിന്ധുർഗ് മഹാരാഷ്ട്ര കോക്കനട്ട് ഗ്രോവേഴ്സ് അസോസിയേഷൻ, സംസ്ഥാന കൃഷി വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സ്വാന്തൻവാഡി ബാരിസ്റ്റർ നാഥ് പൈ ഓഡിറ്റോറിയത്തിൽ സെപ്റ്റംബർ 2- ന് ലോക നാളികേര ദിനാഘോഷം നടത്തി. സംസ്ഥാന ധനമന്ത്രി ശ്രീ ദീപക് കേസർ ദിനാചരണം ഉദ്ഘാടനം ചെയ്തു. നാളികേര വികസന ബോർഡ് താനെ സ്റ്റേറ്റ് സെന്ററിലെ ഡെപ്യൂട്ടി ഡയറക്ടർ ഇൻചാർജ് ശ്രീ പ്രമോദ് കുര്യൻ, സിന്ധുർഗ് നാളികേര കർഷക അസോസിയേഷൻ പ്രസിഡന്റ് ശ്രീ സുരേഷ് ഗവാസ്, ഭാട്യേ നാളികേര ഗവേഷണ കേന്ദ്രം മുൻ തലവൻ ഡോ. ദിലീപ് നാഗ്വേക്കർ ശ്രീ രാമാനന്ദ ശിരോദ്കർ എന്നിവർ പ്രസംഗിച്ചു.

തുടർന്ന് കർഷക സെമിനാർ നടന്നു. ഭാട്യേ നാളികേര ഗവേഷണ കേന്ദ്രം മുൻ തലവൻ ഡോ. ദിലീപ് നാഗ്വേക്കർ മഹാരാഷ്ട്രയിൽ അനുവർത്തിക്കേണ്ട ശാസ്ത്രീയ നാളികേര കൃഷി രീതികളെ കുറിച്ച് ക്ലാസ് എടുത്തു. നാളികേര വികസന ബോർഡിന്റെ താനെയിലുള്ള സ്റ്റേറ്റ് സെന്റർ ഫീൽഡ് ഓഫീസർ ശ്രീ ശരത് അഗ്ലാവെ കൃഷിക്കാരുടെ സംശയങ്ങൾക്കു മറുപടി നല്കി. ജില്ലാ നാളികേര കർഷക അസോസിയേഷൻ സെക്രട്ടറ ശ്രീ രഞ്ജിത് സവന്ത് നന്ദി പറഞ്ഞു.



## ആൻഡമാൻ



സെൻട്രൽ ഐലന്റ് അഗ്രിക്കൾച്ചറൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ആൻഡമാനിലും ലോക നാളികേര ദിനാഘോഷം നടത്തി.

## ബാംഗളൂർ





## ആസ്സാം



## ഒഡീഷ



# കാർഷിക മേഖലയിൽ ഊന്നി നവകേരള സൃഷ്ടി

**ആർ. ഹേലി**
(റിട്ടയേഡ് ഡയറക്ടർ കൃഷിവകുപ്പ്) പേൾഹിൽ, ആറ്റിങ്ങൽ, തിരുവനന്തപുരം

**പ്രളയജലത്തിൽ മുങ്ങി നിവർന്ന കേരളത്തിന്റെ ഭൂപ്രകൃതിക്കു വന്നിട്ടുള്ള മാറ്റങ്ങളെ പുതിയ വികസന സാധ്യതകളുമായി എങ്ങിനെ ബന്ധിപ്പിക്കാം എന്ന് ഇവിടെ ചർച്ച ചെയ്യുന്നു. നവകേരളനിർമ്മിതിയിൽ ഗവൺമന്റും ജനങ്ങളും പൊതുസമൂഹവും കൈകോർത്തു മുന്നേറണം. അപ്പോൾ നൂറു വർഷത്തെ മുന്നിൽ കണ്ടുള്ള വികസന മാതൃക കേരളത്തിൽ ഉയരും.**

പശ്ചിമ തീരം, വിശേഷിച്ചും കേരളം രൂപപ്പെട്ടതിനു ശേഷം ഇത്രയും വലിയ ഒരു പ്രളയദുരിതം അനുഭവിച്ചതായി ചരിത്രമില്ല. കേട്ടു കേൾവിയുമില്ല. പ്രളയം അതിന്റെ ഏറ്റവും ഭീകരമായ രൂപത്തിൽ ജനങ്ങളെ കടന്നാക്രമിച്ച് വംശനാശം വരുത്താൻ ശ്രമിച്ചിട്ടും, അതിന് അനുവദിക്കാതെ കേരളത്തിലെയും ഇന്ത്യയിലെയും വിദേശങ്ങളിലെയും കേരള പ്രേമികളുടെ ഒന്നായ രക്ഷാ പ്രവർത്തനം മാനവ ചരിത്രത്തിലെ ഒരു സുവർണ്ണ അധ്യായമായി എന്നെന്നും നിലനിൽക്കും.

എന്നാൽ ഈ അത്യാഹിതത്തിൽ നിന്നും നിത്യ ഹരിത മോഹനമായ ഒരു കേരളത്തെ ഐശ്വര്യത്തിന്റെ പാതയിലേക്ക് ഉയർത്തിയെടുക്കുക എന്നത് ഭഗീരഥ പ്രയത്നത്തെയും വെല്ലുന്ന സംരംഭമായിരിക്കും. കേരളത്തിന്റെ കാർഷിക പ്രധാന്യം ഭൂരിഭാഗം കേരളീയരും മനസ്സിലാക്കിയിട്ടുള്ളതിനെക്കാൾ മൂല്യമേറിയതാണ്. കാർഷിക വിളകളുടെ വളർച്ചയ്ക്ക് ആവശ്യമായ സൂക്ഷ്മ -സ്ഥൂല പോഷകങ്ങളത്രയും പ്രദാനം ചെയ്യുന്നത് മണ്ണാണ്. അതുകൊണ്ട് കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് മണ്ണിന്റെ രാസ - ഭൗതിക - ജൈവ സ്വഭാവത്തിനു സംഭവിക്കുന്ന മാറ്റം വളരെ പ്രധാനപ്പെട്ടതാണ്. മണ്ണിന്മേലുള്ള കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം സാവധാനത്തിലുള്ളതും സങ്കീർണവുമാണ്.

ഡോ. എം. എസ്. സ്വാമി നാഥൻ, അദ്ദേഹത്തിന്റെ കേരളവും ലോകവ്യാപാര സംഘടനയും എന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതുപോലെ ഉത്പാദിപ്പിക്കുന്ന കാർഷിക വിഭവങ്ങളുടെ 80 ശതമാനവും ഇന്ത്യയുടെ മാത്രമല്ല ലോകത്തിന്റെയും വിവിധ ഭാഗങ്ങളിലേക്ക് കയറ്റി അയയ്ക്കുന്ന അപൂർവ്വ കാർഷിക പ്രതിഭാസമാണ് കേരളം.

എണ്ണായിരം വർഷത്തെ വിദേശ വ്യാപാര ബന്ധം അവകാശപ്പെടാവുന്ന മേഖലയാണ് ഈ പശ്ചിമ തീരം. മലബാർ തീരത്തെ കുരുമുളകും, ചുക്കും, മഞ്ഞളും, ഏലവും പാശ്ചാത്യ രാജ്യങ്ങളിലെ കച്ചവട സമൂഹത്തെ മാത്രമല്ല, സൗന്ദര്യറാണിയായിരുന്ന ക്ലിയോ പാട്രയെയും കൂട്ടരെയും പോലും ഭ്രമിപ്പിച്ചി



രുന്ന കഥകൾ ഇപ്പോഴും ഓർമ്മിക്കപ്പെടുന്നു. കേരളത്തെയും ഇന്ത്യയെയും കുറിച്ചു കേട്ടിട്ടില്ലാത്ത ജർമ്മനിയിലെയും ഇറ്റലിയിലെയും മറ്റു യൂറോപ്യൻ രാജ്യങ്ങളിലെയും വീട്ടമ്മമാർ തലശ്ശേരി പെപ്പറും, ആലപ്പി ഫിംഗർ മഞ്ഞളും ശഠിച്ചു വാങ്ങിയിരുന്ന ചരിത്രം ഇപ്പോഴും യാഥാർത്ഥ്യമായി മുന്നിൽ നിൽക്കുന്നു. കേരളത്തിലെ നെല്ലു മുതൽ ഔഷധ സസ്യങ്ങൾ വരെ ശരിയാം വണ്ണം, നവീന സാങ്കേതിക വിദ്യകൾ സമർത്ഥമായി ഉപയോഗിച്ച് മൂല്യ വർദ്ധിത ഉൽപന്നങ്ങളാക്കിയാൽ ലോക വിപണി അതീവ ദാഹത്തോടെ അവയെ മുഴുവൻ ഉൾക്കൊള്ളുമെന്ന പ്രതീക്ഷകൾ നാമ്പിട്ട്, അതിനു വേണ്ടി പുതുയുഗ സംരംഭകരെ സൃഷ്ടിക്കാൻ കേരളം പദ്ധതിയിട്ട സമയത്താണ് പ്രളയമെന്ന മഹാദുരിതം നമ്മെ ഗ്രസിച്ചത്.

ശാസ്ത്രത്തെയും ജനശക്തിയെയും സാങ്കേതിക വൈദഗ്ധ്യത്തെയും സാമ്പത്തിക പിന്തുണയെയും സമന്വയിപ്പിച്ച് നവകേരള സൃഷ്ടിക്ക് നാം പ്രതിജ്ഞാബദ്ധരായിരിക്കുകയാണ്. കേരള ജീവിതത്തിന്റെ എല്ലാ തുറകളിലും ഇതിന്റെ അലകൾ അതി ശക്തമായി കടന്നു കയറി. പുതുകേരളം സൃഷ്ടിക്കാനൊരുങ്ങുമ്പോൾ അതിന്റെ അതിശക്തമായ അടിത്തറ രൂപപ്പെടുത്തേണ്ടത് കാർഷിക മേഖലയിലാണ്.

വെറും 39 ലക്ഷം ഹെക്ടർ വിസ്തീർണ്ണമുള്ള സസ്യ നിബിഡമായ നിത്യ ഹരിത ഭൂവിഭാഗമാണ് കേരളം. ഇതിൽ 20 ലക്ഷം ഹെക്ടറിലെ 68 ലക്ഷത്തിൽപരം വലുതും ചെറുതുമായ കൃഷിയിടങ്ങളിലാണ് ഇക്കണ്ട വിളകളും ലക്ഷണക്കണക്കിനു കന്നുകാലികളും കോടിക്കണക്കിനു വളർത്തു പക്ഷികളും മൂന്നു കോടിയിലധികം ജനങ്ങളും ഒരുമിച്ച് പരസ്പര സൗഹൃദത്തോടെ കഴിയുന്നത്. ഇത്രയേറെ വൈവിദ്ധ്യമുള്ള വിളകളും കന്നുകാലികളും വളർത്തു പക്ഷികളും ജനങ്ങളും ഒരുമിച്ച് ഇണക്കത്തോടെ തുണ്ടു കൃഷിയിടങ്ങളിൽ ഒരുമിച്ചു പാർത്താണ് ഇന്ത്യയ്ക്കും ലോകത്തിനും പ്രിയങ്കരമായ ഒട്ടനവധി വിഭവങ്ങൾ ഉൽപാദിപ്പിച്ച് സംസ്ക്കരിച്ച് കയറ്റി അയക്കുന്ന മായാജാലസമാനമായ കർമ്മം കേരളം നിർവ്വഹിക്കുന്നത്. കേരളത്തിലെത്തുന്ന വിദേശ ടൂറിസ്റ്റുകൾക്ക് വെള്ളച്ചാട്ടങ്ങൾക്കും മറ്റു പല വിനോദ കേന്ദ്ര കാഴ്ചകൾക്കും ഉപരി ആകർഷകമായി തോന്നുന്നത് നമ്മുടെ വീട്ടു വളപ്പിലെ സംയോജിത കൃഷിയും അതിനെച്ചുറ്റിയുള്ള ജനജീവിതവുമാണ്. ദീർഘകാലത്തെ അനുഭവ സമ്പത്തും ആധുനിക സാങ്കേതിക വിദ്യകളും ശാസ്ത്ര വിജ്ഞാനവും സംയോജിപ്പിച്ച് ബൃഹത്തായ കാർഷിക മേഖലാ നവീകരണവും പുനർനിർമ്മാണവുമായിരിക്കണം ഇനി നമ്മുടെ അടിയന്തിര ശ്രദ്ധ കടന്നു ചെല്ലേണ്ട പ്രവർത്തന രംഗം.

ഈ ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ ഒരു സ്വപ്ന വർഷ പദ്ധതി തന്നെ തയ്യാറാക്കാൻ ഇന്നു കേരളത്തിനു കഴിയും. ലോകമെമ്പാടുമുള്ള കേരള സ്നേഹികളെല്ലാം നമ്മെ സഹായിക്കാനെത്തും. വലുതും ചെറുതുമായ ഓരോ കൃഷിയിടത്തിന്റെയും നവീകരണത്തിനുള്ള സമഗ്ര പദ്ധതി തയ്യാറാക്കുകയും വിത്തു മുതൽ വിപണി വരെയുള്ളു മേഖലയിൽ സംരക്ഷണവും പിന്തുണയും ഉറപ്പു വരുത്തുകയും വേണം. അഞ്ചു വർഷത്തേക്ക് ഈ മേഖലയിൽ കുറഞ്ഞത് 25000 കോടി രൂപയുടെ നിക്ഷേപവും, 1 ലക്ഷം കോടി രൂപയുടെ പലിശ രഹിത വായ്പയും ആവശ്യം വരും. കാരണം കൃഷിയിടങ്ങളായി തന്നെ 21 ലക്ഷം ഹെക്ടർ ഉള്ളപ്പോൾ, പലയിനം വിളകൾ ഒരുമിച്ച് കൃഷി ചെയ്യുക വഴി വിവിധ വിളകൾക്കായി 26 ലക്ഷം ഹെക്ടർ ഭൂമി നാം കൃഷിയ്ക്കുപയുക്തമാക്കുന്നുണ്ട്.

സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ വളരെ പരിമിതമാണെങ്കിൽകൂടി സംയോജിത കൃഷിയിലേക്ക് കടന്നു വരാനുള്ള ജനതയുടെ താൽപര്യത്തെ എടുത്തു പറയാം. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലെ കാർഷിക മേഖലയുടെ ശ്രദ്ധ ഏതാണ്ട് മുഴുവനായി കേന്ദ്രീകരിച്ചത് ഉൽപാദനത്തിൽ മാത്രമായിരുന്നു. അതിനാൽ, ഉൽപാദന രംഗം സമ്പുഷ്ടമായപ്പോൾ അതിന്റെ യഥാർത്ഥ വിജയ ശിൽപികളായ കൃഷിക്കാർ ആത്മഹത്യ ചെയ്യുന്ന ദയനീയ ചിത്രം കൂടി നാം കാണേണ്ടി വരുന്നു. അതിനാൽ കാർഷികോത്പാദന വർദ്ധനവിനൊപ്പം കർഷക ക്ഷേമവും പുരോഗമിക്കണം. ഈ വിധം മാന്യമായ ജീവിതവും സമൂഹത്തിന്റെ അംഗീകാരവും ലഭ്യമാക്കുന്ന മേഖലയായി കാർഷിക രംഗം മാറണം. ഒപ്പം കൂടുതൽ ധനനിക്ഷേപവും സമ്പദ് വ്യവസ്ഥയ്ക്ക് അധിക വരുമാനവും ലക്ഷ്യമാക്കുന്ന സംരംഭമായി കൃഷിയെ വളർത്തിയെടുക്കുകയും വേണം. കൃഷിയുമായി ബന്ധപ്പെട്ട വൈവിധ്യമാർന്ന മേഖലകളിലെ സ്ഥാപനങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെയും, വിദഗ്ധരുടേയും, ശാസ്ത്രജ്ഞന്മാരുടേയും, മറ്റ് മേഖലകളിലെ പരിചയ സമ്പന്നരുടേയും, കൃഷിക്കാരുടേയും അനുഭവങ്ങളും മേൽ പറഞ്ഞ ലക്ഷ്യ സാക്ഷാത്ക്കാരത്തിന് ഉപയോഗപ്പെടുത്തണം.

അതിനായി 4 ദൗത്യ സേനകൾക്ക് അടിയന്തിരമായി രൂപം നൽകുന്നത് ഉചിതമായിരിക്കും. 1. നെല്ലും അനുബന്ധ വിളകളും പച്ചക്കറിയും 2. തെങ്ങും അനുബന്ധ വിളകളും 3. പ്ലാന്റേഷൻ വിളകളും ദീർഘകാല വിളകളും പഴ മരങ്ങളും 4. മൃഗ സംരക്ഷണം – എന്നിങ്ങനെ 4 ടാസ്ക് ഫോഴ്സുകൾക്ക് 2 മാസത്തിനകം രൂപം നൽകി സമഗ്ര പദ്ധതി സമർപ്പിക്കണം. ആദ്യമാസം തന്നെ കരട് തയ്യാറാക്കി ചർച്ചകളും വിശകലനങ്ങളും നടത്തണം. പഞ്ചായത്ത് മുതൽ നിയമസഭ വരെയുള്ള ചർച്ചകൾക്ക് ശേഷം സമഗ്ര പരിപാടി പ്രത്യേക വിഭവ സാമ്പത്തിക പട്ടികകൾ ഉൾപ്പെടെ ഗവൺമെന്റിനു സമർപ്പിക്കണം.

ഇന്ത്യയിൽ ഇത്തരം ഒരു കാർഷിക പുന:സംഘടനയ്ക്കും പുനരുദ്ധാരണത്തിനുമുള്ള പദ്ധതി തയ്യാറാക്കിയിട്ടില്ലെന്ന് തോന്നുന്നു. കഴിഞ്ഞ 70 വർഷക്കാലത്തെ അനുഭവത്തിനിടയിൽ ഇത്തരത്തിലൊരു യത്നം ഇന്ത്യയിലെങ്ങും നടന്നിട്ടില്ല. ഒരു മഹാ ദുരിതത്തെ അത്ഭുതകരമായ ജനകീയ കൂട്ടായ്മയോടുകൂടി അതിന്റെ സംഹാര രുദ്രമായ പ്രഥമ ആഘാതത്തിൽ നിന്ന് രക്ഷിച്ചെടുക്കുവാൻ കഴിഞ്ഞതു വഴി സർക്കാരും കേരളവും കേന്ദ്രവുമൊക്കെ ലോക മാനവചരിത്രത്തിൽ പ്രത്യാശയുടെ കനകദീപം കൊളുത്തിയിരിക്കുകയാണ്.

അതിന്റെ രണ്ടാം ഘട്ടത്തിലേക്ക് വർദ്ധിത ഊർജ്ജത്തോടെയും ആത്മാർപ്പണത്തോടെയും നമുക്ക് മുന്നേറാം. ഇതിനു വേണ്ട വിഭവ (ധന) സമാഹരണത്തിനായി കേന്ദ്രത്തേയും റിസർവ് ബാങ്കിനേയും ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിനേയും, ഐഎം.എഫിനെയും പോരെങ്കിൽ യു.എൻ. നെയും സമീപിക്കാൻ നമുക്ക് കഴിയും, കഴിയണം. ലോകം ഭീതികൊണ്ട് വിറച്ച് മാത്രം പറയുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ എത്രയോ ചെറിയ ഒരു അംശം മാത്രമാണ് കേരളത്തിൽ ഇപ്പോൾ നാം ദർശിച്ചത് എന്നു കൂടി മനസ്സിലാക്കുന്നത് നല്ലതാണ്. കാലാവസ്ഥാ വ്യതിയാനത്തിനുവേണ്ടി കോടിക്കണക്കിന് ബില്യൺ ഡോളർ യു. എൻ. ശേഖരിച്ച് പാരീസ് ഉടമ്പടി പ്രകാരം സൂക്ഷിച്ചിരിക്കുകയാണ്. പ്രസ്തുത ഫണ്ടിന്റെ കാര്യം ഡോ. എം. എസ്. സ്വാമിനാഥൻ അടിക്കടി നമ്മെ ഓർമ്മിപ്പിക്കാറുണ്ട്. അപ്പോൾ പണമുണ്ട്, അതു ചൂണ്ടിക്കാട്ടി ചോദിച്ചു വാങ്ങാനുള്ള സമർത്ഥവും തന്ത്രപരവുമായ സമീപനമാണ് നാം സ്വീകരിക്കേണ്ടത്. അതിന് ഇനി വൈകി കൂടാ. നവ കേരള സൃഷ്ടി യാഥാർത്ഥ്യമാക്കാൻ നമുക്ക് കഴിയും. ■

*ഫോൺ: 9947460075*

भारत सरकार
कृषि एवं किसान कल्याण मंत्रालय
कृषि, सहकारिता एवं किसान कल्याण विभाग
कृषि भवन, नई दिल्ली-110001

Government of India
Ministry of Agriculture and Farmers Welfare
Department of Agriculture, Cooperation
and Farmers Welfare
Krishi Bhawan, New Delhi-110001

सत्यमेव जयते

ഡോ.ബിഎൻ ശ്രീനിവാസ മൂർത്തി
ഹോർട്ടിക്കൾച്ചർ കമ്മിഷണർ
ഫോൺ 23382543, മൊബൈൽ 8826433755

ഡി ഒ നമ്പർ 1-1 /12018 എച്ച് സി

*പ്രിയ ഡോ. വില്യംസ്*

യൂ ട്യൂബിൽ 2018 ജൂലൈ 10 ന് 'വെളിച്ചെണ്ണയും ഇതര പോഷക വീഴ്ച്ചകളും' എന്ന തലക്കെട്ടിൽ ഡോ. കരീന മൈക്കേൽ (ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്രിവൻഷൻ ആൻഡ് ട്യൂമർ എപിഡെമൊളജി, ഫ്രൈബൂർഗ് സർവകലാശാല, പ്രൊഫസർ, ഹാർവാർഡ് ടിഎച്ച് ചാൻ സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്) പ്രസിദ്ധീകരിച്ച പോസ്റ്റിൽ വെളിച്ചെണ്ണയെ ശുദ്ധ വിഷം എന്നും മനുഷ്യൻ ഭക്ഷിക്കുന്ന ഏറ്റവും മോശമായ ആഹാരം എന്നും ചിത്രീകരിച്ചു കണ്ടു. പ്രഭാഷണത്തിൽ വെളിച്ചെണ്ണയെ സംബന്ധിച്ച് വിവാദപരമായ ഏതാനും പരാമർശങ്ങളും അവർ നടത്തിയിട്ടുണ്ട്. മാത്രവുമല്ല ഈ വിഡിയോയ്ക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താനുള്ള പ്രോഗ്രാം സംവിധാനം ഇല്ലാതാക്കുകയും ചെയ്തിരിക്കുന്നു. ഇക്കാരണത്താലാണ് ഇന്ത്യയിലെ നാളികേര കൃഷിക്കാരുടെ പേരിൽ അങ്ങേയ്ക്ക് ഈ കുറിപ്പ് നേരിട്ട് എഴുതുന്നത്. ഇന്ത്യൻ സമൂഹത്തിലെ ദുർബല വിഭാഗങ്ങൾ അനുഭവിക്കുന്ന ദാരിദ്ര്യം ലഘൂകരിക്കാനും അവർക്കു തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും നാളികേരമേഖല അതി പ്രധാനമായ പങ്കാണ് വഹിക്കുന്നത്. ഏകദേശം 12 ദശലക്ഷം കാർഷിക കുടംബങ്ങൾക്ക് ഈ വ്യവസായം ഉപജീവന മാർഗ്ഗമാണ്. നാളികേരം ഇന്ത്യയുടെ മഹത്തായ പാരമ്പര്യത്തിന്റെ ഭാഗവും, അനേക സംവത്സരങ്ങളായി ജീവന്റെ വൃക്ഷം എന്ന നാമധേയത്താൽ ആദരിക്കപ്പെടുന്ന വിളയുമാണ്.

വെളിച്ചെണ്ണ ഉപയോഗിക്കുന്നതു കൊണ്ടുള്ള ആരോഗ്യ പ്രയോജനങ്ങൾ സംബന്ധിച്ച് പഠനങ്ങൾ നടന്നിട്ടില്ല എന്ന വാദത്തിനു വിരുദ്ധമായി ഗൂഗിളിൽ തന്നെ ഏകദേശം 191,00,000 സൂചനകളും, വെളിച്ചെണ്ണ ഉപയോഗിക്കുന്നതു കൊണ്ടുള്ള നന്മകൾ വിവരിക്കുന്ന 4,11,000 പണ്ഡിതോചിത ലേഖനങ്ങളും ഉണ്ട് എന്ന് ചൂണ്ടിക്കാണിക്കട്ടെ. അതിനാൽ ഡോ. മൈക്കേലിന്റെ പ്രസ്താവനകൾ അടിസ്ഥാനരഹിതവും ചിന്താശൂന്യവും ആകുന്നു. ഹൃദ് രോഗവുമായോ മറ്റ് ഗുരുതര രോഗങ്ങളുമായോ വെളിച്ചെണ്ണയുടെ ഉപയോഗത്തിനു ബന്ധമുണ്ട് എന്നതിന് ഒരു തെളിവും ഇല്ലെന്നു മാത്രമല്ല, ആനുകാലിക പഠനങ്ങൾ തെളിയിക്കുന്നത് വെളിച്ചെണ്ണ ആരോഗ്യദായകമാണെന്നുമാണ്.

ശാസ്ത്രീയ പഠനങ്ങളെ അടിസ്ഥാനമാക്കിയുള്ള തെളിവുകൾ വച്ച് വെളിച്ചെണ്ണയുടെ പത്ത് ആരോഗ്യ ഗുണങ്ങൾ ഞാൻ ഇവിടെ സൂചിപ്പിക്കുന്നു.

- ഓർമ്മശക്തിയും മസ്തിഷ്ക പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നു.
- ശാരീരിക പോഷണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നു
- ശരീരത്തിൽ അടിഞ്ഞു കൂടുന്ന വിഷപാദർത്ഥങ്ങളെ പുറം തള്ളാൻ സഹായിക്കുന്നു.
- പ്രതിരോധ ശേഷി വർധിപ്പിക്കുന്നു
- രോഗാണുക്കളെയും രോഗവാഹികളായ മറ്റ് സൂക്ഷ്മാണുക്കളെയും പ്രതിരോധിക്കുന്നു.
- പല്ലുകളുടെയും മോണയുടെയും ആരോഗ്യം പരിരക്ഷിക്കുന്നു
- ചർമ്മത്തെ ഈർപ്പമുള്ളതാക്കി നിലനിർത്തുന്നു
- ചർമ്മ കോശങ്ങളെ സംരക്ഷിക്കുന്നു
- ചർമ്മ ശുചീകരണത്തിനുള്ള ഏറ്റവും ഫലപ്രദമായ ഉപാധിയായി വർത്തിക്കുന്നു
- തലമുടിയുടെ വളർച്ചയ്ക്കും ആരോഗ്യത്തിനും തിളക്കത്തിനും ആധാരമാകുന്നു

ഞങ്ങളെ സംബന്ധിച്ചിടത്തോളം സംവത്സരങ്ങളായി ഞങ്ങളുടെ പൂർവികർ ശരിയെന്നു പരീക്ഷിച്ച് നിർദ്ദേശിച്ചു തന്നിട്ടുള്ള ആഹാരക്രമം ഉണ്ട്. ഇക്കാര്യത്തിൽ കൂലിക്ക് ഉപദേശം നല്കുന്ന സ്ഥാപനങ്ങളുടെ ഒത്താശ ഞങ്ങൾക്കു വേണ്ട. വെളിച്ചെണ്ണയെ വിഷം എന്നു വിളിച്ച് സ്വാഭാവിക ആരോഗ്യത്തെ സ്നേഹിക്കുന്നവരിൽ ആശയക്കുഴപ്പം സൃഷ്ടിക്കാൻ ആഗ്രഹിക്കുന്നവരുണ്ടാകും. അതാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്. അതുകൊണ്ട് ലോകത്തിലെ കോടിക്കണക്കിനാളുകൾ ആദരിക്കുന്ന ഒരു വിളയെ കുറിച്ച് ഇത്തരത്തിൽ തെറ്റായ പ്രസ്താവന നടത്താൻ അവർ നിർബന്ധിതയായ സാഹചര്യം കൂടി വെളിപ്പെടുത്തി ഒരു നിഷേധക്കുറിപ്പു പ്രസിദ്ധീകരിക്കാൻ അങ്ങ് നടപടി സ്വീകരിക്കുമെന്നു കരുതുന്നു.

ആദരപൂർവം

ഡോ. മിഖെല്ലെ എ വില്യംസ് എസ് സി ഡി, ഡീൻ ഓഫ് ഫാക്കൽറ്റി, ഹാർവാർഡ് ടിഎച്ച് ചാൻ സ്കൂൾ ഓഫ് പബ്ലിക്ക് ഹെൽത്ത്, ബോസ്റ്റൺ, യുഎസ്എ.

പകർപ്പ്: ഡോ. കരിന മൈക്കേൽസ്, ഹാർവാർഡ് ടിഎച്ച് ചാൻ സ്കൂൾ ഓഫ് പബ്ലിക്ക് ഹെൽത്ത്, ബോസ്റ്റൺ, യുഎസ്എ.

# വെളിച്ചെണ്ണ – ഭക്ഷണമാണ്, ഔഷധവും

**ഡോ സി മോഹൻകുമാർ**
ഡയറക്ടർ, എസ് സി എം എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോസയൻസ് ആൻഡ് ബയോടെക്നോളജി,
കൊച്ചി –33

**വെളിച്ചെണ്ണയെ വിഷം എന്നു വിളിച്ച് അപഹസിച്ച ഹാർവാർഡ് പ്രഫസർ ഡോ. കരീന മൈക്കേലിന് നാളികേ രാനുബന്ധ വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന കൊച്ചിയിലെ പ്രമുഖ ശാസ്ത്രജ്ഞനും എസ് സി എം എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോസയൻസ് ആൻഡ് ബയോടെക്നോളജി ഡയറക്ടറുമായ ഡോ. സി മോഹൻകുമാർ നല്കിയ മറുപടി**

*പ്രിയ പ്രൊഫസർ കരീന മൈക്കേൽ,*

വെളിച്ചെണ്ണ മനുഷ്യ ശരീരത്തിന് വിഷമാണ് എന്ന അർത്ഥത്തിൽ അടുത്ത നാളിൽ താങ്കൾ നടത്തിയ തികച്ചും വിവാദപരമായ അവകാശവാദത്തിനുള്ള വിശദീകരണമാണ് ഈ കുറിപ്പ്. അന്താരാഷ്ട്ര പ്രശസ്തമായ ഹാർവാഡിലെ പ്രഫസർ എന്ന നിലയിൽ താങ്കൾ നടത്തിയ പരാമർശം തികച്ചും മുൻവിധിയോടു കൂടിയതാണ് എന്ന് ആദ്യമെ പറയട്ടെ. ലോകമെമ്പാടും നാളികേര സംബന്ധിയായ ഗവേഷണങ്ങളിൽ, പ്രത്യേകിച്ച് വെളിച്ചെണ്ണയുടെ രാസ ഘടന മനസിലാക്കുന്നതിനുള്ള പഠനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ശാസ്ത്രജ്ഞരിൽ ഇത് കടുത്ത നിരാശയും ഉത്ക്കണ്ഠയും ഉളവാക്കിയിരിക്കുന്നു എന്നു കൂടി അറിയിക്കട്ടെ. വെളിച്ചെണ്ണയുടെ തന്മാത്രാ തലത്തിലുള്ള ലിപ്പിഡ് പ്രൊഫൈലിന്റെ അടിസ്ഥാനത്തിൽ താങ്കളുടെ പ്രസ്താവന അശാസ്ത്രീയവും ശുദ്ധ അസംബന്ധവുമാണ്. വെളിച്ചെണ്ണയെ കുറിച്ച് താങ്കൾ നടത്തിയ ഈ അബദ്ധ പ്രസ്താവനയുടെ കൃത്യമായ സ്രോതസിനെ കുറിച്ച് ഞങ്ങൾ സന്ദേഹിക്കുന്നു. ആശയക്കുഴപ്പം മരണത്തെക്കാൾ ഭയാനകമാണ് എന്ന് താങ്കൾക്ക് അറിയാമല്ലോ.

ശരിയായ ആരോഗ്യം പരിപാലിക്കാനുള്ള ആഗ്രഹം എല്ലാ മനുഷ്യരുടെയും ജന്മാവകാശമാണ്. അതുകൊണ്ടു തന്നെ സ്വന്തം ഭക്ഷണം തെരഞ്ഞെടുക്കുന്ന കാര്യത്തിൽ എല്ലാവരും പ്രത്യേക താല്പര്യങ്ങൾ പുലർത്തുന്നു. മറ്റൊരർത്ഥത്തിൽ ആധുനിക ഔഷധനിർമ്മാണ ശാസ്ത്രത്തിന്റെയും പോഷകാഹാര ശാസ്ത്രത്തിന്റെയും കാഴ്ച്ചപ്പാടിൽ ഭക്ഷണം തന്നെയാണ് ഔഷധം.

> **സത്യത്തിൽ കൊളസ്ട്രോൾ രൂപീകരണത്തിൽ പൂരിത കൊഴുപ്പിന്റെ പങ്ക് കാലഹരണപ്പെട്ട സിദ്ധാന്തമാണ്. കാരണം കൊഴുപ്പമ്ളത്തിന്റെ (ഫാറ്റി ആസിഡ്) തന്മാത്രാ രൂപം (മോളിക്യൂൾ) മൂലം കൊഴുപ്പ് ദഹിക്കുകയും വ്യത്യസ്ത രീതിയിൽ ചയാപചയം നടക്കുകയും ചെയ്യുന്നു. അതിനാൽ നാളികേരത്തിലെ കൊഴുപ്പുമായി ബന്ധപ്പെട്ട കഥയ്ക്ക് പൊതുജനങ്ങളോടു പറയുവാനുള്ളത് ചില വ്യത്യസ്ത കാര്യങ്ങളാണ്.**



## ഡോ കരീന മൈക്കേൽസ് ഹാർവാർഡിന്റെ പേര് ദുരുപയോഗിച്ചു

Dear Dr. Murthy,

Thank you for your correspondence. We are aware of media coverage of Dr. Michels giving a talk in which she mentioned coconut oil. Media reports have referred to Dr. Michels as a "Harvard professor." This is misleading. She has an appointment as an adjunct professor, which she retains because she will be mentoring a student.

Sincerely,

**Michelle A. Williams, ScD | Dean of the Faculty**
Harvard T.H. Chan School of Public Health

Angelopoulos Professor in Public Health and International Development,
Harvard T.H. Chan School of Public Health and Harvard Kennedy School

ഡോ കരീന മൈക്കേൽസ് ഹാർവാഡിലെ പ്രൊഫസർ അല്ലെന്നും അവർ സ്ഥാപനത്തിന്റെ പേര് ദുരുപയോഗിക്കുകയാണ് ചെയ്യുന്നതെന്നും വെളിച്ചെണ്ണ വിവാദത്തിൽ ഹാർവാഡിലെ ടിഎച്ച് ചാൻ സ്കൂൾ ഓഫ് പബ്ലിക്ക് ഹെൽത്ത് ഡീൻ മിഷേലെ വില്യംസ് വെളിപ്പെടുത്തി. ഡോ കരീന മൈക്കേൽസിന്റെ വിവാദ പരാമർശം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് നാളികേര വികസന മുൻ ചെയർമാനും നിലവിൽ ഇന്ത്യ ഗവൺമെന്റിന്റെ ഹോർട്ടി കൾച്ചർ കമ്മിഷണറുമായ ഡോ ബിഎൻഎസ് മൂർത്തി ഹാർവാഡ് സ്കൂൾ ഡീനിന് കത്തെഴുതിയിരുന്നു. ഇതിനുള്ള മറുപടിയിലാണ് ഡോ മൈക്കേൽസ് ഹാർവാഡിലെ പ്രൊഫസർ അല്ലെന്നും അവിടെ ഒരു വിദ്യാർത്ഥിയുടെ ഗവേഷണത്തിനു മേൽ നോട്ടം വഹിക്കുക മാത്രമെ ചെയ്യുന്നുള്ളു എന്നും സ്കൂൾ ഡീൻ മിഷേലെ വില്യംസ് വെളിപ്പെടുത്തിയത്. അതിനാൽ അവർ നടത്തിയ പ്രസ്താവന, വ്യക്തിപരമായ അഭിപ്രായം ആണെന്നും സ്ഥാപനവുമായി അതിനു ബന്ധമില്ല എന്നു ഡീൻ വില്യംസ് ചൂണ്ടിക്കാട്ടി.

ഈ ഭൂഗോളത്തിന്റെ ഉഷ്ണമേഖലാ പ്രദേശങ്ങളിലെ 90 രാജ്യങ്ങളിൽ, ഉദ്ദേശം 12 ദശലക്ഷം ഹെക്ടറിലായി പരിപാലിക്കപ്പെടുന്ന വൃക്ഷവിളയാണ് നാളികേരം. ലോകത്തിൽ ലഭിക്കുന്ന മറ്റ് ഏത് സസ്യ എണ്ണയുമായി താരതമ്യപ്പെടുത്തുമ്പോഴും നാളികേരം എന്ന എണ്ണക്കുരുവിൽ നിന്നു ലഭിക്കുന്ന വെളിച്ചെണ്ണയുടെ ലിപ്പിഡ് പ്രൊഫൈൽ വളരെ പ്രത്യേകത നിറഞ്ഞതും വിശിഷ്ടവുമാണ് എന്നതിനാൽ, ഇതിന്റെ പോഷക – ചികിത്സാ ഗുണങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു.

ഡോ. ആൻസൽ കീ 1960 ൽ മുന്നോട്ടു വച്ച അനുമാനങ്ങളുടെ അടിസ്ഥാനത്തിലും, അമേരിക്കൻ ഹാർട്ട് അസോസിയേഷന്റെ ധാർമ്മിക പിന്തുണയിലും ഭൂരിഭാഗം ക്ലിനിക്കൽ ഡോക്ടർമാരും ധരിച്ചു വശായിരിക്കുന്ന ഒരു പ്രമാണമുണ്ട്, അതായത് ശരീരത്തിൽ കൊളസ്ട്രോൾ അടിഞ്ഞു കൂടുന്നതിന്റെ പ്രധാന ഘടകം പൂരിത കൊഴുപ്പാണ് എന്ന്. അതുവഴി ഹൃദ്രോഗത്തിനും അനുബന്ധ പ്രശ്നങ്ങൾക്കും കാരണം പൂരിത കൊഴുപ്പാണ് എന്നു സാമാന്യവത്ക്കരിക്കുന്നതിനു പിടിവള്ളിയായി കീയുടെ നിഗമനം യാദൃശ്ചയാ ഇടയാകുകയായിരുന്നു. പതിറ്റാണ്ടുകൾ മുമ്പ് ചികിത്സാ മേഖലയിൽ കീയുടെ സൂത്രവാക്യം മേൽക്കൈ നേടിയിരുന്നിരിക്കാം. പക്ഷെ ഇന്നും വെളിച്ചെണ്ണയുടെ ഗുണനിലവാരത്തെ താഴ്ത്തി കെട്ടുന്നതിനുള്ള ഒരു പേടിസ്വപ്നമായി ഇതു ശേഷിക്കുന്നു. സത്യത്തിൽ കൊളസ്ട്രോൾ രൂപീകരണത്തിൽ പൂരിത കൊഴുപ്പിന്റെ പങ്ക് കാലഹരണപ്പെട്ട സിദ്ധാന്തമാണ്. കാരണം കൊഴുപ്പമ്ളത്തിന്റെ (ഫാറ്റി ആസിഡ്) തന്മാത്രാ രൂപം ( മോളിക്യൂൾ) മൂലം കൊഴുപ്പ് ദഹിക്കുകയും വ്യത്യസ്ത രീതിയിൽ ചയാപചയം നടക്കുകയും ചെയ്യുന്നു.അതിനാൽ നാളികേരത്തിലെ കൊഴുപ്പുമായി ബന്ധപ്പെട്ട കഥയ്ക്ക് പൊതുജനങ്ങളോടു പറയുവാനുള്ളത് ചില വ്യത്യസ്ത കാര്യങ്ങളാണ്.

വെളിച്ചെണ്ണയിൽ തീർച്ചയായും പൂരിത കൊഴുപ്പ് ഉണ്ട്. എന്നാൽ എല്ലാ പൂരിത കൊഴുപ്പുകളും കൊളസ്ട്രോൾ സങ്കലനത്തിൽ പങ്കാളികളല്ല. പരമ്പരാഗത സങ്കല്പം അനുസരിച്ച് കൊഴുപ്പ്അമ്ലങ്ങൾ വഴി ചയാപചയം നടക്കുകയും അവ കൊളസ്ട്രോൾ രൂപീകരണത്തിനുള്ള ട്രൈഗ്ലിസറൈഡുകളുടെ നിർമ്മാണസാമഗ്രിയാവുകയും ചെയ്യുന്നു. പക്ഷെ ശരീരത്തിലേയ്ക്കു സ്വതന്ത്രമാക്കുന്ന എല്ലാ പൂരിത കൊഴുപ്പ് അമ്ലങ്ങളും ട്രൈഗ്ലിസറൈഡിലും കോളസ്ട്രോൾ രൂപീകരണത്തിലും പ്രവർത്തിക്കുന്നില്ല. ദീർഘ ശൃംഖലാ പൂരിത കൊഴുപ്പ് അമ്ലങ്ങൾ മാത്രമെ ട്രൈഗ്ലിസറൈഡുകൾക്കും കൊളസ്ട്രോളിനുമായി ഉപയോഗപ്പെടുത്തുന്നുള്ളു. വെളിച്ചെണ്ണയിലാകട്ടെ, അത് 30 ശതമാനത്തിലും കുറവാണ്.അതിൽ തന്നെ മിറിസ്റ്റിക് ആസിഡ് ( സി 14) 18 ശതമാനമെ ഉള്ളു. വെളിച്ചെണ്ണയിൽ സി 6 മുതൽ സി 12 വരെയുള്ള മധ്യശൃംഖലാ കൊഴുപ്പമ്ലങ്ങൾ ധാരാളം ഉണ്ട്. പക്ഷെ അവയെ പാൽമെറ്റിക്, സ്റ്റെറിക് (സി –16, സി –18) ദീർഘ ശൃംഖലാ കൊഴുപ്പമ്ലങ്ങളെ പോലെ സംസ്കരണ പ്രക്രിയ നടക്കുന്നില്ല. സാധാരണ ശരീരത്തിനുള്ളിൽ എത്തുന്ന ദീർഘശൃംഖലാ കൊഴുപ്പമ്ലങ്ങൾ, വിഭജിക്കപ്പെടുന്നതിനു മുമ്പ് കരളിനോടു ചേർന്നുള്ള പിത്തഗ്രന്ഥിയിൽ നിന്നു പുറത്തു വിടുന്ന പിത്തരസ(ബൈൽ) വുമായി കലരും. വെളിച്ചെണ്ണയിൽ മധ്യശൃംഖലാ കൊഴുപ്പമ്ലം 65 ശതമാനമെയുള്ളു. ദഹന വേളയിൽ മധ്യശൃംഖലാ കൊഴുപ്പമ്ലങ്ങൾ നേരിട്ട് കരളിലേയ്ക്ക് എത്തുകയും അവ പിത്തരസത്തിന്റെ സഹായം കൂടാതെ നേരിട്ട് കീറ്റോണുകളായി മാറ്റപ്പെടുകയും ചെയ്യുന്നു. കരളാകട്ടെ ഉടൻ തന്നെ കീറ്റോണുകളെ ഗ്ലൂക്കോസിനു പകരമുള്ള ഇന്ധനമായി രക്തചംക്രമണ സംവിധാനത്തിലേയ്ക്കു സ്വതന്ത്രമാക്കുകയും ചെയ്യുന്നു.

മറവി രോഗ ചികിത്സയിൽ വെളിച്ചെണ്ണയുടെ ഔഷധസിദ്ധിയെ പ്രമാണീകരിക്കുന്നതിന്റെ ഒരു കാരണം, മധ്യശൃംഖലാ കൊഴുപ്പമ്ലത്തിൽ നിന്ന് കീറ്റോണുകളെ വികസിപ്പിക്കാനുള്ള കുറുക്കു വഴിയാണ്. അതുകൊണ്ട് കൊളസ്ട്രോളിലെ പൂരിത കൊഴുപ്പിനെ കുറിച്ചുള്ള പഴയ സങ്കല്പം മറ്റെല്ലാ സസ്യ എണ്ണകളിൽ നിന്നു വ്യത്യസ്ഥമായി നിലക്കൊള്ളുന്ന വെളിച്ചെണ്ണയുടെ രസതന്ത്രവുമായി യോജിച്ചു പോകുന്നതല്ല എന്ന് ഓർമ്മിപ്പിക്കട്ടെ.

■ *മൊബൈൽ– 9847 065069*

# ഒരു കരീബിയൻ നാളികേര ബ്ലോഗ്

**ഡോ. ബി. ശശികുമാർ**
വരദ, ശാസ്തമംഗലം, തിരുവനന്തപുരം

പല കരീബിയൻ രാജ്യങ്ങളും നാളികേര കൃഷിയുടെ വിളനിലമാണ്. ഗയാന - വെനിസ്വലയും, സുരിനാമു, ബ്രസീലുമായി അതിരു പങ്കിടുന്ന ഗയാന (ബ്രിട്ടീഷ് ഗയാന), തെക്കേ അമേരിക്കയിലെ കൊച്ചു രാജ്യമാണ്. കഷ്ടിച്ചു 8 ലക്ഷം മാത്രം ജനസംഖ്യ! നെല്ലും, തെങ്ങും, കരിമ്പും, കപ്പയും, മാവും, പ്ലാവും, വാഴയും ഒക്കെയായി കേരളം പോലൊരു നാട്!

ജനങ്ങളിൽ നല്ലൊരു ഭാഗം ഇന്ത്യൻ വംശജർ. ബാക്കി കറുത്ത വർഗ്ഗക്കാരും, അമേരിന്ത്യൻ (Amerindians) എന്ന ഗോത്ര ജനതയും. മാതൃഭാഷ ഇംഗ്ലീഷ് ആണെങ്കിലും ഹിന്ദി പാട്ടുകളും, ഹിന്ദി സിനിമയും കുറെയൊക്കെ ഹിന്ദി വാക്കുകളും ഗയാനയിൽ സുപരിചിതമാണ്!

അറ്റ്ലാന്റിക്സ് സമുദ്രത്തിൽ സ്ഥിതി ചെയ്യുന്ന ഗയാനയിൽ ഇന്ത്യൻ വംശജർ എങ്ങനെ എത്തിച്ചേർന്നു? ഗയാന പണ്ടൊരു ബ്രിട്ടീഷ് കോളനി ആയിരുന്നു എന്നതാണ് കാരണം! വെസ്റ്റ് ഇന്ത്യൻ ദ്വീപു സമൂഹങ്ങളിൽ പെടുന്ന ഗയാനയിലേക്ക് കരിമ്പിൻ തോട്ടങ്ങളിലെ പണിക്കായി 19-20 നൂറ്റാണ്ടുകളിൽ ബ്രിട്ടീഷുകാർ ഇന്ത്യയിൽ നിന്നും കൊണ്ടു പോയ കരാർ തൊഴിലാളികളുടെ പിൻ തലമുറക്കാരാണ് ഗയാനയിലെ ഇന്നത്തെ ഇന്ത്യൻ വംശജർ. ഈസ്റ്റ് ഇന്ത്യക്കാർ എന്നാണ് ഇന്ത്യൻ വംശജർ അന്നാട്ടിൽ ഇപ്പോഴും അറിയപ്പെടുന്നത്. ബീഹാർ, ഉത്തർപ്രദേശ്, ബംഗാൾ, തമിഴ്നാട്, ആന്ധ്രാ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ളവരായിരുന്നു ആദിമ കുടിയേറ്റക്കാർ. അതുകൊണ്ടു തന്നെ ഇപ്പോഴും ഗയാനയിൽ പ്രസാദുമാരും (Persuad) പെരുമാളുമാരും (Peroomaul) സിങ്ങുമാരും രാമസ്വാമിമാരും (Ramsaamy) സരോജിനിയും (Sargini) ശാന്തമാരും (Santa) ഒക്കെ ധാരാളം! കാലം പോകവേ ഉച്ചാരണവും, ലിപികളും ഒക്കെ മാറി എന്നത് സത്യം!

ധാരാളം നദികളും, അവയിലെല്ലാം ഒട്ടേറെ തുരുത്തുകളും, ജലാശയങ്ങളും, സമുദ്ര തീരവും ഒക്കെ ഉള്ള ഗയാനയിൽ കേരളത്തിന്റെ നെല്ലറയായ കുട്ടനാടിനോട് സമാനമായ ജീവിത സാഹചര്യമാണുള്ളത്. സമുദ്ര നദീ തീരങ്ങളിലും തുരുത്തുകളിലും ഉൾനാടൻ പ്രദേശങ്ങളിലും ആണ് കർഷകർ ഏറെയും ഉള്ളത്. സമുദ്ര നിരപ്പിൽ നിന്നും താഴെ സ്ഥിതി ചെയ്യുന്ന ഗയാനയിൽ യാത്രയ്ക്കും കാർഷിക ഉത്പ്പന്നങ്ങൾ കൊണ്ടു പോകാനും ഏറെ ആശ്രയിക്കുന്നത് ബോട്ടുകളെയും ചെറു വള്ളങ്ങളെയുമാണ്.

ഗയാനയും ഇന്ത്യയും തമ്മിൽ ഉഭയ കക്ഷി കരാറുകൾ നിലവിലുണ്ട്. കൃഷി അടക്കം ഒട്ടേറെ മേഖലകളിൽ ഇന്ത്യയിൽ നിന്നുള്ള വിദഗ്ധരുടെ സേവനവും, സാമ്പത്തിക സഹായവും ഇന്ത്യൻ ഹൈ കമ്മീഷൻ വഴി ഗയാനയ്ക്ക് നൽകി വരുന്നു. അങ്ങനെയാണ് സുഗന്ധ വിള വിദഗ്ധനായി ( സ്പൈസ് എക്സ്പേർട്ട്) രണ്ടു വർഷം ഗയാനയിൽ സേവനം അനുഷ്ഠിക്കാൻ അവസരം ലഭിക്കുന്നതും, അന്നാട്ടിലെ കൃഷിയും ജനജീവിതവും അടുത്തറിയാൻ കഴിഞ്ഞതും.

നെല്ലും, കരിമ്പും കഴിഞ്ഞാൽ ഒരു കാലത്തു തെങ്ങു കൃഷിയായിരുന്നു ഗയാനയിൽ പ്രധാനം. എന്നാൽ കൽപവൃ



**ധാരാളം നദികളും, അവയിലെല്ലാം ഒട്ടേറെ തുരുത്തുകളും, ജലാശയങ്ങളും, സമുദ്ര തീരവും ഒക്കെ ഉള്ള ഗയാനയിൽ കേരളത്തിന്റെ നെല്ലറയായ കുട്ടനാടിനോട് സമാനമായ ജീവിത സാഹചര്യമാണുള്ളത്. സമുദ്ര നദീ തീരങ്ങളിലും തുരുത്തുകളിലും ഉൾനാടൻ പ്രദേശങ്ങളിലും ആണ് കർഷകർ ഏറെയും ഉള്ളത്. സമുദ്ര നിരപ്പിൽ നിന്നും താഴെ സ്ഥിതി ചെയ്യുന്ന ഗയാനയിൽ യാത്രയ്ക്കും കാർഷിക ഉത്പന്നങ്ങൾ കൊണ്ടു പോകാനും ഏറെ ആശ്രയിക്കുന്നത് ബോട്ടുകളെയും ചെറു വള്ളങ്ങളെയുമാണ്.**



ക്ഷമായ തെങ്ങിന്റെ സാധ്യതകൾ ഒട്ടും തന്നെ അന്നാട്ടിൽ ഉപയോഗപ്പെടുത്തുന്നില്ല. രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ ഒരു ശതമാനത്തിൽ താഴെ മാത്രമാണ് നാളികേരത്തിന്റെ സംഭാവന! ഗയാനയുടെ തീരപ്രദേശങ്ങളായ പൊമെറോൺ റിവർ, സുപ്പർനാം, എസേകിബോ, ഈസ്റ്റ് ഡെമറാറ, വെസ്റ്റ് ബെർബിസ്, കൊറെന്റൈൻ എന്നിവിടങ്ങളിലാണ് മുഖ്യമായും തെങ്ങു കൃഷി ഉള്ളത്.

രാജ്യത്ത് 24000 ഹെക്ടറോളം സ്ഥലത്തു ഇപ്പോൾ തെങ്ങു കൃഷിയുണ്ട്. ഉൽപാദനം പ്രതിവർഷം 80 – 100 ദശലക്ഷം തേങ്ങ. ഗയാനയിൽ നിന്നും മറ്റു കരീബിയൻ രാജ്യങ്ങളിലേക്ക് പ്രതിവർഷം 700 – 800 ടൺ തേങ്ങ/ കൊപ്ര കയറ്റി അയയ്ക്കുന്നുണ്ട്.

തെങ്ങുകൾ മുഖ്യമായും നെടിയതും, കുറിയതും എന്നീ രണ്ടു തരം. നെടിയ ഇനത്തിൽനിന്നും കൊപ്രയും കുറിയ ഇനത്തിൽ നിന്നും കരിക്കിൻ വെള്ളവും ആണ് പ്രധാന ഉത്പന്നങ്ങൾ. രണ്ടിനും ഇടയിൽ വരുന്ന ബാസ്റ്റാർഡ് നട്ട് എന്ന് വിളിക്കുന്ന ഒരിനവും ഗയാനയിൽ ഉണ്ട്. ബാസ്റ്റാർഡ് നട്ട് കുറിയതും നെടിയതും തമ്മിലുള്ള സ്വാഭാവിക പരപരാഗണം വഴി ഉരുത്തിരിഞ്ഞതാണ് എന്നത്രെ നിഗമനം. ഈ ഇനം കൊപ്രയ്ക്കും കരിക്കിൻ വെള്ളത്തിനും അനുയോജ്യമാണ് എങ്കിലും ഇതിന്റെ കൊപ്ര അത്ര മികച്ചഗുണനിലവാരം പുലർത്തുന്നതല്ല.

ഗയാനയിൽ നെടിയ തെങ്ങുകളിൽ പ്രധാനമായും രണ്ട് ഇനങ്ങളാണുള്ളത്– പച്ച നിറത്തിൽ വശങ്ങൾ മുഴച്ചു നിൽക്കുന്ന തേങ്ങയും കട്ടി കാമ്പും ഉള്ള ജമൈക്കൻ നെടിയ ഇനവും ഓടിന്റെ (പിത്തളയുടെ) നിറത്തിൽ, നീണ്ടുരുണ്ട തേങ്ങ കായ്ക്കുന്ന പാനാമ നെടിയ ഇനവും. ഇത് രണ്ടും കൂടാതെ കോക്രിറ്റ്, ക്ലാരനട്ട് എന്നിങ്ങനെ വേറെയും ചില നെടിയ ഇനങ്ങൾ ഉണ്ട്.

കുറിയ ഇനങ്ങളും മുഖ്യമായും പച്ചയും മഞ്ഞയുമായി രണ്ടു ഇനങ്ങളുണ്ട്. ബ്രസീലിയൻ കുറിയ പച്ചയുമായി കൂടുതൽ സാദൃശ്യമുള്ളതാണ് ഗയാനയിലെ കുറിയ പച്ച ഇനം. കുറിയ മഞ്ഞ ഇനം, നമുക്ക് പരിചിതമായ മലയൻ മഞ്ഞ കുള്ളനിൽ നിന്നും തേങ്ങയുടെ വലിപ്പത്തിലും നിറത്തിലും വ്യത്യാസം ഉള്ളതാണ്. ഈ രണ്ടു കുറിയ ഇനങ്ങൾ കൂടാതെ ഇന്ത്യൻ കുറിയ ഇനം, മലേഷ്യൻ കുറിയ ഇനം, ശ്രീലങ്കൻ കുറിയ ഇനം എന്നീ ഇനങ്ങളുമായി നല്ല സാദൃശ്യമുള്ള ചെമന്ന കുറിയൻ എന്ന മറ്റൊരു കുറിയ ഇനവും, അടുത്ത കാലത്തു മാത്രം പ്രചാരത്തിൽ വന്ന ബ്രോൺസ് ഡ്വാർഫും ഗയാനയിലെ മറ്റ് കുറിയ തെങ്ങിനങ്ങളാണ്. Bronze Dwarf സുരിനാമിൽ നിന്നും വന്നതാണെന്ന് പറയുന്നു.

മിക്ക തോട്ടങ്ങളിലും തെങ്ങ് തനി വിളയാണ്. ചില തോട്ടങ്ങളിൽ ഇടവിളയായി വാഴ കൃഷിയുണ്ട്. എന്നാൽ അടുത്ത കാലത്തായി സുഗന്ധ വിളകൾ, കപ്പ തുടങ്ങിയവ തെങ്ങിന് ഇടവിളയായി കൃഷി ചെയ്യാൻ ഗവൺമെന്റ് കർഷകരെ പ്രേരിപ്പിച്ചു വരുന്നു.

ഗയാനയിൽ തെങ്ങിന് കാര്യമായ വളപ്രയോഗം ഒന്നും ഇല്ല. ജലസേചനവും ഇല്ല. (അവഗണിക്കപ്പെട്ട പല തെങ്ങിൻ തോപ്പുകളും ഗയാനയിൽ കാണാനാകും) എന്നിരുന്നാലും ഒരു തെങ്ങിൽ നിന്നും നൂറിൽ കുറയാതെ തേങ്ങ കിട്ടും. നൂറു തേങ്ങയ്ക്ക് 12 – 16 കിലോഗ്രാം ആണ് ശരാശരി കൊപ്ര ലഭ്യത.

ഗയാനയിൽ ഏറെക്കാലം അവഗണനയിലായിരുന്ന തെങ്ങു കൃഷി തിരിച്ചു വരവിന്റെ പാതയിലാണ് ഇപ്പോൾ. തെങ്ങു കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ പങ്കാളിത്തത്തോടെ നഴ്സറികൾ പലയിടത്തും ആരംഭിച്ചിട്ടുണ്ട്. ഗയാനയിൽ ഒരു ബ്രിട്ടീഷ് സംരംഭകൻ രണ്ടു വർഷം മുൻപ് തുടങ്ങിയ കമ്പനിയാണ് പൊമെറൂൺ ട്രേഡിംങ് ഇൻകോർപ്പറേറ്റഡ്. തെങ്ങിൻ തൈ ഉൽപാദനം മുതൽ കരിക്കിൻ വെള്ളം കയറ്റുമതി വരെയാണ് കമ്പനി ലക്ഷ്യമിടുന്നത്. കഴിഞ്ഞ വർഷം 70000 തെങ്ങിൻ തൈകളാണ് കമ്പനി ഉത്പാദിപ്പിച്ചത്. തുടക്കത്തിൽ പാട്ടത്തിനെടുത്ത 700 ഏക്കറിലാണ് കമ്പനി തെങ്ങു കൃഷി ഉദ്ദേശിക്കുന്നത്.

തേങ്ങ കൂടാതെ, കരിക്കിൻ വെള്ളവും ഗയാന കയറ്റുമതി ചെയ്യുന്നുണ്ട്. കരിബിയൻ അഗ്രിക്കൾച്ചറൽ റിസേർച്ച് ആൻഡ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഗുണ നിലവാരമുള്ള കരിക്കിൻ വെള്ളം ഉൽപാദിപ്പിച്ചു കയറ്റുമതി ചെയ്യുന്നതിന് ഗയാനയ്ക്ക് വേണ്ട സഹായ സഹകരണങ്ങൾ നൽകുന്നുണ്ട്. കരിക്കു വിൽക്കുന്ന നിരവധി ചെറുകിട കച്ചവടക്കാരെ തലസ്ഥാനമായ ജോർജ്ജ് ടൗണിൽ കാണുകയുണ്ടായി.

തെങ്ങിൽ കയറി തേങ്ങ ഇടുന്ന പതിവ് ഗയാനയിൽ വിരളമാണ് ! ഉയരം കൂടിയ തെങ്ങിൽ നിന്നും മൂത്തു ഉണങ്ങി വീഴുന്ന തേങ്ങ ശേഖരിച്ചു വള്ളങ്ങളിലും ചെറിയ ബോട്ടുകളിലുമായി കർഷകർ ചാപ്പയിലേക്ക് (കൊപ്രകളം) എത്തിക്കുന്നു. തെങ്ങിൻ തോപ്പുകളുടെ ഇടയിലൂടെ ഉള്ള ചെറു തോടുകളും കനാലുകളും ഇത്തരം ചരക്ക് നീക്കത്തിന് അനുയോജ്യമാണ്. തേങ്ങ തൊണ്ടോടു കൂടിയോ, പൊതിച്ചു ഉണക്കി കൊപ്ര

# നാളികേര വികസന ബോർഡിന് രാജഭാഷ കീർത്തി പുരസ്ക്കാരം





കേന്ദ്രസർക്കാരിന്റെ ഭരണഭാഷ നയം ഏറ്റവും മികച്ച രീതിയിൽ നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള 2017-18 ലെ രാജഭാഷ കീർത്തി പുരസ്ക്കാരം (മൂന്നാം സ്ഥാനം) നാളികേര വികസന ബോർഡിന് ലഭിച്ചു. ഭരണഭാഷയായ ഹിന്ദിയുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലാണ് ഈ പുരസ്ക്കാരം. ഹിന്ദി ദിനത്തോടനുബന്ധിച്ച് 14.09.2018 ൽ ന്യൂഡെൽഹിയിലെ വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട ഉപരാഷ്ട്രപതി ശ്രീ. വെങ്കയ്യ നായിഡുവിൽ നിന്ന് ബോർഡ് ചെയർമാൻ ഡോ. രാജു നാരായണ സ്വാമി ഐ എ എസ് പുരസ്ക്കാരം ഏറ്റുവാങ്ങി. കേന്ദ്ര ആഭ്യന്തരമന്ത്രി ശ്രീ രാജ്നാഥ് സിംഗ്, കേന്ദ്ര ആഭ്യന്തര സഹമന്ത്രിമാരായ ശ്രീ. കിരൺ റിജിജു, ശ്രീ. ഹംസ്‌രാജ് ഗംഗാറാം ആഹിർ എന്നിവരും മറ്റ് വിശിഷ്ട വ്യക്തികളും സന്നിഹിതരായിരന്നു.



യാക്കിയോ ഇടനിലക്കാർക്ക് വിൽക്കയാണ് മിക്ക കർഷകരുടേയും രീതി. അല്ലെങ്കിൽ വെളിച്ചെണ്ണ മില്ലുകാർക്കു നേരിട്ട് വിൽക്കും. പൊമെറോൺ റിവർ, എസേകിബോ തുടങ്ങിയ സ്ഥലങ്ങളിൽ ചില കർഷകർ തൊണ്ടിൽ നിന്നും ചകിരി നാരും, കയറും ഉത്പാദിപ്പിക്കുന്നുണ്ട്.

കുറിയ തെങ്ങുകൾ കൂടുതലുള്ള പൊമെറോൺ റിവറിൽ കരിക്കിന്റെ വില്പന പോലും ഇടനിലക്കാർ വഴിയാണ്.

തേങ്ങ ഉൽപാദനത്തിൽ മുന്നിൽ നിൽക്കുന്ന പൊമെറോൺ റിവർ, സൂപ്പർനാം,എസേകിബോ, ബെർബിസ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും രാജ്യ തലസ്ഥാനമായ ജോർജ്ടൗണിൽ കൊപ്രയോ കരിക്കോ നേരിട്ട് എത്തിക്കാനായാൽ കർഷകർക്ക് അത് ഗുണകരമാകും. പക്ഷേ അതിനു വേണ്ടി വരുന്ന കടത്തു കൂലി മിക്ക കർഷകർക്കും താങ്ങാനാകില്ല എന്നതാണ് പ്രശ്നം. ധാരാളം വൻ നദികളുള്ള ഗയാനയിൽ ചെറിയ കപ്പലുകളാണ് പ്രധാനമായും കാർഷിക ഉൽപന്നങ്ങൾ കൊണ്ട് പോകുന്നതിന് ആശ്രയം. അതുകൊണ്ട് ഉൽപന്നം പ്രാദേശികമായി തന്നെ വിറ്റഴിക്കും മിക്കവരും. സാമാന്യം നല്ല വില ലഭിച്ചു കൊണ്ടിരുന്ന തേങ്ങയുടെ വില ഈ വർഷം കുറഞ്ഞ് ഒരു തേങ്ങയ്ക്കു പത്തു രൂപ ആയതു മൂലം മിക്ക കർഷകരും വലിയ ആശങ്കയിലാണ് ഈ നാളുകളിൽ.

പൊമെറോൺ, നാഷണൽ, മഹാരാജ് എന്നിവയാണ് രാജ്യത്തെ പ്രമുഖ വെളിച്ചെണ്ണ മില്ലുകൾ. വലിയ യന്ത്ര വൽക്കരണം ഒന്നും ഈ മേഖലയിൽ ഇനിയും വന്നിട്ടില്ല. പരമ്പരാഗത രീതിയിലുള്ള എണ്ണ ഉൽപാദന രീതിയാണ് മില്ലുകൾ പിൻതുടരുന്നത്. വെർജിൻ കോക്കനട്ട് ഓയിലിനെപ്പറ്റി അടുത്തിടെയായി ഗയാനയിലെ ജനങ്ങൾക്കിടയിൽ അവബോധം ഉണ്ടായി വരുന്നുണ്ട് . പക്ഷേ വെളിച്ചെണ്ണ കൂടാതെ തേങ്ങയിൽ നിന്നും മറ്റ് മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിൽ രാജ്യം ഇപ്പോഴും പിന്നിലാണ്. ഗയാനയിലെ ഉൽപന്നം, ഓർഗാനിക് തേങ്ങ എന്ന ലേബലിൽ വിപണനത്തിന് സാധ്യതകൾ ഉണ്ടെങ്കിലും ആ വഴിക്കുള്ള നീക്കം ഒന്നും ആയിട്ടില്ല.

വെളിച്ചെണ്ണയും തേങ്ങയും ഗയാനയിൽ ആഹാരം പാചകം ചെയ്യാൻ ഉപയോഗിക്കുന്നില്ല. വെളിച്ചെണ്ണ ആരോഗ്യത്തിന് നന്നല്ല എന്നാണ് നാട്ടുകാരുടെ തെറ്റിധാരണ.

ഗയാനയിൽ തെങ്ങിന് കാറ്റു വീഴ്ച കാര്യമായിട്ടില്ല. എന്നാൽ മണ്ട ചീയൽ ചെന്നീരൊലിപ്പ് തുടങ്ങിയ രോഗങ്ങൾ ഭീഷണി ഉയർത്താറുണ്ട്. ചെമ്പൻ ചെല്ലിയും, കറുത്ത ചെല്ലിയും ആണ് പ്രധാന കീടങ്ങൾ. തെങ്ങോല പുഴുക്കളുടെയും ആക്രമണം ഉണ്ട്. ■ *(കോഴിക്കോട് ഇന്ത്യൻ സുഗന്ധവിള ഗവേഷണകേന്ദ്രത്തിൽ പ്രിൻസിപ്പൽ സയന്റിസ്റ്റായിരുന്നു ലേഖകൻ. ഫോൺ - 9496178142)*

# തെങ്ങിൻ തോപ്പിൽ ഇടവിളയായി പ്രഗതി മഞ്ഞൾ

ഡോ. പി. എസ്. മനോജ്, ഡോ. പി. രാധാകൃഷ്ണൻ
ഐ.സി. എ. ആർ – കെവികെ, ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രം, പെരുവണ്ണാമുഴി, കോഴിക്കോട്





തെങ്ങിൻ തോപ്പിലെ ഒരു പ്രധാന ഇടവിളയാണ് മഞ്ഞൾ. കേരളത്തിൽ കുറെ നാളുകളായി മഞ്ഞൾ കൃഷി കുറഞ്ഞു വരുന്നത് കൃഷി നഷ്ടമായതു കൊണ്ടാണ് എന്നു കൃഷിക്കാർ പറയുന്നു. ഈ ന്യൂനത പരിഹരിക്കാൻ കോഴിക്കോട് ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രം ഉയർന്ന ഉദ്പാദനക്ഷമതയുള്ള പുതിയ ഇനം മഞ്ഞൾ പുറത്തിറക്കിയിരിക്കുന്നു. തെങ്ങിന്റെ കീടബാധ തടയാൻ തോട്ടത്തിൽ മഞ്ഞൾ കൃഷി ഉത്തമമാണ് എന്നത്രെ നാട്ടറിവ്.

കാൻസർ ഉൾപ്പെടെ നിരവധി മാരക രോഗങ്ങൾക്ക് പ്രതിവിധിയായി ശാസ്ത്ര ലോകം ഇന്നു മഞ്ഞളിനെ വാഴ്ത്തുന്നു. മഞ്ഞളിൽ അടങ്ങിയിരിക്കുന്ന കുർക്കുമിനാണ് ഔഷധ നിർമ്മാണ രംഗത്ത് ഇന്ന് വലിയ വിപ്ലവം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഔഷധആവശ്യത്തിനു മാത്രമല്ല, പ്രകൃതിദത്ത നിറവും സത്തും വരെ മഞ്ഞളിൽ നിന്നു വേർതിരിച്ച് എടുത്ത് ഭക്ഷണാവശ്യത്തിന് ഉപയോഗിക്കുന്നുണ്ട്. ഇതെല്ലാം ചേർത്ത് മഞ്ഞളിന് അന്താരാഷ്ട്ര വിപണിയിൽ ഡിമാന്റ് ഉയർത്തുന്നു.

മഞ്ഞൾ കൃഷിയ്ക്ക് നല്ലകാലം വരുന്നു. മഞ്ഞളിന്റെ ഔഷധ ഗുണങ്ങളും ഇതിലടങ്ങിയിരിക്കുന്ന കുർകുമിൻ എന്ന രാസഘടകത്തിന്റെ രോഗാണു നശീകരണ ശേഷിയും മൂലം മഞ്ഞളിന്റെ ഉപയോഗം വർധിച്ചതാണ് കാരണം. അർബുദ കോശങ്ങളുടെ വളർച്ചയെ തടയാനുള്ള കുർകുമിന്റെ കഴിവ് ഇതിൽ പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു. കേരളത്തിൽ മഞ്ഞൾ കൃഷി കുറവായതിനാൽ ഇതിന്റെ വ്യാപനത്തിനായി വിവിധ കർമ്മ പദ്ധതികളുമായി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ മുന്നോട്ട് വന്നിരിക്കുകയാണ്. ഉയർന്ന ഉൽപാദന ക്ഷമതയും കുർക്കുമിന്റെ അളവ് കൂടുതലുമുള്ള ഇനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കേണ്ടത് ഇതിനാൽ വളരെയേറെ ശ്രദ്ധയർഹിക്കുന്നു.

ഐ.സി. എ. ആർ– ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുത്ത ഐ.ഐഎസ്. ആർ. – പ്രഗതി എന്ന മഞ്ഞൾ ഇനത്തിന് കർഷകരുടെ ഇടയിൽ വളരെപ്പെട്ടെന്ന് പ്രചാരം ലഭിച്ചു വരുന്നു. തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി കൃഷി ചെയ്യുവാൻ ഏറ്റവും ഉത്തമമായൊരു ഇനമാണ് പ്രഗതി.

## സവിശേഷതകൾ

വിളവെടുപ്പിനു വളരെ കുറഞ്ഞ കാലദൈർഘ്യം (180 ദിവസം) ഉള്ള ഈ ഇനത്തിന്റെ ശരാശരി ഉത്പാദനം ഒരു ഹെക്ടറിന് 38 ടണ്ണാണ് (പച്ച മഞ്ഞൾ). എന്നാൽ അനുകൂല സാഹചര്യങ്ങളിൽ ഹെക്ടറിന് 52 ടൺ വരെ വിളവ് നൽകുവാനുള്ള ശേഷിയുണ്ട്. ശരാശരി 5.02% കുർകുമിൻ അടങ്ങിയിരിക്കുന്ന ഈ ഇനത്തിന് നിമാ വിരകളെ ചെറുത്തു നിൽക്കുവാനുള്ള കഴിവുമുണ്ട്.

## കൃഷി രീതി

മഞ്ഞൾ ഏകവിളയായും ഇടവിളയായും കൃഷി ചെയ്തു വരുന്നു. തെങ്ങ് അടിസ്ഥാനമാക്കിയുള്ള കൃഷി രീതിയ്ക്ക് പ്രാമുഖ്യമുള്ള കേരളത്തിൽ മഞ്ഞൾ ഇടവിളയായി വിജയകരമായി കൃഷി ചെയ്യാവുന്നതാണ്. തെങ്ങിൻ തോപ്പുകളിലെ പരിമിതമായ തണൽ മണ്ണിലെ ജലനഷ്ടം കുറയ്ക്കുന്നതോടൊപ്പം മഞ്ഞളിന്റെ വളർച്ചയ്ക്കും സഹായകരമാണ്.

മഞ്ഞൾ പ്രകന്ദങ്ങളുടെ മുകുളങ്ങളുള്ള ഭാഗങ്ങളാണ് നടുന്നതിനായി ഉപയോഗിക്കുന്നത്. ശരാശരി 20 – 25 ഗ്രാം തൂക്കവും ഒന്നോ രണ്ടോ മുകുളങ്ങളുമുള്ള കഷണങ്ങളാണ് വിത്തിനായി ഉപയോഗിക്കുന്നത്. ഒരു ഹെക്ടറിന് ഏകദേശം 2000 – 2500 കിലോ ഗ്രാം വിത്ത് വേണ്ടി വരും. രോഗ കീടബാധയില്ലാത്ത മഞ്ഞൾ വിത്ത് വേണം കൃഷിക്കു തിരഞ്ഞെടുക്കാൻ.

കാലവർഷത്തിനു മുൻപുള്ള ഒന്നോ രണ്ടോ മഴ ലഭിച്ചതിന് ശേഷം ഫെബ്രുവരി മാർച്ച് മാസങ്ങളിൽ നിലം ഒരുക്കിത്തു





ടങ്ങാം. അമ്ലത കൂടുതൽ ഉള്ള മണ്ണിൽ ഹെക്ടറിന് കുമ്മായം അല്ലെങ്കിൽ ഡോളമൈറ്റ് 500 – 1000 കിലോ ഗ്രാം ചേർത്ത് കൃഷി സ്ഥലം നല്ലവണ്ണം ഉഴുത് പൊടി പരുവമാക്കണം. വേനൽ മഴ കിട്ടുന്നതോടുകൂടി ഒരു മീറ്റർ വീതിയും 30 സെന്റി മീറ്റർ ഉയരവും ആവശ്യാനുസരണം നീളവുമുള്ള വാരങ്ങൾ എടുക്കാം. വാരങ്ങൾ തമ്മിൽ 50 സെന്റി മീറ്റർ അകലം നൽകണം.

ഏപ്രിൽ – മെയ് മാസങ്ങളിൽ വേനൽ മഴ ലഭിക്കുന്നതോടുകൂടി മഞ്ഞൾ നടാവുന്നതാണ്. വാരങ്ങളിൽ 25 സെന്റി മീറ്റർ അകലത്തിൽ നിരനിരയായി കുഴികളെടുത്ത് മുകുളം മുകൾ ഭാഗത്ത് വരുന്ന വിധം വിത്തു നടാവുന്നതാണ്. അതിനു ശേഷം ഇവ മണ്ണോ ഉണങ്ങിപ്പൊടിഞ്ഞ ചാണകപ്പൊടിയോ കൊണ്ടു മൂടേണ്ടതാണ്. മഞ്ഞൾ നട്ടതിന് ശേഷം ഉടനെ പുതയിടണം. ഇത് മണ്ണിന്റെ ഈർപ്പം നിലനിർത്തുന്നതിനും, കള നിയന്ത്രണത്തിനും സഹായിക്കുന്നു. പുതയിടൽ പിന്നീട് 45 ദിവസത്തിന് ശേഷവും 90 -ാം ദിവസവും ആവർത്തിക്കണം. ഒരു ഹെക്ടറിന് ശരാശരി 30 ടൺ പച്ചില വളം ഇതിനായി വേണ്ടി വരും. തെങ്ങോല, ശീമക്കൊന്ന പോലുള്ള പച്ചിലകൾ തുടങ്ങിയവ ഇതിനായി ഉപയോഗിക്കാം. കള നിയന്ത്രണവും ആവശ്യാനുസരണം നടത്തണം.

മണ്ണിൽ നിന്നും കൂടിയ അളവിൽ പോഷകങ്ങൾ ആഗിരണം ചെയ്യുന്ന ഒരു വിളയാണ് മഞ്ഞൾ. അതിനാൽ തന്നെ കൂടുതൽ അളവിൽ വളം നൽകണം. ജൈവവളമായി കാലിവളം, കമ്പോസ്റ്റ്, മണ്ണിരകമ്പോസ്റ്റ്, ചകിരിച്ചോർ കമ്പോസ്റ്റ്, കോഴി വളം തുടങ്ങിയവയൊക്കെ ഉപയോഗിക്കാം. ജൈവ കൃഷിയിൽ ഹെക്ടറിന് 30 ടൺ ഉണങ്ങിപ്പൊടിഞ്ഞ ചാണകവും 2 ടൺ വേപ്പിൻ പിണ്ണാക്കും 250 കിലോ ഗ്രാം റോക്ക് ഫോസ്ഫേറ്റും നടന്ന സമയത്ത് കുഴിയിലോ വാരങ്ങൾക്ക് മുകളിലായോ ചേർത്ത് കൊടുക്കണം. നട്ട് 45 ദിവസത്തിന് ശേഷം ഒരു ടൺ ചാരം 2 ടൺ കമ്പോസ്റ്റ്, 90 ദിവസത്തിന് ശേഷം 2 ടൺ മണ്ണിരകമ്പോസ്റ്റ് എന്നിവ നൽകാവുന്നതാണ്. മണ്ണിൽ പൊട്ടാസ്യത്തിന്റെ ലഭ്യത കുറവുള്ള സ്ഥലങ്ങളിൽ 250 കിലോ ഗ്രാം സൾഫേറ്റ് ഓഫ് പൊട്ടാഷ് രണ്ട് തവണകളായി 45-ാം ദിവസവും 90-ാം ദിവസവും നൽകാവുന്നതാണ്. ഓരോ വളപ്രയോഗത്തിന് ശേഷവും വാരങ്ങളിൽ മണ്ണ് കൂട്ടിക്കൊടുക്കണം. മഞ്ഞളിന് വേണ്ടിയുള്ള സൂക്ഷ്മ മൂലക മിശ്രിതം 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലയിപ്പിച്ച് 60-ാം ദിവസവും 90-ാം ദിവസവും ഇലകളിൽ തളിക്കുന്നത് വഴി ഉൽപാദനവും ഗുണമേന്മയും വർദ്ധിപ്പിക്കുവാൻ സാധിക്കും.

മഞ്ഞളിന്റെ രാസവള ശുപാർശ പാക്യജനകം, ഭാവഹം, ക്ഷാരം എന്നിവ ഹെക്ടറിന് 30 :30 :60 കിലോ ഗ്രാം എന്ന തോതിലാണ്. ഇതിൽ മുഴുവൻ ഭാവഹവും പകുതി ക്ഷാരവും നടുന്ന സമയത്തും മൂന്നിൽ രണ്ട് പാക്യ ജനകം നട്ട് 30-ാം ദിവസവും മൂന്നിൽ ഒന്ന് പാക്യ ജനകം, ബാക്കി ക്ഷാരം എന്നിവ നട്ട് 60-ാം ദിവസവും നൽകണം.

മഞ്ഞളിന്റെ കാലദൈർഘ്യം ഇനങ്ങളെ ആശ്രയിച്ചിരിക്കുന്നു. പ്രഗതി എന്നയിനം നട്ട് 6 മാസം കൊണ്ട് വിളവെടുക്കാൻ പാകമാകും. പാകമായ മഞ്ഞളിന്റെ ഇലകൾ മഞ്ഞളിച്ച് ഉണങ്ങാൻ തുടങ്ങും. ഈ സമയത്ത് വാരങ്ങൾ കിളച്ച് മണ്ണിനടിയിൽ നിന്ന് മഞ്ഞൾ ശേഖരിക്കാം. ഇവ പിന്നീട് അടുത്ത കൃഷിക്ക് നടാനായി സൂക്ഷിച്ച് വയ്ക്കുകയോ സംസ്കരിക്കരണത്തിനായി ഉപയോഗിക്കുകയോ ചെയ്യാം.

മഞ്ഞൾ കൃഷിയിൽ പൊതുവേ രോഗ കീടബാധകൾ കുറവാണ്. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നടത്തിയ പ്രദർശ കൃഷിയിൽ പ്രഗതി എന്ന ഇനത്തിൽ നിന്ന് ഹെക്ടറിന് 43 ടൺ വരെ വിളവ് ലഭിച്ചു. തെങ്ങിൻ തോപ്പുകളിലേക്ക് കൃഷി ചെയ്യുവാൻ പ്രഗതി ഉത്തമ ഇനമാണെന്ന് ഈ പ്രദർശന കൃഷിയിൽ പങ്കെടുത്തവരെല്ലാം തന്നെ സാക്ഷ്യപ്പെടുത്തുന്നു. ഈ കൃഷിയുടെ വിജയത്തെത്തുടർന്ന് കൂടുതൽ കർഷകർ പുതിയതായി കൃഷി ആരംഭിച്ചിട്ടുണ്ട്. കുറഞ്ഞ കാല ദൈർഘ്യമുള്ളതിനാൽ മെയ് മാസത്തിൽ നട്ട പ്രഗതി മഞ്ഞൾ നവംബറിൽ തന്നെ വിളവെടുത്ത് തുടർന്ന് ശീതകാല പച്ചക്കറികളും കൃഷി ചെയ്യുവാൻ സാധിക്കും. ഇതുവഴി വിളചംക്രമണവും ഉറപ്പുവരുത്താം.

സ്ഥല പരിമിതിയുള്ളവർക്ക് ഗ്രോ ബാഗിലോ പ്ലാസ്റ്റിക് ചാക്കുകളിലോ മഞ്ഞൾ വളർത്താം. ഇത്തരം ബാഗുകളിൽ മണ്ണ്, മണൽ, ചാണകപ്പൊടി 2: 1 :1 എന്ന അനുപാതത്തിൽ നിറച്ചതിന് ശേഷം ഏകദേശം 50 ഗ്രാം വലിപ്പമുള്ള വിത്തുകൾ നടാം. ഇവയ്ക്ക് പിന്നീട് മാസാമാസം, ഓരോ കിലോ വീതം കടലപ്പിണ്ണാക്കും പച്ചച്ചാണകവും 20 ലിറ്റർ വെള്ളത്തിൽ കലർത്തി ഒരാഴ്ച സൂക്ഷിച്ചശേഷം തെളിയൂറ്റി കൂടുകളിൽ ഒഴിച്ചു കൊടുത്താൽ നല്ല വളർച്ച ലഭിക്കുന്നതോടൊപ്പം മികച്ച വിളവും പ്രതീക്ഷിക്കാം. ഈ രീതിയിൽ കൃഷി ചെയ്താൽ ഒരു ചാക്കിൽ നിന്ന് ശരാശരി 2 – 2.5 കിലോ ഗ്രാം പച്ച മഞ്ഞൾ ലഭിക്കും.

കൃഷി വിജ്ഞാന കേന്ദ്രത്തിന്റേയും ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനത്തിന്റേയും തോട്ടങ്ങളിൽ പ്രഗതി മഞ്ഞൾ വിത്തുൽപാദനത്തിനായി കൃഷി ചെയ്തു വരുന്നു. അതോടൊപ്പം കർഷക പങ്കാളിത്തത്തോടെ വിത്തുൽപ്പാദനത്തിനുള്ള പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. വിത്ത് ഡിസംബർ – ജനുവരി മാസത്തോടെ വിൽപനയ്ക്ക് തയ്യാറാകും. പ്രഗതി മഞ്ഞളിന്റെ വിത്ത് ആവശ്യമുള്ളവർ ബന്ധപ്പെടേണ്ട വിലാസം

*പ്രോഗ്രാം കോർഡിനേറ്റർ, കെവികെ പെരുവണ്ണാമുഴി*
*ഫോൺ : 0496 2666041, ഇ –മെയിൽ – kvkcalicut@gmail.com, kvk@spices.res.in* ■



### മുഖമൊഴി

ഒരു നവകേരളസൃഷ്ടിയുടെ യജ്ഞത്തിലാണ് നമ്മുടെ സംസ്ഥാനം. നൂറ്റാണ്ടുകളിലൂടെ നാം പടുത്തുയർത്തിയ കാർഷിക മേഖല കഴിഞ്ഞ പ്രളയത്തിൽ തകർന്നടിയുന്നതിന് നാമെല്ലാവരും ദൃക്‌സാക്ഷികളായതാണ്. എല്ലാ ഊർജ്ജവും സംഭരിച്ച് കേരളത്തെ പുനർ നിർമ്മിക്കാനുള്ള ശ്രമങ്ങളിൽ നമുക്കും പങ്കാളികളാകാം. നമ്മുടെ പരിശ്രമങ്ങൾ ക്ലാസ് മുറികളിൽ നിന്നു തുടങ്ങാം. പുനസൃഷ്ടിക്കുള്ള പുത്തൻ ആശയങ്ങൾ പങ്കുവയ്ക്കാം. ചെറിയ മനസുകളിലാണ് പുതിയ ആശയങ്ങൾ മൊട്ടിടുക.

### പ്രകൃതിയുടെ മാറ്റങ്ങൾ വെല്ലുവിളികളാകുമ്പോൾ

ലോകം മുഴുവൻ കാലാവസ്ഥാ വ്യതിയാനത്തിന്റെ കെടുതികൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ആ സംഭവവികാസങ്ങൾ മാധ്യമങ്ങളിലൂട നാം അറിയുന്നു. അമേരിക്കയിൽ വൻ ചുഴലി കൊടുങ്കാറ്റ് ആഞ്ഞു വീശി. ഫ്ളോറിഡയും നോർത്ത് കരോളിനയും അതിന്റെ ആഘാതങ്ങൾ ഏറ്റുവാങ്ങി. ഹാവായിലും ചൈനയലും വൻകാറ്റും പ്രളയവും ഉണ്ടായി. നൂറുകണക്കിനാളുകൾക്ക് ജീവൻ നഷ്ടപ്പെട്ടു. ഒരു വലിയ പ്രളയദുരന്തത്തിന്റെ ബാക്കി നൊമ്പരം നാം ഇപ്പോഴും അനുഭവിക്കുകയാണല്ലോ. വരാനിരിക്കുന്ന നാളുകൾ ആകാംക്ഷ ഉണർത്തുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഏറ്റവും വലിയ ആഘാതം ഏറ്റുവാങ്ങുന്നത് കാർഷിക മേഖലയാണ്. അത് ആത്യന്തികമായി ബാധിക്കുക നമ്മുടെ ഭക്ഷ്യശൃംഖലയെയും. ജീവന്റെ നിലനില്പിന് ആധാരമായ ഭക്ഷണം പ്രകൃതിയുടെ ദാനമാണ് എന്നോർക്കുക. മനുഷ്യർക്ക് അഹങ്കരിക്കാൻ ഒന്നുമില്ല. അതുകൊണ്ട് ഉള്ളതു പങ്കുവയ്ക്കാനുള്ള മനോഭാവം വളർത്താൻ ശ്രമിക്കാം.



# നാളികേരത്തിന്റെ നാട്ടിലേക്ക് നാഴിയിടങ്ങഴി മണ്ണ്

കഥ

നന്ദന,
ഗേൾസ് ഹൈസ്കൂൾ, പറമ്പിൽ, കോഴിക്കോട്

ആ കടലാസ് ഭദ്രമായി മേശയിൽ വച്ച് അയാള് മാറ്റി. ഒന്നു പാളി നോക്കി. ഇയാൾ ആരാണ്. തനിക്ക് ഒരപരിചിതൻ. വെയില് കൊണ്ട് കറുത്ത് മുടിയെല്ലാം വെളുത്ത് പക്ഷേ കണ്ണിൽ തിളക്കമുള്ള ഈ മനുഷ്യൻ 2 വർഷം മുമ്പ് ഗൾഫിലെ വലിയ കമ്പനിയിലെ കണ്ണാടി കൂട്ടിലെ ചിരിക്കാനും കരയാനും മറന്ന ഗൗരവം ഫിറ്റ് ചെയ്ത പാവയിൽ നിന്നും ഏറെ മാറിയിരിക്കുന്നു. മിസ്റ്റർ വിജയനിൽ നിന്നും വിജയേട്ടനിലേക്കുള്ള മാറ്റം.....

പലരും പറഞ്ഞു ഭ്രാന്താണെന്ന്. ലക്ഷങ്ങൾ ശമ്പളമുള്ള ജോലി രാജി വച്ച് നാട്ടിലേക്ക് പുറപ്പെട്ടത്.... എല്ലാം ഇന്നലെ കഴിഞ്ഞപോലെ. നീണ്ട വർഷത്തെ പ്രവാസ ജീവിതം അങ്ങേയറ്റം മടുത്തിരുന്നു. അങ്ങനെ ഒരിക്കൽ ഒരു ദിവസം, രാത്രി, പതിവ് പോലെ മക്കൾ പാർട്ടിക്കും സജി ക്ലബ്ബിലും പോയതായിരുന്നു.

ഫ്രിഡ്ജീന്ന് പിസ എടുത്ത് ഓവനിൽ ചൂടാക്കി കഴിക്കുകയായിരുന്നു. അറിയാതെ അമ്മയുടെ ചുട്ടരച്ച മാങ്ങാച്ചമ്മന്തിയുടെ കൊതി പിടിപ്പിക്കുന്ന മണം മൂക്കിൽ ഇരച്ചു കയറി. കൂടെ കട്ട തൈരും കൂട്ടി പഴങ്കഞ്ഞി കുടിച്ചത്. കണ്ണിൽ നനവ് പടർന്ന പോലെ.... അച്ഛന്റെ മരണശേഷം അവിടേയ്ക്ക് പോയിട്ടില്ല. അതിനു സമ്മതിച്ചിട്ടു വേണ്ടേ ! പാവം അമ്മ. ആ വീട് ഭാഗം വയ്ക്കാൻ അനുജൻമാർ ധൃതി കൂട്ടുന്നുണ്ട്. ആർക്കും പഴയ വീട് വേണ്ടത്രേ. അമ്മയെയും നോക്കാൻ വയ്യത്രേ. വേണ്ട മക്കളും സുജിയും സമ്മതിച്ചില്ലെങ്കിലും തന്റെ അമ്മയെ ഇവിടേയ്ക്ക് കൊണ്ടു വരണം. കുഞ്ഞുങ്ങൾ അവരുടെ അച്ഛമ്മയെ വിരലിലെണ്ണാവുന്ന തവണയെ കണ്ടിട്ടുള്ളൂ. അതിന് അവർക്ക് എന്ത് അച്ഛമ്മ! അവർക്ക് എന്ത് രക്തബന്ധം.

വെറുതെ ഒന്ന് ഇമെയിൽ നോക്കിയതായിരുന്നു. അനിയന്റെ മെസേജ്. അവനങ്ങനെ അയക്കുന്ന പതിവില്ല.

എല്ലാ ആപ്പിലും ഉണ്ടായിട്ടും ഒരു ഹായ് പോലും അയച്ചിട്ടില്ല. അത്രയ്ക്കുണ്ട് ബന്ധങ്ങളുടെ കെട്ടുറപ്പ്. തിരക്കിട്ട് അത് തുറന്നു വായിച്ച് ദൈവമേ.. എനിക്ക് വിശ്വസിക്കാൻ പറ്റുന്നില്ല. അനിയന്റെ ചുരുക്കി എഴുത്തിൽ ഇത്രയുമായിരുന്നു പറഞ്ഞത്.

'ബ്രോ, കം ഫാസ്റ്റ്. അവർ മാം പാസ്ഡ് എവേയ്. ലെറ്റ്സ് ടെയ്ക്ക് ഡിസിഷൻ ഓൺ പാർട്ടീഷൻ'

തലമുറയായി കൈമാറി വന്ന് പുരയിടം. ഒത്ത നടുക്ക് ഇരുനില മാളിക. മുന്നിൽ വിശാലമായ കൃഷികൾ. വയൽ, പച്ചക്കറി, വാഴ അങ്ങനെ പോകുന്നു. വീടിനു പിന്നിൽ കന്നുകാലി വളർത്തലും, കോഴി വളർത്തലും സജീവം. സഹായത്തിന് ഒന്നു രണ്ട് പണിക്കാരുണ്ട്. എല്ലാം ജൈവ രീതിയിലായതു കൊണ്ട് പിടീന്ന് വിറ്റു പോകും.

'വിജയേട്ടാ, ഇങ്ങള് ഒന്നു ബരീന്ന് ആ കഞ്ഞി തണുത്തുട്ടാ'

പുറത്ത് തകർത്ത് പെയ്യുന്ന മഴയിൽ അയാൾ അലിഞ്ഞു ചേർന്നിരുന്നു. ഉമ്മറത്ത് ചാരുകസേരേല് അങ്ങനെ കിടക്കാൻ ഇമ്മിണി പുണ്യം ചെയ്യണം.

ദാ വരുന്നു. യാന്ത്രികമായ മറുപടിയിലൊതുക്കി അയാൾ കുറച്ചു നേരം കൂടെ ചുരുണ്ടു.

മഴ പെയ്യുമ്പോ പിന്നെ വിശപ്പും ദാഹവും ഇല്ല്യ. കുട്ടിക്കാലം മുതൽക്കേ ഏറ്റവും പ്രിയം ഈ മഴയോടായിരുന്നു.

തൊടിയിലെ പൂമരങ്ങളിലൂടെ മെല്ലെ പെയ്തിറങ്ങുന്ന മഴ. ചേമ്പിലയിൽ തബല കൊട്ടുന്ന മഴ. അങ്ങനെ അങ്ങനെ മഴ ഓർമ്മകൾ നീണ്ടു കിടക്കുന്നു.

ഇന്നു പക്ഷേ തന്റെ ഉള്ളിലെ നൊമ്പരമാണ് മഴയായി പെയ്യുന്നത്. അതൊ ആനന്ദകണ്ണീരോ?

ഈ ദിവസം എന്തായാലും ജീവിതത്തിലെ സംഭവ ബഹുലമായ ഒരു അധ്യായമായി.

'അല്ല വിജയേട്ടാ ഇങ്ങള് ഈടെ മണ്ണിൽ കിളക്യാ, ഒന്ന് മാറ്റൂടിന്ന്. പത്രക്കാരും ടിവീക്കാരും ഒക്കെ ഒപ്പം ഇങ്ങ് എത്തും'

അലക്കി തേച്ച് വടിപോലുള്ള ഷർട്ടിട്ട് മെമ്പർ സുഗുണൻ രാവിലെ തന്നെ വിജയേട്ടന്റൊടെക്ക് പാഞ്ഞു വന്ന്.

'എന്താപ്പം, അതിന് ഇടെണ്ടായെ? '

'ഇങ്ങളെന്ത് മൻഷ്യനാണേ, ഇങ്ങക്ക് കൃഷിക്ക് അവാർഡ് കിട്ടിത് നാട്ടാരൊക്കെ അറിഞ്ഞിട്ടും ഇങ്ങളറിഞ്ഞില്ല്യാച്ചാല്'

'ഇനിക്ക്യോ....'

'പിന്നെ ഇനിക്ക്യോ. പോയി മാറ്റ്യൂടിന്ന്'

വിജയൻ വേഗം മുറ്റത്തേയ്ക്ക് കയറി. പെട്ടെന്ന് പോസ്റ്റ്മാൻ മനോജ് വന്നു കേറി.

'അവാർഡ് അടിച്ചത് ഞങ്ങളൊക്കെ അറിഞ്ഞിട്ടോ, ചിലവിണ്ട്. പിന്നെ ദാ ഇതൊന്ന് ഒപ്പിട്ട് മേടിച്ചോളി.'

താൻ പ്രതീക്ഷിച്ചിരുന്നതു തന്നെ. വിജയന്റെ മുഖം മങ്ങിയതിന്റെ കാരണം തിരക്കാൻ നിൽക്കുമ്പോഴേക്കും അയാൾ അതുമായി അകത്തു കയറി.

സജിത ഇന്നലെ വിളിച്ചപ്പം സൂചിപ്പിച്ചതാണ്. മണ്ണു ചേറുള്ള ഈ ജീവിതം അവൾക്ക് പറ്റില്ലാന്ന് അറിയാവുന്നതല്ലേ. മനസ്സുകൊണ്ട് തീർച്ചപ്പെടുത്തിതുമാണ്. ഇനി കരയേണ്ട കാര്യല്ല്യ.



**നാളികേര വികസന ബോർഡും മാതൃഭൂമി വിദ്യയും സംയുക്തമായി നടത്തിയ സാഹിത്യ മത്സരത്തിൽ കോഴിക്കോട് ജില്ലയിൽ നിന്നു സമ്മാനാർഹമായ കഥ**

# ഉയരാം വേരുകൾ മറക്കാതെ

**ധർമ്മിക എം. ശങ്കർ**
സെന്റ് ജോസഫ്സ് ആംഗ്ലോ ഇന്ത്യൻ ഗേൾസ് ഹയർ സെക്കന്ററി സ്ക്കൂൾ, കോഴിക്കോട്

**നാളികേര വികസന ബോർഡും മാതൃഭൂമി വിദ്യയും സംയുക്തമായി നടത്തിയ സാഹിത്യ മത്സരത്തിൽ കോഴിക്കോട് ജില്ലയിൽ നിന്നു സമ്മാനാർഹമായ ലേഖനം**

കേര നിരകളാൽ സമൃദ്ധമായ കേരള മണ്ണിലെ ഓരോ കേരളീയനും അഭിമാന പൂർവ്വം പാടുന്ന പാട്ടാണ്,

നാളികേരത്തിന്റെ നാട്ടിലെനി-

ക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട്. എന്നത്.

ഈ വരികളിൽ കൂടി തന്നെ കേരളവും കേരവും ഒപ്പം തന്നെ കേരളീയരായ നമ്മൾ മലയാളികളും തമ്മിലുള്ള ദൃഢമായ ബന്ധം മനസ്സിലാകും.

ഏറെ സവിശേഷമായ ഒരു സാമൂഹിക ചുറ്റുപാടിലാണ് നാം ഇന്ന് നമ്മുടെ ജീവിതം നയിച്ചു കൊണ്ടിരിക്കുന്നത്. കേര വൃക്ഷങ്ങളാൽ സമ്പുഷ്ടമായ നാടായിട്ടാണ് കേരളം അറിയപ്പെടുന്നതു തന്നെ. ഒരു സാധാരണ മലയാളിയുടെ ജീവിതത്തിൽ ഒഴിച്ചു കൂടാനാവാത്ത വിധം കേരവും കേര ഉത്പന്നങ്ങളും സ്വാധീനം വഹിക്കുന്നുണ്ട്. വെളിച്ചെണ്ണ മുതൽ ചകിരി ഉൽപന്നങ്ങളും, കയറുമെല്ലാം കേര വൃക്ഷത്തിന്റെ സംഭാവനകളാണ്. കേരളത്തിലെ ജനജീവിതം സുഗമമാക്കാൻ കേരം വഹിക്കുന്ന പങ്ക് അതിനാൽ തന്നെ വളരെ വലുതാണ്. എന്നാലിന്ന്, വളർന്നു വരുന്ന തലമുറയ്ക്ക് കേര സ്നേഹിയായ കേരളീയനെ കാണിച്ചു കൊടുക്കുന്നതിനേക്കാൾ കടുപ്പം വേറെയൊന്നുമില്ല. ഉയരങ്ങൾ കീഴടക്കുന്തോറും വേരുകൾ മറന്ന് പ്രകൃതി വിരോധിയായിക്കൊണ്ടിരിക്കുന്നു ഇന്നത്തെ മനുഷ്യരിൽ നമ്മൾ കേരളീയരുംചേരുന്നു. വളർത്തി വലുതാക്കിയ നാടിന്റെ മൂല്യങ്ങൾക്കു പോലും നാം ഇന്ന് ഒരു വിലയും കൽപ്പിക്കുന്നില്ല. അങ്ങനെ നാം മുന്നോട്ടു പോകുന്നത് ആശങ്കാജനകമായ ഒരു ഭാവിയിലേക്കുള്ള സൂചനകൂടിയാണ് നൽകുന്നത്. കാരണം, കേരളത്തിനെ അടുത്തറിയണമെങ്കിൽ ആദ്യം അറിയേണ്ടത്. നമ്മുടെ സംസ്ഥാനത്തിന്റെ പൈതൃകത്തെക്കുറിച്ചാണ്. എന്നാൽ കേരള ചരിത്രം വച്ചു നോക്കുമ്പോൾ മായ്ക്കാനാവാത്ത മുദ്ര അതിൽ കൽപ വൃക്ഷങ്ങൾക്കുണ്ട്.

കേരം വരുമാനമാർഗ്ഗമാക്കി ജീവിച്ചിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു കേരളത്തിൽ. ഒരു കുടുംബത്തിലെ എല്ലാവരും അങ്ങനെ കേര കൃഷിയെ മാത്രം ആശ്രയിച്ചു ജീവിച്ചു. തെങ്ങിനെയും തേങ്ങയേയും അവർ സ്നേഹിച്ചു. കേരം ജനപ്രിയമായി മാറി. ആ സമയത്ത് കേര വൃക്ഷത്തെ മഹാലക്ഷ്മിയുടെ പ്രതീകമായാണ് കണ്ടിരുന്നത്. ഒരു കുടുംബത്തിലേക്കു മൊത്തം സമൃദ്ധി പ്രദാനം ചെയ്യുന്നതു കൊണ്ടായിരുന്നു അത്.

---

ദൈവമേ അമ്മയുടെ മരണം. അത് ഇത്രയ്ക്ക് വികാര ശൂന്യമായിട്ട് വന്ന് എങ്ങനെ പറയാൻ കഴിഞ്ഞു. എന്തോ വൈരുദ്ധ്യമെന്നപോലെ തൽസമയം കാതിൽ മുഴങ്ങിയത് ഈ പാട്ടായിരുന്നു. പ്രവാസ ജീവിതത്തിലുടനീളം എന്നെ കൊതിപ്പിച്ച പാട്ട്.

'നാളികേരത്തിന്റെ നാട്ടിലെനിക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട്. ഒരു നാഴി ഇടങ്ങഴി മണ്ണുണ്ട്'

പിന്നെ തീരുമാനങ്ങളൊക്കെ പെട്ടെന്നായിരുന്നു. അതെ മടക്കയാത്ര എന്നെ സംബന്ധിച്ച് തീർത്ഥയാത്ര!

പ്രതീക്ഷിച്ചതു പോലെ വീട്ടുകാർ നഖശിഖാന്തം എതിർത്തു. വിജയ, പ്ലീസ് അൺഡർസ്റ്റാന്റ്. നമ്മുടെ ഇപ്പോഴത്തെ സ്റ്റാറ്റസ് അതിനൊന്നും ചേരാത്ത ആ പട്ടിക്കാട്ടിൽ .... ഓ ഓർക്കുമ്പോഴേ എനിക്ക് സഫോക്കേഷൻ വരുന്നു. വിജയ്ടെ ഡിസിഷനിൽ മാറ്റമില്ലെങ്കിൽ വൺ തിങ്ങ് ഞാനും മക്കളും ഇവിടെ തന്നെ ജീവിക്കും. ഞങ്ങക്ക് ബേങ്ക് ബാലൻസ് ഇവിടുണ്ട്.' മംഗ്ലീഷിൽ ഉള്ള പ്രസംഗം അവൾ നിർത്തി. വർഷങ്ങൾക്ക് മുന്നേ അവൾ ഒരു നിഷ്കളങ്കയായ നാട്ടിൻപുറത്തുകാരിയായിരുന്നു. എല്ലാം മാറി. എല്ലാവരും മാറി. പക്ഷേ താൻ മാത്രം. മക്കളുടെ ഭാഷയിൽ പറഞ്ഞാൽ 'അറുബോറൻ,' 'പഴഞ്ചൻ', നൊസ്റ്റാൾജിയയുമായി ജീവിക്കുന്ന അന്യഗ്രഹ ജീവി. ആവട്ടെ സമ്മതിക്കാം. നാട്ടിലെ പച്ചപ്പ് കണ്ട് വളർന്ന ഈയുള്ളവൻ മേൽ പറഞ്ഞതൊക്കെയുമാണ്.

അലനും അയനയും സുജിയുടെ പക്ഷത്തായിരുന്നു. (പണ്ടു മുതൽക്കേ) എയർപോർട്ടിൽ പോലും വരാൻ കൂട്ടാക്കില്ല്യ മൂവർ സംഘവും. നാട്ടിലെത്തിയപ്പോൾ ഒരു ഐസ് പെട്ടിയിൽ തന്നെയും കാത്ത് അമ്മയുടെ ശവശരീരമുണ്ടായിരുന്നു. അന്ത്യ കർമ്മങ്ങളൊക്കെയും കഴിഞ്ഞ് തെല്ലിടവേളയില്ലാതെ കൂടപ്പിറപ്പുകൾ ഭാഗം വെക്കുന്നതിനെപ്പറ്റിയുള്ള ചർച്ച തുടങ്ങി. എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് ആ തീരുമാനം പറഞ്ഞു. വീടും സ്ഥലവും ഞാൻ വാങ്ങാം. എല്ലാവർക്കും ഞെട്ടലായിരുന്നു. വലിയ ഫ്ളാറ്റുണ്ടാക്കി ഇരട്ടി വിലയ്ക്ക് വിൽക്കുമെന്നായിരുന്നു അവരുടെ ധാരണ പക്ഷേ....

രണ്ടു വർഷങ്ങൾ. നാട്ടുകാരുടെ പ്രിയപ്പെട്ടവനായി, അവരുടെ സ്നേഹം ആവോളം അനുഭവിച്ചു. പക്ഷേ വീട്ടുകാർക്ക് ദിനം പ്രതി അന്യനായി തീർന്നു. തന്റെ കുടുംബം കൂടുതൽ സ്വതന്ത്രമായി. കുത്തഴിഞ്ഞ ജീവിതം തുടർന്നുകൊണ്ടിരുന്നു. ഇന്നലെ നീണ്ട ഇടവേളയ്ക്ക് ശേഷം സുജിയുടെ കോൾ വന്നപ്പോൾ ഏറെ സന്തോഷിച്ചു പക്ഷേ.... അവൾക്ക് എന്നിൽ നിന്നും സ്വാതന്ത്ര്യം കിട്ടാനായിരുന്നു. ആവട്ടെ. അങ്ങനെ തന്നെയാവട്ടെ.

പകലത്തെ ബഹളത്തിൽ എല്ലാം മറന്നതായിരുന്നു. ചോദ്യങ്ങളും ഉത്തരങ്ങളും. നാട്ടുകാർ ആ ബഹളമെല്ലാം ആഘോഷമായി എടുത്തു.

എന്തിനാ വിജയേട്ടാ ഇങ്ങനെ കുത്തിരിക്കേന്ന്യേ. വന്ന് ചോറ് കയിക്കിന്ന്.

ഇടനാഴിയിൽ വച്ച മേശപ്പുറത്തിരിക്കുന്ന അവാർഡിലേക്ക് ഒന്ന് നോക്കി. പുഞ്ചിരിച്ച് അയാൾ കഞ്ഞികുടിക്കാൻ നടന്നു. ചുട്ടരച്ച ചമ്മന്തിയും കട്ടത്തൈരും കൂട്ടി ആവി പാറുന്ന കഞ്ഞികുടിക്കാൻ. റേഡിയോയിൽ ആ പാട്ടും മുഴങ്ങുന്നുണ്ടായിരുന്നു. 'നാളികേരത്തിൻെ നാട്ടിലെനിക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട്.... ഒരു നാഴിയിടങ്ങഴി മണ്ണുണ്ട്...' ■

എന്നാൽ വർഷങ്ങൾക്കിപ്പുറം ഇന്ന്, മലയാളി മനസ്സിൽ തെങ്ങും തേങ്ങയുമെല്ലാം വെറും കാഴ്ചവസ്തുവായി മാറിയിരിക്കുന്നു. പണ്ടുള്ളവർക്ക് കേരവും കേര ഉൽപന്നങ്ങളുമെല്ലാം ഒരു വികാരമായിരുന്നെങ്കിൽ ഇന്നുള്ളവർക്കത് മറ്റുള്ള മരങ്ങളെപ്പോലെ തന്നെയുള്ള ഒരു മരമായി മാറിയിരിക്കുന്നു. കേരം എന്ന് കേൾക്കുമ്പോൾ അഭിമാനപൂർവ്വം കേരളീയർക്ക് വരേണ്ട യഥാർത്ഥമായ അടുപ്പം ഇന്നുണ്ടോ എന്നു ചിന്തിക്കേണ്ട ചോദ്യം തന്നെയാണ്.

മണ്ണിലേക്കിറങ്ങാനുള്ള മടി കാരണം, മണ്ണിനെ മറക്കാൻ ശ്രമിക്കുന്നവരാണ് നമ്മളിൽ പലരും. എന്നാൽ എന്തുകൊണ്ടാണ് ഇങ്ങനെ പ്രകൃതിയിൽ നിന്ന് മനുഷ്യൻ അകലുന്നതെന്ന് നാം ഇനിയെങ്കിലും ചിന്തിക്കണം.

പണ്ടത്തെപ്പോലെ തെങ്ങു കൃഷിയെ മാത്രം ആശ്രയിക്കുന്നവന് ജീവിതം മുന്നോട്ടു കൊണ്ടു പോവാനുള്ള വരുമാനം ലഭിക്കുന്നില്ല. മാത്രമല്ല, തേങ്ങ വലിക്കാരൻ, എന്ന പേര് സമൂഹം ഇന്ന് മറ്റെല്ലാ തൊഴിലുകൾക്കും താഴെയാണ് കാണുന്നത്. അന്തസ്സും ആഭിജാത്യവും ഉള്ള വരുമാനം ലഭിക്കുന്ന തൊഴിലാഗ്രഹിക്കുന്ന ഇന്നത്തെ ജനത മറ്റ് ജോലികൾ തേടിപ്പോകുന്നു. അതുകൊണ്ടാവും കേര കർഷകരുടെ എണ്ണവും കേരളത്തിൽ കുറയുന്നു.

പണ്ടൊക്കെ ഒരു മുദ്രാവാക്യത്തിനു സമമായിരുന്നു കേര കേരളം സമൃദ്ധ കേരളം എന്ന ആശയം. കാരണം കേരം അന്ന് കേരളത്തിൽ അത്രയ്ക്കും സമൃദ്ധമായിരുന്നു. കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ വലിയ പങ്ക് വഹിക്കുകയും ചെയ്തിരുന്നു. ഒരു കാലത്ത് തേങ്ങയ്ക്ക് ഏറ്റവും കൂടുതൽ വില നൽകിയിരുന്ന ഭരണത്തെ കേരത്തിലെ ജനങ്ങൾ സ്നേഹിച്ചിരുന്നു.

എന്നാലിന്ന് കേരളീയരുടെ ജീവിതം കേര വൃക്ഷങ്ങളിൽ നിന്നകലുകയാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. കേരങ്ങളുടെ മണ്ണായ കേരളം ഇന്ന് തേങ്ങക്കായി ആശ്രയിക്കുന്നത് അന്യ സംസ്ഥാനങ്ങളെയാണ്. കേരത്തിന്റെ ആവശ്യം കേരളത്തിൽ കുറഞ്ഞിട്ടും ബാക്കി വരുന്ന ആവശ്യത്തിനു പോലും തേങ്ങ ഉൽപാദിപ്പിക്കാൻ ഇന്ന് കേരളത്തിന് കഴിയുന്നില്ല.

ആദ്യം നമ്മുടെ കാഴ്ചപ്പാടിനും മാറ്റം വരുത്തണം. എങ്ങനെ കേരളത്തെ ഒന്നു കൂടി കേര സമൃദ്ധിയിലേക്ക് കയറ്റാം എന്നു ചിന്തിക്കാം. പുതിയ ആശയങ്ങളും, സാങ്കേതിക വിദ്യകളും, ഇതിനു നമ്മെ സഹായിക്കും.

വീട്ടിൽ നിന്നു തന്നെ വെളിച്ചെണ്ണ ഉണ്ടാക്കാനുള്ള പുതിയ യന്ത്രം കണ്ടു പിടിച്ച യുവാവായിരുന്നു വാർത്തകളിൽ താരം. തെങ്ങിന്മേൽ കയറാൻ പുതിയ യന്ത്രം കണ്ടെത്തുന്നതും നമ്മുടെ കൃഷിക്കും കേര കർഷകർക്കും വലിയ ഒരു ആശ്വാസമാണ്. തേങ്ങ പൊളിക്കാനും കയർ നിർമ്മാണമേഖലയിലും പുതിയ പ്രതീക്ഷകൾ അതുകൊണ്ട് മൊട്ടിടുന്നുണ്ട്.

കേരളത്തിലെ പത്ത് തെങ്ങുകൾ ഒരുമാസം തരുന്നത് തമിഴ്നാട്ടിലെ രണ്ടു തെങ്ങുകൾ തരുമെന്ന കണക്ക് തെങ്ങുകളുടെ ഉൽപാദനത്തിനും മണ്ണിന്റെ വളക്കൂറിനും നേർക്കുള്ള ചോദ്യചിഹ്നമാണ് ഇത്. അതിനാൽ കേര കൃഷി വ്യാപകമാക്കാൻ ആദ്യം പ്രായം അധികമായി കായ്ഫലം കുറഞ്ഞ തെങ്ങുകൾ മുറിച്ചു മാറ്റി നല്ല വിളവു ലഭിക്കുന്ന തെങ്ങിൻ തൈകൾ നടണം. ഗുണമേന്മയുള്ള ഇനം തെങ്ങിൻ തൈകൾ നട്ടാൽ, വിളവ് കൂടുകയും ഗുണമേന്മയുള്ള തേങ്ങയും ഉൽപന്നങ്ങളും ലഭിക്കുകയും ചെയ്യും. മണ്ണ് പരിശോധനയിലൂടെ ആവശ്യമായ വളങ്ങൾ നൽകി തെങ്ങുകളെ പരിചരിക്കലാണ് പിന്നീടു വേണ്ടത്.

കേരവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളും ഉയർന്നാൽ മാത്രമേ, കേര കൃഷിയ്ക്കും കർഷകർക്കും വരുമാന സാധ്യത കൂടുകയുള്ളൂ.

വെളിച്ചെണ്ണയുടെ വില കൂടുന്നതും വിൽക്കുന്ന തേങ്ങയ്ക്ക് വില കിട്ടാത്തതും വളരെ വലിയ ഒരു ബുദ്ധിമുട്ടാണ്. കർഷകരുടെ അധ്വാനത്തിന് തക്കതായ വില ലഭിക്കാത്തതാണ് ഒട്ടുമിക്ക പേരെയും കേര കൃഷി വിട്ട് മറ്റ് കൃഷി മേഖലകൾ പരീക്ഷിക്കാനും വൈറ്റ് കോളർ ജോലികൾക്കു പിറകെ പോകാനും പ്രേരിപ്പിക്കുന്നത്.

സുഭിക്ഷ, കുടുംബശ്രീ പോലുള്ള സംഘടനകൾ സ്ത്രീ ശാക്തീകരണത്തോടൊപ്പം കേര മേഖലയുടെ ഉന്നമനം കൂടി മുന്നോട്ടു വയ്ക്കുന്നുണ്ട്.

കുട്ടികൾ മുതൽ ബോധവത്ക്കരിക്കപ്പെട്ടാൽ മാത്രമേ കേരവും കേരളവും സമൃദ്ധിയിലേക്കുയരുന്ന പ്രതികരണങ്ങളും പ്രവൃത്തികളും അടുത്ത തലമുറയിൽ നിന്നുണ്ടാവുകയുള്ളൂ.

വിദേശികൾ വരെ കേരളത്തിന്റെ ഏറ്റവും വലിയ മനോഹാരിതയായി പറയുന്നത് കേര വൃക്ഷങ്ങളെയാണ്. കേരളത്തിന്റെ ഈ മനോഹാരിത തന്നെയാണ് കേരളത്തിന്റെ സമൃദ്ധിയുടെ അടിസ്ഥാനവും. കേരം കേരളീയരുടെ ഒരു വികാരമാണ്. അടിത്തറയാണ്. അതുകൊണ്ട് തന്നെ കേര കൃഷിയെയും കർഷകരെയും നാം പ്രോത്സാഹിപ്പിക്കണം.

കേന്ദ്ര സർക്കാരും കേരള സർക്കാരും ഒപ്പം നിന്ന് കേര കൃഷിയെ പ്രോത്സാഹിപ്പിക്കണം. പുതുതലമുറയ്ക്കു ബോധവൽക്കരണം നൽകണം. പണ്ടത്തെപ്പോലെ കേരത്തിന് കേരളീയരുടെ ജീവിതത്തിൽ പ്രാധാന്യം കൊണ്ടു വരണം.

അങ്ങനെ ഉയരട്ടെ കേരളം സമ്പൽ സമൃദ്ധിയിലേക്ക് .... ഒപ്പം, വളരാം നമുക്ക് നമ്മുടെ പൈതൃകം മറക്കാതെ, വേരുകൾ മറക്കാതെ. ■

# ഓലപ്പന്ത്

**കെ.ബി സൗഷ,**
കേശവ വിലാസം, വടക്കൻ പറവൂർ

കുഞ്ഞനുജത്തിക്ക് അൻപോടെ
സമ്മാനിക്കാൻ ഒരുക്കീടും
ഓലപ്പന്തും പീപ്പികളും
എൻ കരവിരുതിൽ സാക്ഷ്യങ്ങൾ
പൂക്കളിറുത്തു നടക്കുമ്പോൾ
പുത്തൻ ദാവണിയണിയിമ്പോൾ
ഓണപ്പാട്ടുകൾ പാടുമ്പോൾ
തിരുവാതിര കളി മേളത്തിൻ
ശീലുകൾ ഒന്നായ് ഉയരുമ്പോൾ
ഓണത്തപ്പൻ എത്തുമ്പോൾ
ഓണസ്സദ്യക്കണയുമ്പോൾ
തേങ്ങാപ്പാലിൻ രുചിയൂറും
പ്രഥമൻ നാവിൽ നുണയുമ്പോൾ
മനസിൽ ഓർമ്മകളുണരുന്നു
വാത്സല്യത്തിൻ സാന്ത്വനമാം
ഓലപ്പന്തിൻ നല്ലോർമ്മ...



# കാലാവസ്ഥാ വ്യതിയാനത്തിലൂന്നി 48–ാമത് കൊക്കോടെക്കിന് സമാപനം




തായ്‌ലന്റിലെ ബാങ്കോക്കിലുള്ള ഹോട്ടൽ ബെർക്കിലിയിൽ 2018 ആഗസ്റ്റ് 20 മുതൽ 24 വരെ 30 രാജ്യങ്ങളിൽ നിന്നുള്ള ഔദ്യോഗിക പ്രതിനിധികൾ പങ്കെടുത്ത 48-മത് കൊക്കോടെക് സമാപിച്ചു. കേരളത്തിൽ നിന്ന് നാളികേര വികസന ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഓണാട്ടുകര, വടകര നാളികേര ഉത്പാദക കമ്പനികളുടെ പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. ബോർഡിന്റെ മുൻ ചെയർമാൻ ഡോ.ബി. എൻ എസ് മൂർത്തിയും, സി.പി.സി. ആർ.ഐ ഡയറക്ടർ ഡോ. പി. ചൗഡപ്പയും പ്രത്യേക ക്ഷണിതാക്കളായി കൊക്കോടെക്കിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.




ഒരാഴ്ച്ച നീണ്ട സമ്മേളനം നാളികേര മേഖല നേരിടുന്ന വർത്തമാന കാല പ്രശ്നങ്ങളാണ് ചർച്ച ചെയ്തത്. 12 യോഗങ്ങളിലായി 52 വിദഗ്ധർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. കേരളം വൻ പ്രളയത്തിൽ മുങ്ങിയ ദിനങ്ങളായിരുന്നു അത്. ആകസ്മികമായിരിക്കാം, ക്ലൈമറ്റ് സ്മാർട്ട് കൃഷിയിലൂടെ സുസ്ഥിര വികസനം എന്നതായിരുന്നു കൊക്കോടെക്ക് സമ്മേളന പ്രമേയമായി തെരഞ്ഞെടുത്തത്. ഇന്ത്യ ഗവൺമെന്റിന്റെ ഹോർട്ടിക്കൾച്ചർ കമ്മിഷണറും നാളികേര വികസന ബോർഡ് മുൻ ചെയർമാനുമായ ഡോ.ബിഎൻഎസ് മൂർത്തിയാണ് പ്രഥമ പ്രബന്ധം അവതരിപ്പിച്ചത്. കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്നതിന് അനുയോജ്യമായ ക്ലൈമറ്റ് സ്മാർട്ട് കൃഷി പരിപാലനമുറ ഉപയോഗപ്പെടുത്തുന്നതിലുള്ള ഇന്ത്യൻ കേര വ്യവസായത്തിന്റെ പരിചയ സമ്പത്ത് (Experience of Indian coconut industry in relation to utilizing climate smart agriculture practices to increase resiliency to climate change effect ) എന്നതായിരുന്നു അദ്ദേഹം അവതരിപ്പിച്ച വിഷയം. ഇന്ത്യയിലെ പ്രമുഖ നാളികേര ഉത്പാദക സംസ്ഥാനമായ കേരളം ഗുരുതരമായ കാലാവസ്ഥാ വ്യതിയാന ആഘാതത്തിന്റെ ദിനങ്ങളിലൂടെ കടന്നു പോകുമ്പോഴാണ് കൊക്കോടെക് സമ്മേളനം നടക്കുന്നത് എന്ന് അദ്ദേഹം വ്യക്തമാക്കി. ഇന്ത്യയിലെ ചെറിയ സംസ്ഥാനമായ കേരളമാണ് രാജ്യത്ത നാളികേര ഉത്പാദനത്തിൽ 37 ശതമാനം സംഭാവന ചെയ്യുന്നത്. ഒരിക്കൽ അത് 60 ശതമാനം വരെ ഉയർന്നതാണ്. സി.പി.സി.ആർ. ഐ ശാസ്ത്രജ്ഞനായ ഡോ.പി.സുബ്രഹ്മണ്യവും പ്രബന്ധം അവതരിപ്പിച്ചു.

കർഷക കൂട്ടായ്മയിലൂടെ രൂപം കൊണ്ട ഓണാട്ടുകര കമ്പനിയുടെ വിജയം വെളിപ്പെടുത്തുന്ന ഒരു പ്രസന്റേഷൻ കമ്പനി സി.ഇ.ഒ. ഡോ. രമണി ഗോപാലകൃഷ്ണൻ കൊക്കോടെക് സമ്മേളത്തിൽ നടത്തുകയുണ്ടായി. വടകര കമ്പനി ചെയർമാൻ പ്രൊഫ. ശശീന്ദ്രനും അവതരണം നടത്തി.

നാളികേര വികസന ബോർഡ് മുൻ ഡയറക്ടർ ഇൻ ചാർജ്ജ് കൂടിയായ ഡോ. രമണി ക്ഷണിക്കപ്പെട്ട റിസോഴ്സ് സ്പീക്കറായിരുന്നു. സാമ്പത്തിക ഭദ്രത ഉറപ്പാക്കിക്കൊണ്ട് ശക്തമായ വിപണി പ്രയോജനപ്പെടുത്താൻ കർഷക കൂട്ടായ്മകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത (Why the farmers need to be mobilized to benefit from viable markets through economics of scale) എന്ന വിഷയമാണ് ഡോ.രമണി അവതരിപ്പിച്ചത്. ഇന്ത്യയിൽ നാളികേര വികസന ബോർഡിന്റെ കീഴിൽ രൂപം കൊണ്ട കാർഷികോൽപാദക സംഘടനകളുടെ ഇന്നത്തെ പ്രവർത്തനങ്ങളെക്കുറിച്ച് അവർ കൊക്കോടെക്കിൽ വിശദീകരിച്ചു.കൂടാതെ കയർ ഉൽപന്നങ്ങൾ ചിരട്ടക്കരി,



# നാളികേര വികസന ബോർഡിൽ ഹിന്ദി പക്ഷം ആചരിച്ചു



നാളികേര വികസന ബോർഡിൽ സെപ്റ്റംബർ 14 മുതൽ 28 വരെ ഹിന്ദി പക്ഷം ആചരിച്ചു. ഇതോടനുബന്ധിച്ച് സെപ്റ്റംബർ 14 ന് ബോർഡ് ആസ്ഥാനത്ത് ചേർന്ന സമ്മേളനത്തിൽ മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ.സരദിന്ദുദാസ് പക്ഷാചരണം ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ഡയറക്ടർമാരായ ശ്രീ അരവഴി, ശ്രീ. ആർ ജ്ഞാനദേവൻ, സെക്രട്ടറി ശ്രീ.ആർ. മധു എന്നിവർ പങ്കെടുത്തു. ഔദ്യോഗിക ഭാഷാ വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി എസ്.ബീന ഹിന്ദിപക്ഷാചരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. ശ്രീമതി ടി.എസ്. സംഗീത സ്വാഗതവും ഡോ.സൂര്യ പ്രത്യൂഷ് നന്ദിയും പറഞ്ഞു.

പക്ഷാചരണത്തോടനുബന്ധിച്ച് ബോർഡിലെ ജീവനക്കാർക്ക് ഹിന്ദി ഭാഷയിൽ വിവിധ മത്സരങ്ങളും നടത്തി.





ഉത്തേജിത കരി, തെങ്ങിൻ തടി എന്നീ ഭക്ഷ്യേതര ഉൽപന്നങ്ങളുടെ ഭാവിയെക്കുറിച്ചുള്ള ഒരു സെഷനിൽ ഡോ. രമണി അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

2015 ഫെബ്രുവരിയിൽ കേരളത്തിലെ 13-ാമത് കമ്പനിയായി രജിസ്റ്റർ ചെയ്യുകയും തുടർന്ന് 10 ടൺ കൊപ്ര ദൈനംദിന സംസ്ക്കരണശേഷിയുള്ള വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റു സ്ഥാപിക്കുകയും ചെയ്ത ഓണാട്ടുകര ശ്ലാഘനീയമായ പുരോഗതിയാണ് ഈ കാലയളവിൽ കൈവരിച്ചത്. ഓണാട്ടുകര ബ്രാൻഡിൽ 2017 മെയ് 28 ന് പുറത്തിറക്കിയ വെളിച്ചെണ്ണ ഗുണമേന്മയിൽ മുൻപന്തിയിലാണ്. ഉപഭോക്താക്കളുടെ സ്വീകാര്യതയിലും. ഈ ഓണം സീസണിൽ മാത്രം 25000 ലിറ്റർ വെളിച്ചെണ്ണ ആഭ്യന്തര വിപണിയിൽ വിൽക്കാൻ കമ്പനിക്കു സാധിച്ചു.

ഉരുക്കു വെളിച്ചെണ്ണ, ചമ്മന്തിപ്പൊടി, സ്വാഷ് എന്നിവയുടെ നിർമ്മാണത്തിലും കമ്പനിയുടെ ഉൽപന്ന വൈവിദ്ധ്യ വൽക്കരണ വിഭാഗം ഏർപ്പെട്ടിരുന്നു. കമ്പനിയുടെ കീഴിലുള്ള മുട്ടക്കുളം സി.പി.എസ്. ഉപോൽപന്നങ്ങളുടെ നിർമ്മാണത്തിൽ ഒരു പടി മുന്നിലാണ്. തേങ്ങാ ചിപ്സ്, അവലൂസ് പൊടി, തീയൽകൂട്ട്, ഇഞ്ചി മിക്സ്, കുക്കീസ് എന്നിങ്ങനെ പോകുന്നു അവരുടെ ഉൽപന്നങ്ങൾ. കമ്പനി വഴി വിറ്റഴിക്കപ്പെടുന്ന ഈ ഉൽപന്നങ്ങൾക്ക് വലിയ ഡിമാന്റാണ് നിലവിലുള്ളത്. ശുദ്ധമായും അതീവ ശുചിത്വം പാലിച്ചും നിർമ്മിക്കുന്ന ഉൽപന്നങ്ങൾ എന്ന നിലയിലാണ് ഇവയുടെ ഡിമാന്റ്.

102 വെളിച്ചെണ്ണ ബ്രാൻഡുകൾ ഭക്ഷ്യ സുരക്ഷാ കമ്മീഷണർ പല കാരണങ്ങളാൽ അടുത്തിടെ നിരോധിക്കപ്പെട്ടപ്പോൾ ഗുണമേന്മയിൽ മുന്നിലെത്തിയ ഓണാട്ടുകര വെളിച്ചെണ്ണയുടെ ഖ്യാതി വാനോളമുയർന്നു. ഇതുവരെ, 1,20,000 ലിറ്റർ വെളിച്ചെണ്ണയാണ് കമ്പനി വിറ്റഴിച്ചത്. വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റിന്റെ മുഴുവൻ സംസ്ക്കരണ ശേഷിയും ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഒരു നിർമ്മാണ പുരോഗതിയാണ് കമ്പനി ആസൂത്രണം ചെയ്യുന്നത്.

സമ്മേളനത്തോടനുബന്ധിച്ചു നടത്തിയ എക്സിബിഷനിലും ഓണാട്ടുകര കമ്പനിയുടെ സ്റ്റാൾ പ്രവർത്തിച്ചിരുന്നു. നീര ഉൽപന്നങ്ങൾ ഉൾപ്പെടെ നിരവധി ഭക്ഷ്യോൽപന്നങ്ങൾ സ്റ്റാളിൽ പ്രദർശിപ്പിച്ചിരുന്നത് അതിഥികളെ ആകർഷിക്കുകയും കയറ്റുമതി സാദ്ധ്യതകൾക്ക് വഴി തുറക്കുകയും ചെയ്തു.

ബാങ്കോക്കിൽ നടന്ന ഏഷ്യ പസഫിക് കോക്കനട്ട് കമ്യൂണിറ്റിയുടെ കൊക്കോടെക് സമ്മേളനത്തിൽ ഓണാട്ടുകര നാളികേര ഉത്പാദക കമ്പനിയെ പ്രതിനിധീകരിച്ച് ചെയർമാൻ ശ്രീ. കറ്റാനം ഷാജിയെ കൂടാതെ അഡ്വ. തോമസ് എം. മാത്തുണ്ണി, ശ്രീ. സദാശിവൻ, ശ്രീ. വേലഞ്ചിറ സുകുമാരൻ, ശ്രീ. ബാബുരാജ് എന്നീ ഡയറക്ടർമാരും സി.ഇ.ഒ ഡോ. രമണി ഗോപാലകൃഷ്ണനുമാണ് സമ്മേളനത്തിൽ പങ്കെടുത്തത്.



# ഒക്ടോബറിലെ വിള പരിചരണ മുറകൾ

### തൈ നടീൽ

നീർ വാർച്ച കുറഞ്ഞ താഴ്ന്ന പ്രദേശങ്ങളിൽ ഇപ്പോൾ തെങ്ങിൻ തൈകൾ നടാം. തെങ്ങിൻ തൈകൾ നട്ട കുഴികളിൽ വെള്ളം കെട്ടി നിൽക്കാതിരിക്കാൻ ആവശ്യത്തിന് നീർവാർച്ചാ സൗകര്യം ഏർപ്പെടുത്തണം.

### തൈകളുടെ ജലസേചനം

മഴ ലഭിച്ചില്ലെങ്കിൽ ഈ മാസത്തിൽ തൈകൾ നനച്ചു കൊടുക്കണം.

കാലവർഷത്തിനു ശേഷം തോട്ടത്തിൽ ആവശ്യത്തിന് ഈർപ്പം ലഭിക്കത്തക്ക വിധം മഴ കിട്ടുന്നില്ലെങ്കിൽ ഒക്ടോബറിൽ തന്നെ കായ്ക്കുന്ന തെങ്ങുകൾക്ക് ജലസേചനം നൽകാം. തടം നനയ്ക്കുന്ന രീതിയാണ് അനുവർത്തിക്കുന്നതെങ്കിൽ തെങ്ങൊന്നിന് നാലു ദിവസത്തിലൊരിക്കൽ 200–250 ലിറ്റർ വെള്ളം ലഭ്യമാക്കണം. തെങ്ങിന് അനുയോജ്യമായ ജലസേചന രീതി കണിക ജലസേചനമാണ്. (തുള്ളി നന) തെങ്ങിന്റെ ചുവട്ടിൽ നിന്നും ഒരു മീറ്റർ അകലത്തിൽ നാലിടത്തായി തടത്തിനകത്ത് ഒരടി നീളവും വീതിയും ആഴവുമുള്ള കുഴികൾ തുല്യ അകലത്തിലായി കുഴിക്കണം. മണൽ മണ്ണാണെങ്കിൽ ആറ് കുഴികൾ വേണം. കുഴികൾ ചകിരിചോറ് ഉപയോഗിച്ച്

നിറയ്ക്കുക. കണിക ജലസേചനത്തിനുപയോഗിക്കുന്ന ഡ്രിപ്പറുകൾ/ മൈക്രോട്യൂബുകൾ ഈ കുഴികളുടെ അടിഭാഗത്തെത്തുന്ന വിധം പോളിത്തീൻ കുഴലുകൾ വഴി ഇറക്കി വയ്ക്കണം. ഇങ്ങനെ ഡ്രിപ്പറുകൾ ക്രമീകരിച്ചു വയ്ക്കുന്നതുവഴി ജലസേചനത്തിനുപയോഗിക്കുന്ന വെള്ളം നഷ്ടപ്പെടുന്നത് പരമാവധി ഒഴിവാക്കാം. തെങ്ങൊന്നിന് പ്രതിദിനം 30 – 45 ലിറ്റർ വെള്ളം കണിക ജലസേചനം വഴി ലഭ്യമാക്കണം.

### വളപ്രയോഗം

ജലസേചന സൗകര്യമുള്ള തോട്ടങ്ങളിൽ രണ്ടാം ഗഡുവായി രാസവളങ്ങളുടെ നാലിലൊരു ഭാഗം സെപ്റ്റംബറിൽ നൽകിയിട്ടില്ലെങ്കിൽ ഒക്ടോബറിൽ അവ ചേർത്തു കൊടുക്കണം.

ജൂൺ മാസത്തിൽ നട്ട തെങ്ങിൻ തൈകൾക്ക് ആദ്യത്തെ രാസവള പ്രയോഗം ഒക്ടോബറിൽ നടത്താം. പ്രായമായ തെങ്ങിൻ തൈ ഒന്നിന് 100 ഗ്രാം യൂറിയ, 200 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് ,200 ഗ്രാം റോക്ക് ഫോസ്ഫേറ്റ് എന്ന തോതിൽ ചേർത്തു കൊടുക്കണം. ജലസേചന സൗകര്യമുള്ള തോട്ടങ്ങളിൽ തൈകൾക്കു നിർദ്ദേശിച്ച രാസവളങ്ങൾ നാല് തുല്യ തവണകളായി നൽകാവുന്നതാണ്.



പൊതുവായി നിർദ്ദേശിച്ച അളവിനു പകരം തെങ്ങിൻ തോട്ടത്തിലെ മണ്ണു പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിക്കുന്ന അളവിൽ വളം നാല് തുല്യ തവണകളായി നൽകാവുന്നതാണ്. ഇതാണ് അഭികാമ്യം

### ഇടയിളക്കൽ

സെപ്റ്റംബറിൽ തെങ്ങിൻ തോട്ടത്തിൽ കളനിയന്ത്രണത്തിനും ഈർപ്പം സംരക്ഷിക്കുന്നതിനുമായി ഇടയിളക്കിയിട്ടില്ലെങ്കിൽ ഒക്ടോബറിൽ ഉഴുതോ കിളച്ചോ ഇടയിളക്കൽ നടത്താം.

തെങ്ങിൻ തോട്ടത്തിൽ ഉഴവ് നടത്തുകയോ കിളക്കുകയോ ചെയ്യുമ്പോൾ തെങ്ങിൻ തടിക്ക് ക്ഷതം പറ്റാതെ സൂക്ഷിക്കണം.

### നഴ്സറി പരിപാലനം

ആവശ്യമെങ്കിൽ നഴ്സറിയിൽ നിന്നും കളകൾ നീക്കം ചെയ്യണം.

അഞ്ചു മാസം കഴിഞ്ഞിട്ടും മുളയ്ക്കാത്ത വിത്തു തേങ്ങകളുണ്ടെങ്കിൽ അവ നഴ്സറിയിൽ നിന്നും നീക്കണം.

ഉണങ്ങിയ പുല്ലോ തെങ്ങോലകളോ ഉപയോഗിച്ച് നഴ്സറിയിൽ പുതയിടണം. അതല്ലെങ്കിൽ പയറു വർഗ്ഗത്തിൽപ്പെട്ട

പച്ചിലവളച്ചെടികൾ നഴ്സറിയിൽ വളർത്തിയും പുത നൽകാം.

നഴ്സറിയിലെ തൈകൾക്ക് ജലസേചനം നൽകണം.

## പുതയിടൽ

തെങ്ങിൻ തടത്തിൽ സെപ്റ്റംബറിൽ പുതയിട്ടിട്ടില്ലെങ്കിൽ ഒക്ടോബറിൽ പുതയിടൽ നടത്തണം. തെങ്ങിൻ തോട്ടത്തിൽ തന്നെ ലഭ്യമായ ഉണങ്ങിയ തെങ്ങോലകൾ പുതയിടാനായി ഉപയോഗിക്കാം.

## സസ്യ സംരക്ഷണം

തെങ്ങിൻ തോട്ടത്തിൽ ഏതെങ്കിലും കീടമോ രോഗമോ കാണപ്പെട്ടാൽ ഉചിതമായ സസ്യ സംരക്ഷണ നടപടികൾ അനുവർത്തിക്കണം.

## കീട നിയന്ത്രണം

***കൊമ്പൻ ചെല്ലി***

തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്ന സമയത്ത് കൊമ്പൻ ചെല്ലിയെ ചെല്ലിക്കോലുപയോഗിച്ച് കുത്തിയെടുത്ത് നശിപ്പിക്കുക.

വളക്കുഴികളിലും ചെല്ലിയുടെ പുഴുക്കൾ വളരുന്ന മറ്റിടങ്ങളിലും മെറ്റാ റൈസിയം കുമിൾ തളിച്ചു കൊടുക്കുക. ചെല്ലികൾ പെരുകുന്ന ഇടങ്ങളിൽ പെരുവലം എന്ന കള സസ്യം വേരോടെ പിഴുതിടുക.

തെങ്ങിൻ തൈകളിൽ തിരി നാമ്പിനു ചുറ്റുമുള്ള മൂന്ന് ഓലക്കവിളുകളിൽ പാറ്റാഗുളിക 4 ഗ്രാം വീതം വെച്ച് മണൽ ഇട്ടു മൂടുക.

വലിയ തെങ്ങുകളിൽ തിരിനാമ്പിനു ചുറ്റുമുള്ള 3 – 4 ഓലക്കവിളുകളിൽ 250 ഗ്രാം മരോട്ടി/ വേപ്പിൻ പിണ്ണാക്ക് തുല്യ അളവ് മണലുമായി ചേർത്ത് ഇട്ടു കൊടുക്കുക.

ക്ലോറാൻ ട്രിനിലിപ്രോൾ അടങ്ങിയ പച്ച ലേബലിലുള്ള കീടനാശിനി 3 ഗ്രാം തുണിക്കിഴികളിലാക്കി തിരിനാമ്പിനു ചുറ്റുമുള്ള 3 – 4 ഓലക്കവിളുകളിൽ നിക്ഷേപിക്കുക.

***ചെമ്പൻ ചെല്ലി***

കീടബാധയേറ്റ ഭാഗം ചെത്തി മാറ്റി ഇമിഡാക്ലോപ്രിഡ് (0.02%) ഒരു മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി കീടബാധയേറ്റ ഭാഗത്തുകൂടി ഒഴിച്ചു കൊടുക്കുക.

മുൻ കരുതൽ എന്ന നിലയിൽ 1) തെങ്ങിൻ തടിയിൽ മുറിവുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. 2) കൂമ്പു ചീയൽ, കൊമ്പൻ ചെല്ലി എന്നിവയ്ക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കുക. 3) പച്ച മടലുകൾ കഴിവതും ഒരു മീറ്റർ എങ്കിലും നീട്ടി മാത്രം വെട്ടുക. 4) ചെല്ലി ബാധ കൊണ്ട് നശിച്ച തെങ്ങുകൾ വെട്ടിക്കീറിതീയിട്ടു നശിപ്പിക്കുക.

***മണ്ഡരി***

പരാഗണം കഴിഞ്ഞ 5 ഇളം കുലകളിൽ വെളുത്തുള്ളി – വേപ്പെണ്ണ – സോപ്പ് മിശ്രിതം (200 ഗ്രാം + 20 മില്ലി ലിറ്റർ + 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ അസാഡിരാക്ടിൻ (1%) 4 മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ പാമോയിൽ (200 മില്ലി ലിറ്റർ) സൾഫർ (5 ഗ്രാം) സോപ്പ് (12 ഗ്രാം) 800 മില്ലി ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി തളിക്കുക.

അസാഡിറാക്ടിൻ (1%) 10 മില്ലി ലിറ്റർ തുല്യ അളവ് വെള്ളവുമായി ചേർത്ത് വേരിലൂടെ നൽകുന്നതും ഫലപ്രദമാണ്.

***പൂങ്കുലച്ചാഴി***

വേപ്പെണ്ണ – സോപ്പ് എമൽഷൻ (0.5%) പരാഗണം കഴിഞ്ഞ കുലകളിൽ തളിക്കുക. (5 മില്ലി ലിറ്റർ വേപ്പെണ്ണ + 8 ഗ്രാം ബാർസോപ്പ് ഒരു ലിറ്റർ വെള്ളത്തിൽ)

***വെള്ളീച്ച***

രാസകീടനാശിനികളൊന്നും ഉപയോഗിക്കരുത്.

കരിംപൂപ്പൽ ഇളകിപ്പോകാൻ 1 % വീര്യത്തിൽ സ്റ്റാർച്ച് (കഞ്ഞിപ്പശ) തളിക്കുക.

അത്യാവശ്യ ഘട്ടത്തിൽ 0.5 % വീര്യത്തിൽ വേപ്പെണ്ണ എമൽഷൻ തളിക്കാം.

## രോഗനിയന്ത്രണം.

***കൂമ്പു ചീയൽ***

കൂമ്പു ചീയൽ ബാധിച്ച് അഴുകിയ ഭാഗങ്ങൾ നീക്കം ചെയ്ത് ബോർഡോ കുഴമ്പ് പുരട്ടിയ ശേഷം മഴ വെള്ളം വീഴാത്ത വിധത്തിലും എന്നാൽ വായു സഞ്ചാരം കിട്ടത്തക്ക വിധത്തിലും പോളിത്തീൻ സഞ്ചികൊണ്ട് നാമ്പ് മൂടണം.

ചുറ്റുമുള്ള തെങ്ങുകൾക്ക് ഒരു ശതമാനം വീര്യത്തിലുള്ള ബോർഡോ മിശ്രിതം തളിക്കുക.

തെങ്ങിൻ തോട്ടത്തിൽ നീർ വാർച്ച ഉറപ്പാക്കുക.

***ചെന്നീരൊലിപ്പ്***

തെങ്ങിൻ തടിയോട് ചേർത്ത് ചുവട്ടിൽ ചപ്പ് കൂട്ടിയിട്ട് കത്തിക്കുന്നത് ഒഴിവാക്കുക.

രോഗം ബാധിച്ച ഭാഗത്ത് ട്രൈക്കോഡർമ്മ ടാൽക് മിശ്രിതം കുഴമ്പു രൂപത്തിലാക്കി തേച്ച് പിടിപ്പിക്കുക.

തോട്ടത്തിൽ നീർവാർച്ചാ സൗകര്യം ഉറപ്പുവരുത്തുക.

ജൈവ വളങ്ങൾക്കൊപ്പം 5 കിലോ ഗ്രാം വേപ്പിൻ പിണ്ണാക്ക് 100 ഗ്രാം ട്രൈക്കോഡർമ്മ ചേർത്ത് ഇട്ടു കൊടുക്കുക.





***ഓല ചീയൽ***

നാമ്പോലയുടേയും അതിനു താഴെയുള്ള രണ്ട് ഓലകളുടേയും അഴുകിയ ഭാഗങ്ങൾ നീക്കം ചെയ്ത് നശിപ്പിക്കുക. അതിനു ശേഷം ഹെക്സാകൊണാസോൾ 5 ഇ.സി. 2 മി.ലി. 300 മില്ലി ലിറ്റർ വെള്ളത്തിൽ കലക്കി നാമ്പോലയുടെ കവിളിൽ ഒഴിച്ചു കൊടുക്കുക. അല്ലെങ്കിൽ സ്യൂഡോമോണാസ് ഫ്ളൂറസൻസ്, ബാസിലസ് സബ്ടിലിസ് ടാൽക് മിശ്രിതം 50 ഗ്രാം 500 മില്ലി ലിറ്റർ കലക്കി ഒഴിച്ചു കൊടുക്കുക.

***തഞ്ചാവൂർ വാട്ടം***

രോഗം ബാധിച്ച് പൂർണ്ണമായും നശിച്ച തെങ്ങുകൾ വേരോടെ പിഴുതു നശിപ്പിക്കുക.

രോഗം ബാധിച്ച തെങ്ങിനു ചുറ്റും 60 സെ.മീ. ആഴത്തിലും 30 സെന്റി മീറ്റർ വീതിയിലുമായി കിടങ്ങ് കുഴിച്ച് മറ്റു തെങ്ങുകളിലേക്ക് രോഗം പടരുന്നത് തടയുക.

ട്രൈക്കോഡർമ്മ ചേർത്ത വേപ്പിൻ പിണ്ണാക്ക് തെങ്ങൊന്നിന് 5 കി ലോ ഗ്രാം എന്ന തോതിൽ ചേർത്തു കൊടുക്കുക. തെങ്ങിൻ തടം നനച്ചു കൊടുക്കുകയും ഓലകളും ചപ്പു ചവറുകളുമുപയോഗിച്ച് പുതയിടുകയും ചെയ്യുക.

*തയ്യാറാക്കിയത്: ഡോ. സി. തമ്പാൻ, ഡോ. പി. സുബ്രഹ്മണ്യം, സി.പി.സി.ആർ.ഐ, കാസർഗോഡ്* ■

# കമ്പോള അവലോകനം - ആഗസ്റ്റ് 2018

## ആഭ്യന്തര വില നിലവാരം

**വെളിച്ചെണ്ണ**

കേരളത്തിലെ മൂന്നു വിപണികളിലും 2018 ഓഗസ്റ്റ് മാസം വെളിച്ചെണ്ണ വിലയിൽ സമ്മിശ്ര പ്രവണതയാണ് കാണാൻ സാധിച്ചത്. എല്ലാ വിപണികളിലും മാസത്തിന്റെ ആദ്യ രണ്ടാഴ്ച്ച വിലയിൽ മാന്ദ്യമായിരുന്നു. പിന്നീട് വില ഉയർന്നു. കൊച്ചിയിലും ആലപ്പുഴയിലും ക്വിന്റലിന് 18300 രൂപയിലും, കോഴിക്കോട്ട് 18800 രൂപയിലുമാണ് വ്യാപാരം ആരംഭിച്ചത്. മാസാവസാനം വിപണി ക്ലോസ് ചെയ്തപ്പോൾ, കൊച്ചിയിലും ആലപ്പുഴയിലും 17800 രൂപയ്ക്കും, കോഴിക്കോട് മാർക്കറ്റിൽ 18700 രൂപയ്ക്കുമാണ് വ്യാപാരം അവസാനിച്ചത്. വ്യാപാരം അവസാനിച്ചപ്പോൾ കൊച്ചിയിലും ആലപ്പുഴയിലും ക്വിന്റലിന് 500 രൂപയുടെയും കോഴിക്കോട്ട് 100 രൂപയുടെയും വീതം നഷ്ടമാണ് രേഖപ്പെടുത്തിയത്.

തമിഴ് നാട്ടിലെ കാങ്കയം വിപണിയിലും കഴിഞ്ഞ മാസം വെളിച്ചെണ്ണവിലയിൽ സമ്മിശ്ര പ്രവണതയായിരുന്നു. ക്വിന്റലിന് 16000 രൂപയിൽ ആരംഭിച്ച വെളിച്ചെണ്ണ വ്യാപാരം 667 രൂപ നഷ്ടത്തിൽ 15333 രൂപയിൽ ക്ലോസ് ചെയ്തു. ജൂലൈ മാസത്തിൽ പ്രധാന വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 1 ൽ:




പട്ടിക 1 : വെളിച്ചെണ്ണയുടെ വാരാന്ത്യ ശരാശരി വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01.08.2018 | 18300 | 18300 | 18800 | 16000 |
| 05.08.2018 | 18100 | 18100 | 18700 | 15667 |
| 12.08.2018 | 17300 | 17400 | 18000 | 15000 |
| 19.08.2018 | 17000 | 17000 | 18200 | 15133 |
| 26.08.2018 | 17600 | 17600 | 18550 | 16000 |
| 31.08.2018 | 17800 | 17800 | 18700 | 15333 |




**ഭക്ഷ്യയോഗ്യമായ കൊപ്ര**

രാജാപൂർ കൊപ്രയുടെ വ്യാപാരം കോഴിക്കോട് വിപണിയിൽ കഴിഞ്ഞ മാസം ക്വിന്റലിന് 18000 രൂപയിൽ ആരംഭിച്ചു. ഓഗസ്റ്റ് ആദ്യവസാനം വിലയിൽ ചാഞ്ചാട്ടമാണ് അനുഭവപ്പെട്ടത്. വില ഉയർന്ന് മാസ അവസാനം 19500 രൂപയിലാണ് വിപണി ക്ലോസ് ചെയ്തത്. നേട്ടം ക്വിന്റലിന് 1500 രൂപ. ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 2 ൽ:

പട്ടിക 2 : ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ)

| | |
|---|---|
| 01.08.2018 | 18000 |
| 05.08.2018 | 18500 |
| 12.08.2018 | 18000 |
| 19.08.2018 | 19000 |
| 26.08.2018 | 19600 |
| 31.08.2018 | 19500 |

**ആട്ടു കൊപ്ര**

ആട്ടു കൊപ്രയുടെ വ്യാപാരം കഴിഞ്ഞ മാസം കൊച്ചിയിൽ ക്വിന്റലിന് 11900 രൂപയിലും ആലപ്പുഴയിൽ 1800 രൂപയിലും, കോഴിക്കോട് 11900 രൂപയിലുമാണ് ആരംഭിച്ചത്. കേരളത്തിലെ ഈ മൂന്നു വിപണികളിലും കൊപ്ര വിലയിൽ കഴിഞ്ഞ മാസത്തിലെ ആദ്യ രണ്ടാഴ്ച മാന്ദ്യ പ്രവണതയും പിന്നീട് നേരിയ ഉണർവുമാണ് അനുഭവപ്പെട്ടത്. വിപണി ക്ലോസ് ചെയ്യുമ്പോൾ കൊച്ചിയിൽ ക്വിന്റലിന് 11550 രൂപയും ആലപ്പുഴയിൽ 11550 രൂപയും, കോഴിക്കോട് 11550 രൂപയുമായിരുന്നു വില. അതായത് കൊച്ചിയിലും, കോഴിക്കോട്ടും ക്വിന്റലിന് 350 രൂപയും ആലപ്പുഴയിൽ 300 രൂപയും വീതം നഷ്ടത്തിലാണ് വായാപാരം അവസാനിച്ചത്. തമിഴ് നാട്ടിലെ കാങ്കയം നാളികേര വിപണിയിൽ ക്വിന്റലിന് 10500 രൂപയിൽ ആരംഭിച്ച വ്യാപാരം 10500 രൂപയിൽ തന്നെ അവസാനിച്ചു. കേരളത്തിലെ വിവിധ കമ്പോളങ്ങളിൽ ആട്ടു കൊപ്രയുടെ വാരാന്ത്യ വില നിലവാരം പട്ടിക 3 ൽ:

| പട്ടിക 3 : ആട്ടുകൊപ്രയുടെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ) | | | | |
|---|---|---|---|---|
| | കൊച്ചി | ആലപ്പുഴ (രാശി കൊപ്ര) | കോഴി ക്കോട് | കാങ്കയം |
| 01.08.2018 | 11900 | 11800 | 11900 | 10500 |
| 05.08.2018 | 11800 | 11650 | 11750 | 10500 |
| 12.08.2018 | 11250 | 11350 | 11100 | 10000 |
| 19.08.2018 | 11100 | 11100 | 11250 | 10100 |
| 26.08.2018 | 11450 | 11400 | 11500 | 10600 |
| 31.08.2018 | 11550 | 11500 | 11550 | 10500 |



**ഉണ്ട കൊപ്ര**

കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ 2018 ഓഗസ്റ്റിൽ ഉണ്ട കൊപ്രയുടെ വിലയിൽ സമ്മിശ്ര പ്രവണതയാണ് രേഖപ്പെടുത്തിയത്. ക്വിന്റലിന് 16900 രൂപയിൽ ആരംഭിച്ച വ്യാപാരം മാസാവസാനം ക്വിന്റലിന് 400 രൂപ നഷ്ടത്തിൽ 16500 രൂപയിൽ അവസാനിച്ചു. ഉണ്ട കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 4 ൽ :



| പട്ടിക 4 : ഉണ്ട കൊപ്രയുടെ വാരാന്ത്യവില തിപ്തൂർ വിപണിയിൽ (ക്വിന്റലിന് രൂപയിൽ) | |
|---|---|
| 01.08.2018 | 16900 |
| 05.08.2018 | 16900 |
| 12.08.2018 | 16500 |
| 19.08.2018 | 16300 |
| 26.08.2018 | 16500 |
| 31.08.2018 | 16500 |

**കൊട്ട തേങ്ങ**

കോഴിക്കോട് വിപണിയിൽ കൊട്ട തേങ്ങയുടെ വിലയിൽ 2018 ഓഗസ്റ്റ് മാസത്തിൽ സമ്മിശ്ര പ്രവണതയാണ് രേഖപ്പെടുത്തിയത്. ക്വിന്റലിന് 9950 രൂപയിൽ ആരംഭിച്ച വ്യാപാരം മാസാവസാനം വരെ ഏതാണ്ട് ആ വില നിലനിർത്തയ ശേഷം നേരിയ തോതിൽ ഉയർന്ന് 9960 രൂപയിൽ അവസാനിച്ചു. കൊട്ടത്തേങ്ങയുടെ വാരാന്ത്യ വില നിലവാരം പട്ടിക 5 ൽ:



| പട്ടിക 5 : കൊട്ട തേങ്ങയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ ) | |
|---|---|
| 01.08.2018 | 9950 |
| 05.08.2018 | 9950 |
| 12.08.2018 | 9950 |
| 19.08.2018 | 9950 |
| 26.08.2018 | 9950 |
| 31.08.2018 | 9960 |



**നാളികേരം**

നെടുമങ്ങാട് വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വില 2018 ഓഗസ്റ്റ് ആദ്യം ആയിരത്തിന് 17000 രൂപയ്ക്ക് ആരംഭിച്ച്, മാസം മുഴുവൻ ആ വില നിലനിർത്തി. തമിഴ്നാട്ടിലെ പൊള്ളാച്ചി വിപണിയിൽ 13000 രൂപയിൽ ആരംഭിച്ച നാളികേര വ്യാപാരം ഒന്നു മന്ദീഭവിച്ചശേഷം വീണ്ടും ഉയർന്നു. ബാംഗ്ളൂർ നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വ്യാപാരം ആയിരത്തിന് 19000 രൂപയിൽ ആരംഭിച്ച് 24000 രൂപയ്ക്കു ക്ലോസ് ചെയ്തു. മംഗലാപുരം നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച ഗ്രേഡ്-1 നാളികേര വ്യാപാരം കഴിഞ്ഞ മാസം ആയിരത്തിന് 25000 രൂപയ്ക്ക് ആരംഭിച്ച് ആ വില തന്നെ മാസാവസാനം വരെ നിലനിർത്തി. വിവിധ കമ്പോളങ്ങളിൽ നാളികേരത്തിന്റെ വാരാന്ത്യ വിലനിലവാരം പട്ടിക 6 ൽ:

| പട്ടിക 6 : ഭാഗികമായി തൊണ്ടുരിഞ്ഞ നാളികേരത്തിന്റെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ആയിരത്തിന്) | | | | |
|---|---|---|---|---|
| | നെടുമങ്ങാട് | പൊള്ളാച്ചി | ബംഗളുരു | മംഗലാപുരം (ഗ്രേഡ് 1) |
| 01.08.2018 | 17000 | 13000 | 19000 | 25000 |
| 05.08.2018 | 17000 | 13000 | 21000 | 25000 |
| 12.08.2018 | 17000 | 12000 | 22000 | 25000 |
| 19.08.2018 | 17000 | 12000 | 24000 | 25000 |
| 26.08.2018 | 17000 | 13000 | 24000 | 25000 |
| 31.08.2018 | 17000 | 13000 | 24000 | 25000 |

# അന്താരാഷ്ട്ര വില നിലവാരം

**വെളിച്ചെണ്ണ**

കഴിഞ്ഞ മാസം, അന്താരാഷ്ട്ര വിപണികളിൽ വിലയിൽ നേരിയ ഉണർവാണ് പ്രകടമായത്. അതെ സമയം മുഖ്യ വെളിച്ചെണ്ണ ഉത്പാദക രാജ്യങ്ങളായ ഫിലിപ്പീൻസിലും ഇന്തോനേഷ്യയിലും,വിലയിൽ സമ്മിശ്ര പ്രവണതയായിരുന്നു. വിവിധ അന്താരാഷ്ട്ര ആഭ്യന്തര വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 8 ൽ:

| പട്ടിക 8 : വെളിച്ചെണ്ണ ഉത്പാദക രാജ്യങ്ങളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | അന്താരാഷ്ട്ര വില നിലവാരം | ആഭ്യന്തര വില നിലവാരം | | |
| | ഫിലിപ്പൈൻസ്/ ഇൻഡോനേഷ്യ (സി.ഐ.എഫ് യൂറോപ്പ്) | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ഇൻഡ്യ* |
| 04.08.2018 | 893 | 880 | 882 | 2255 |
| 11.08.2018 | 903 | 850 | 853 | 2159 |
| 18.08.2018 | 905 | 880 | 878 | 2179 |
| 25.08.2018 | 928 | 883 | 883 | 2303 |

*കാങ്കയം

**തേങ്ങ**

പ്രമുഖ നാളികേര ഉത്പാദക രാജ്യങ്ങളായ ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക, ഇന്ത്യ എന്നീ രാജ്യങ്ങളിലെ നാളികേര വിപണികളിലെ ആഭ്യന്തര വില നിലവാരം പട്ടിക 9 ൽ :

| പട്ടിക 9 : നാളികേരത്തിന്റെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
| 04.08.2018 | 554 | 456 | 1233 | 1512 |
| 11.08.2018 | 539 | 465 | 1233 | 1440 |
| 18.08.2018 | 551 | 452 | 1233 | 1454 |
| 25.08.2018 | 558 | 451 | 1217 | 1526 |

*പൊള്ളാച്ചി

**കൊപ്ര**

പ്രധാനപ്പെട്ട നാളികേര ഉത്പാദക രാജ്യങ്ങളായ ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ഇന്ത്യ എന്നീ വിപണികളിൽ കൊപ്രയുടെ വിലയിൽ സമ്മിശ്ര പ്രതികരണമാണ് കഴിഞ്ഞ മാസം രേഖപ്പെടുത്തിയത്. അതെ സമയം ശ്രീലങ്കൻ വിപണിയിൽ വില അല്പം ഉയർന്നു. വിവിധ ആഭ്യന്ത്ര വിപണികളിലെ കൊപ്രയുടെ വാരാന്ത്യ അന്താരാഷ്ട്ര വില നിലവാരം പട്ടിക 10 ൽ :



| പട്ടിക 10 : കൊപ്ര ഉത്പാദക രാജ്യങ്ങളിലെ കൊപ്രയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
| 04.08.2018 | 125 | 128 | 284 | 410 |
| 11.08.2018 | 125 | 127 | 284 | 389 |
| 18.08.2018 | 125 | 128 | 192 | 396 |
| 25.08.2018 | 124 | 128 | 199 | 432 |

*കാങ്കയം



ഇന്ത്യൻ നാളികേര ജേണലിന്റെ വായനക്കാരായ വീട്ടമ്മമാർക്കു വേണ്ടിയുള്ള പംക്തി - കേരപാചകം. നാളികേരവും കരിക്കും തേങ്ങാപ്പാലും മറ്റും മുഖ്യ ചേരുവയായി ഉപയോഗിച്ച് തയാറാക്കുന്ന വിഭവങ്ങളാണ് ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത്. പാചക വിദഗ്ധനും നെടുമ്പാശേരി ഫ്‌ളോറ എയർപോർട്ട് ഹോട്ടലിലെ എക്സിക്യൂട്ടിവ് ഷെഫുമായ റോയ് ജോസഫ് പോത്തനാണ് വായനക്കാർക്കുവേണ്ടി ഈ പാചകക്കുറിപ്പുകൾ തയാറാക്കുന്നത്. ബൊൺസൈഡെ ഹൗസ് എഡിൻബർഗ്, കൊച്ചിയിലെ വൈറ്റ് ഫോർട്ട്, അവന്യു റിജന്റ്, താജ് മലബാർ തുടങ്ങിയ ഹോട്ടലുകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള റോയിക്ക് ഈ മേഖലയിൽ 25 വർഷത്തെ പരിചയമുണ്ട്. ഏഷ്യാനെറ്റ്, ജീവൻ,അമൃത തുടങ്ങിയ ചാനലുകളിൽ പാചക പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. കോട്ടയം ജില്ലയിലെ വെളിയന്നൂർ സ്വദേശിയാണ്.

ഫോൺ - 9495325526 ,8157994173

# കരിക്ക് തോരൻ



കടപ്പാട്:
FLORA

### ആവശ്യമായ ചേരുവകൾ

കരിക്ക് - 1 (നന്നായി അരിഞ്ഞു ചെറുതാക്കിയത്)
ചെറിയ ഉള്ളി - 4 (നന്നായി അരിഞ്ഞു ചെറുതാക്കിയത്)
പച്ചമുളക് - 2-3
മഞ്ഞൾ പൊടി - 1/ 4 ടീ സ്പൂൺ
വെർജിൻ വെളിച്ചെണ്ണ - 2 ടീ സ്പൂൺ
ഉപ്പ് - ആവശ്യത്തിന്
കറിവേപ്പില - കുറച്ച്
ചിരകിയ തേങ്ങ - 1/ 3 കപ്പ്
ജീരകം - 1 ടീ സ്പൂൺ

### താളിക്കാൻ

വെളിച്ചെണ്ണ - 1 ടീ സ്പൂൺ
കടുക് - 1 ടീ സ്പൂൺ
കറിവേപ്പില - കുറച്ച്

### തയാറാക്കുന്ന വിധം

കരിക്ക് നന്നായി അരിഞ്ഞ് ചെറുതാക്കുക
ചിരകിയ തേങ്ങയും ജീരകവും ഒന്ന് ചെറുതായി മിക്സിയിലോ അരകല്ലിലോ ഒതുക്കുക
ചെറിയ ഉള്ളി,പച്ചമുളക്, മഞ്ഞൾ പൊടി, കറിവേപ്പില, തേങ്ങയും ജീരകവും ഒതുക്കിയത് , രണ്ടു ടീസ്പൂൺ വെർജിൻ എണ്ണ, ഉപ്പ് എല്ലാം ഒരു പാത്രത്തിലാക്കി കൈകൊണ്ട് തിരുമ്മി യോജിപ്പിക്കുക.
ഒരു പാനിൽ വെളിച്ചെണ്ണ ചൂടാക്കി, കടുക് മൂപ്പിക്കുക. അത് പൊട്ടി തുടങ്ങുമ്പോൾ കറിവേപ്പില ചേർത്ത്, നേരത്തെ ഇളക്കി യോജിപ്പിച്ച ചേരുവകൾ കൂടി വറവിലേയ്ക്കു ചേർക്കുക. അല്പം വെള്ളം തളിച്ച ശേഷം പാൻ മൂടി വച്ച് അല്പ സമയം ചെറിയ തീയിൽ കറിക്കൂട്ട് മൃദുവാകുന്നതു വരെ വേവിക്കുക.
അടപ്പുമാറ്റി ശേഷം തീ കെടുത്തി, കറി ഒരു സർവിംങ് ഡിഷിലേയ്ക്കു മാറ്റുക